# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.2, May 2017 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# ഒരുമയുടെ നിറവിൽ ബി.എം.സി.സി

'ക്രിസ്തുവിൽ ഒന്ന്' എന്ന ആപ്തവാക്യം ഉയർത്തി 1958-ൽ ഉടലെടുത്ത പ്രസ്ഥാനമാണ് ബി.എം.സി.സി(ബഹ്റിൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ). പിതാക്കന്മാർ തുടങ്ങിവെച്ച കൂട്ടും കൂട്ടായ്മയും തലമുറകൾ ഏറ്റെടുത്ത് നിറംമങ്ങാതെ മുന്നോട്ട് കൊണ്ടുപോകുന്നു എന്നുള്ളത് മാതൃകാപരം തന്നെ.ബി.എം.സി.സി എല്ലാ വർഷവും നടത്തിവരാറുള്ളതുപോലെ ഒരു ഫാമിലി ഗെറ്റ് റ്റുഗദർ മെയ് 1-ാം തീയതി സെന്റ് ക്രിസ്റ്റഫർ ചർച്ചിന്റെ എ.എം ഹാളിൽവെച്ച് നടന്നു. രാവിലെ 9:15 ന് ബ്രദർ ജേക്കബ് മാത്യു പ്രാർത്ഥിച്ചാരംഭിച്ച മീറ്റിംഗ് ദൈവമക്കളുടെ പങ്കാളിത്തം കൊണ്ട് വ്യത്യസ്തമായ അനുഭവമായിരുന്നു. ആരാധനയ്ക്ക് പാസ്റ്റർ ബോസ് വർഗീസ് നേതൃത്വം നൽകി. ബി.എം.സി.സി ക്വയർ അനുഗ്രഹിക്കപ്പെട്ട ഗാനങ്ങളാലപിച്ചു.




ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചകളിൽ നിന്ന്

'വിഷൻ' എന്നതിനെ ഇന്നത്തെ ചിന്താവിഷയമായി പാസ്റ്റർ ജേക്കബ് വി. മാത്യു അവതരിപ്പിച്ചു. എല്ലാവരേയും ദൈവം ഓരോ വിഷൻ ഏൽപ്പിച്ചിട്ടുണ്ടെന്നും അതുമായി താദാത്മ്യമുള്ള ആളുകളെ കണ്ടെത്തി അവരുമായുള്ള കൂട്ടായ്മയിൽ അതിന്റെ നിവർത്തീകരണത്തിനായി പ്രവർത്തിക്കണമെന്നും പ്രബോധിപ്പിച്ചു.

ബ്രദർ ജിജോ അങ്കമാലി 'സോഷ്യൽ മീഡിയയുടെ സ്വാധീനം' എന്ന വിഷയം ചർച്ചയ്ക്കായി അവതിരിപ്പിച്ചു. സ്മാർട്ട് ഫോണിന്റെ കടന്നുവരവോടുകൂടി നമ്മുടെ ജീവിതത്തിലുണ്ടായ ഗുണങ്ങളും ദോഷങ്ങളും ചൂണ്ടികാട്ടി.നമ്മേക്കാൾ സ്മാർട്ടായി ഫോൺ നമ്മെ നിയന്ത്രിക്കുന്നതുകൊണ്ട് വളരെ ബുദ്ധിപരമായി അതിന് കൊടുത്ത പേരാണ് സ്മാർട്ട് ഫോൺ എന്നത്. നമ്മുടെ ഒരു ദിവസം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുമ്പോൾ നാം ആദ്യമായും അവസാനമായും സ്പർശിക്കുന്നത് നമ്മുടെ സ്മാർട്ട് ഫോണിനെയല്ലേ...

.....ശേഷം 29, 31 പേജുകളിൽ

# "അഭിനയമല്ല... അനുഭവമുള്ളവരാകുക..."

## ബ്രദർ സാജു ജോൺ മാത്യു - MEPC യിൽ



അഭിനയമല്ല അനുഭവമുള്ളരാകാനുള്ള ആഹ്വാനത്തോടെയാണ് മിഡിൽ ഈസ്റ്റ് പെന്തക്കോസ്തൽ ചർച്ചിന്റെ (MEPC) നേതൃത്വത്തിൽ ബഹ്റിനിൽ നടന്ന സംയുക്ത ആരാധനയിൽ ബ്രദർ സാജു ജോൺ മാത്യു തന്റെ സന്ദേശമാരംഭിച്ചത്. വിവിധ സഭകളിലുള്ള ദൈവദാസൻമാരും വിശ്വാസികളും ഒത്തൊരുമിച്ച് ദൈവത്തെ ആരാധിച്ചതിനേയും അദ്ദേഹം പ്രശംസിച്ചു.

ഉള്ളത് നഷ്ടപ്പെടാതിരിക്കാനും ഇല്ലാത്തത് കിട്ടാനുമായി ഇന്നനേകർ വിശ്വാസികളായി അഭിനയിക്കുന്നു.എന്നാൽ നാം അനുഭവമുള്ളവരായിരിക്കണം. പാമ്പ് മാറ്റത്തിന് ആഗ്രഹിച്ചുകൊണ്ട് വിഷം ഉള്ളിലൊതുക്കി പുറമെ പടംപൊഴിച്ച് പുതിയ ത്വക്ക് പ്രാപിക്കുന്നതുപോലെയോ ശവം കണ്ടാൽ വായിൽ വെള്ളമൂറുന്ന സ്വഭാവം മറച്ചുവെച്ച് ത്വക്കിനെ ഉണ്ടാക്കുന്ന കഴുകനെപ്പോലേയും അല്ല പ്രത്യക്ഷമായ അവസ്ഥാഭേദത്തിലൂടെ സ്ഥായിയായ മാറ്റം സംഭവിക്കുന്ന ചിത്രശലഭത്തെപ്പോലെ ആത്മീയം ജീവിത്തിൽ അഭിനയിക്കാതെ ആഴമായ അനുഭവമുള്ളവരാകാം നമുക്ക്.

(കൂടുതൽ വാർത്തകളും ചിത്രങ്ങളും മൂന്നാം പേജിൽ)



# CEF VBS Bahrain 2017

Child Evangelism Fellowship (CEF) -Vacation Bible School (VBS) 2017 was held under the auspices of the National Evangelical Church.

The program focusing on children and teenagers associated with all church groups in Bahrain was held from Monday, 27th March 2017 to Thursday, 30th March 2017.

***Praise God for all 900 students (750 children + 150 teenagers.) attended this year's VBS.***

Many children made new decisions and many recommitted their lives to God.

.....continued on page 17

## HH ഇന്നാമ്മ



# ഇന്റർനെറ്റ് എന്ന മോഹവല

എഡിറ്റോറിയൽ


രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

1989 മാർച്ച് 12 നാണ് ഇൻർനെറ്റിന്റെ ആദ്യരൂപം ടീം ബർണേഴ്സ് ലീ അവതരിപ്പിക്കുന്നത്. ഇന്റർനെറ്റിന്റെ ഉപജ്ഞാതാവായ ടീം ബർണേഴ്സ് ലീ നന്മയുടെ പരിവേഷം നൽകിയാണ് ഇന്റർനെറ്റിനെ ലോകത്തിന് പരിചയപ്പെടുത്തിയത് എങ്കിലും ഇപ്പോൾ അത് സാത്താന്റെ കൈയിലെ ഒരു ആയുധമായി ഉപയോഗിക്കപ്പെടുന്ന ഒരു 'വല'യായി മാറികഴിഞ്ഞിരിക്കുകയാണ്. 'എലിയെ കൊല്ലുന്ന പൂച്ച കലവും ഉടയ്ക്കും' എന്ന പഴമൊഴി പോലെ ഉപകാരത്തോടൊപ്പം അല്ല അതിലുപരിയായി മനുഷ്യവർഗ്ഗത്തിന് അത് വിനാശം വരുത്തി വെയ്ക്കുകയാണ്. ദൈവബോധമില്ലാത്ത ചില വ്യക്തികൾ അതിനെ സ്വന്ത കരങ്ങളിൽ ആയുധമായി എടുത്തു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പരാജയം.

ഇന്റർനെറ്റ് എന്ന ഈ 'മോഹവല' മനുഷ്യന് പ്രത്യേകിച്ച് മാതാപിതാക്കൾക്ക് ഒരു പേടിസ്വപ്നമായിട്ടുണ്ട്. വാട്ട്സ്ആപ്പും,ഫെയ്സ്ബുക്കും,യൂട്യൂബും ഒക്കെ ഇന്നത്തെ യുവതലമുറയുടെ ദൈനംദിന ജീവിതത്തിൽ ഒഴിവാക്കാനാകാത്ത ഘടകങ്ങളാണ്. പൂതിയ ആപ്പുകൾ പലതും ശരിക്കും 'ആപ്പു'കളായി മാറുന്ന കാഴ്ച നമ്മെ ഞെട്ടിക്കുന്നതാണ്. ഇന്റർനെറ്റ് ഇന്നൊരു ആവശ്യമല്ല, അത്യാവശ്യമായി മാറിയിരിക്കുന്നു.

ഡമോക്ലീസിന്റെ ഭക്ഷണമേശ വിഭവസമൃദ്ധമാണെങ്കിലും തലയ്ക്ക് മുകളിൽ തൂങ്ങുന്ന വാൾ അതിഭയങ്കരമായിരുന്നതുപോലെ ഇൻർനെറ്റിന്റെ ഉപകാരപ്രദമായ എല്ലാ കാര്യങ്ങളേയും ഒന്നടങ്കം വെല്ലുവിളിച്ചുകൊണ്ട് അതിന്റെ വിനാശവിഭവങ്ങൾ നൃത്തം വെയ്ക്കുകയാണ്. അറിവുകൾ നൽകുന്നതിനപ്പുറമായി ഇന്റർനെറ്റ് മനുഷ്യന്റെ ആത്മീയ കാര്യങ്ങളിലും സ്വാധീനം ചെലുത്തി തുടങ്ങിയത് ഈ അടുത്ത കാലട്ടത്തിലാണ്. അന്തർമുഖന്മാരും ഏകാകിയുമായവരാണ് കൂടുതലും ഇതിന്റെ കയങ്ങളിൽ നിപതിച്ചത്. ലോകത്തിൽ നടക്കുന്ന കൊലപാതകം,മോഷണം,മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന ക്രൂരവും പൈശാചികവുമായ ഹീനകൃത്യങ്ങൾ എന്നിവയുടെയെല്ലാം ഉത്ഭവസ്ഥാനം ഒരു പരിധിവരെ ഇന്റർനെറ്റിൽ നിന്ന് ലഭിക്കുന്ന തെറ്റായ അറിവുകളാണ്. എന്തിനേറെ പറയുന്നു പലരുടേയും ആരാധന പോലും നിയന്ത്രിക്കുന്നത് ഇപ്പോൾ ഇന്റർനെറ്റാണ്.



ദൈവത്തിന് പകരം സാത്താനെ പൂജിക്കുന്ന ചർച്ച് ഓഫ് സാത്താൻ എന്ന പ്രസ്ഥാനത്തിന് അമേരിക്കയിലാണ് തുടക്കം. 1954–ൽ ഫ്രാൻസിലാണ് സാത്താന്യ ആരാധനയ്ക്ക് സമാനമായ ദുർകർമ്മങ്ങൾ പ്രചരിച്ചുതുടങ്ങിയത്. നേരത്തെ പാശ്ചാത്യരാജ്യങ്ങളിൽ മാത്രം കണ്ടുവന്നിരുന്ന സാത്താൻ സേവ കേരളത്തിലും എത്തിയിരിക്കുന്നുവെന്നാണ് നന്തൻകോട് കൂട്ടകൊലപാതകം വ്യക്തമാക്കുന്നത്. തിരുവനന്തപുരം നന്തൻകോട്ട് മാതാപിതാക്കളടക്കം നാലുപേരെ വെട്ടിനുറുക്കിക്കൊന്ന് കത്തിച്ച കേഡൽ ജിൻസൺ 'ആസ്ട്രൽ പ്രൊജക്ഷൻ' പരീക്ഷിച്ചതാണെന്നാണ് ആദ്യമൊഴി. സാത്താൻ സേവയുടെ ഭാഗമായ ദുർമന്ത്രവാദത്തിലെ കടുത്ത ഇനമാണ് ആസ്ട്രൽ പ്രൊജക്ഷൻ. ശരീരത്തിൽ നിന്നും ആത്മാവിനെ മോചിപ്പിക്കുന്ന ക്രിയയാണ് ആസ്ട്രൽ പ്രൊജക്ഷനെന്ന് ഒറ്റ വാക്കിൽ പറയാം.ആസ്ട്രൽ എന്ന പദത്തിന് നക്ഷത്രമയം എന്നാണർത്ഥം.

നമ്മുടെ യുവതലമുറ എങ്ങോട്ട്? നമ്മുടെ കുഞ്ഞുങ്ങളിലേക്ക് ഒന്ന് നോക്കാമോ? മണിക്കൂറുകൾ ഇന്റർനെറ്റിൽ ചിലവഴിക്കുന്ന കുഞ്ഞുങ്ങൾ എന്താണ് ചെയ്യുന്നതെന്ന് ശ്രദ്ധിക്കുന്ന എത്ര മാതാപിതാക്കളുണ്ട് ? ഒരുപക്ഷേ നമ്മുടെ കുഞ്ഞുങ്ങൾ ചില ചെറിയ കാര്യങ്ങൾക്കുവേണ്ടിയായിരിക്കാം ഇന്റർനെറ്റിനെ ആശ്രയിക്കുന്നത്. അവർക്ക് ആവിശ്യമുള്ളത് ഉപയോഗപ്പെടുത്തട്ടെ. അധികമാകാതിരിക്കാൻ നാം ശ്രദ്ധിച്ചേ മതിയാകൂ. അല്ലെങ്കിൽ ആരോ പറഞ്ഞതുപോലെ ചെരുപ്പില്ലാത്ത മനുഷ്യൻ ചെരുപ്പ് വാങ്ങുവാൻ പോയിട്ട് ഒടുവിൽ കാലില്ലാത്തവനായ് തീരുന്ന കാഴ്ച നാം കാണേണ്ടി വരും. അതുവരാതിരിക്കാൻ നമുക്ക് അവരെ പ്രാർത്ഥനയുടെ കരങ്ങളിൽ വഹിക്കാം.

വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആയി ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കാൻ നമ്മുടെ യുവതലമുറയെ ഓർത്ത് പ്രാർത്ഥിക്കാൻ നമുക്ക് ഉണരാം.

പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത
പ്രാർത്ഥനാ വിഷയങ്ങളുമായി
നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ
ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ
ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും
നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ
നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ
നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Prayer Cell
0973 3838 3399
0973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന
എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും
ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്ത്വം
എഴുത്തുകാർക്ക് മാത്രമാണ്.
–എഡിറ്റർ–

Views and opinions expressed in various articles and features in "Hello Hope" are only of the writers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:

Hello Hope Journal
P.O. Box :10489
Kingdom of Bahrain
E-mail :hhgulfnews@gmail .com
Whatsapp : 00973 38383399
Fax : 17877171





Read Online:
www.godsownlanguage.com
/mal/Magazines/Hello_Hope

# രക്തം ചൊരിഞ്ഞ ക്രിസ്തുവിനായ് രക്ത പ്രതിജ്ഞ എടുത്ത തിരുവട്ടാർ



ജിജോ അങ്കമാലി

അന്ന് തിരുവട്ടാറിന് വയസ്സ് ഇരുപതിൽ താഴെ. എടുത്തു പേന, കുത്തിയിറക്കി കൈയ്യിൽ, വന്നു ചോര, ചുവന്ന ചോര, ചൂടുള്ള ചോര. എഴുതി "ജീവിച്ചാൽ കമ്മ്യൂണിസത്തിന്, മരിച്ചാൽ കാറൽ മാക്സിന്". വിപ്ലവവീര്യത്തിന്റെ വർഷങ്ങൾ മുന്നോട്ട് കുതിച്ചു. വയസ്സ് ഇരുപത്തിയഞ്ച്, ഒരിക്കൽ കൂടെ അതേ കൈകൾ നീട്ടിപിടിച്ചു, കുത്തിയിറക്കി പേന. ഊറി വന്നു ചോര, നോക്കി, ചുവന്ന ചോര, ചൂടുള്ള ചോര, ചുറുചുറുക്കുള്ള ചോര. ചോരയിൽ മുക്കിയ പേന കൊണ്ട് താൻ വീണ്ടും എഴുതി 'ജീവിച്ചാൽ ക്രിസ്തുവിന് വേണ്ടി;പ്രവർത്തിച്ചാൽ ക്രിസ്തുവിന് വേണ്ടി; മരിച്ചാൽ ക്രിസ്തുവിന് വേണ്ടി'....

ഈ വിധത്തിൽ രക്തം ചൊരിഞ്ഞ ക്രിസ്തുവിനായ് ക്രൈസ്തവ ചരിത്രത്തിൽ രക്ത പ്രതിജ്ഞയെടുത്ത ഒരേ ഒരാൾ... അതാണ് കന്യാകുമാരിയിലെ തിരുവട്ടാർ എന്ന സ്ഥലത്ത് ജന്മിയായ രാമൻ പിള്ളയുടേയും മാളി വള്ളിയമ്മയുടേയും കടിഞ്ഞൂൽ സന്താനമായി പിറന്ന RK എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ആർ. കൃഷ്ണൻ കുട്ടി അഥവാ തിരുവട്ടാർ കൃഷ്ണൻകുട്ടി.

കേരളത്തിലേയും തമിഴ് നാട്ടിലേയും ആയിരക്കണക്കിന് വേദികളിലും കവലകളിലും രക്തത്തിൽ മുക്കിയെഴുതിയ ഈ പ്രതിജ്ഞാവാചകം ആവർത്തിച്ച് കേൾക്കുന്ന ഓരോ കേൾവിക്കാരന്റേയും ഞരമ്പുകളിൽ രക്തം തിളയ്ക്കുമായിരുന്നു. ക്രിസ്തുവിനായ് ജീവിക്കാൻ ആവേശത്തോടെ മുന്നോട്ട് വരുമായിരുന്നു.

എളുപ്പമായിരുന്നില്ല ക്രിസ്തുവിങ്കലേക്കുള്ള തന്റെ വരവും നാൾ വഴികളും. ആയിരത്തിലധികം ആടുകളും ഏക്കറ് കണക്കിന് കൃഷി ഭൂമിയുമായിരുന്ന തന്റെ പാട്ടക്കാരനായ് വന്ന യേശുദാസൻ എന്ന ബാല്യകാല സുഹൃത്താണ് ക്രിസ്തുവിനെക്കുറിച്ച് ആദ്യമായ് തന്നോട് പറഞ്ഞത്. കൃഷ്ണനെ ഉയർത്തിപ്പറഞ്ഞ കൃഷ്ണൻ കുട്ടിയോട് ക്രിസ്തുവിനെ ഉയർത്തി നിരന്തരമായ് പറഞ്ഞുകൊണ്ടിരുന്ന യേശുദാസനോട് തർക്കിക്കാനായ് തമിഴ് ബൈബിൾ വായിച്ചു തുടങ്ങിയ തന്റെ ജീവിതത്തെ മാറ്റിയത് യോഹന്നാന്റെ സുവിശേഷമാണ്. പിന്നീട് കേട്ട മിഷണറി പ്രഭാഷണം മൂലം കൃഷ്ണൻ കുട്ടി ക്രിസ്തുവിനെ രക്ഷിതാവായ് സ്വീകരിച്ച് ജീവിതം ക്രിസ്തുവിനായ് അടിയറവച്ചു. 1959 ഡിസംബർ 27. അന്നെഴുതിയ പ്രതിജ്ഞാവാചകത്തിന്റെ നിവർത്തിയായിരുന്നു പിന്നീടുള്ള തന്റെ ജീവിതം.

എതിർപ്പുകൾക്കും, പ്രതിഷേധങ്ങൾക്കും, പ്രതികൂലങ്ങൾക്കും മുമ്പിൽ മുട്ടുമടക്കാതെ ചങ്കുറപ്പോടെ നിന്ന് വചനത്താൽ എതിരാളികളുടെ മൂർച്ചയുള്ള വാൾമുനയുടെ ശക്തികെടുത്തിയ തന്റെ ധീരത പ്രശംസനീയം തന്നെ.

ഒരിക്കൽ ക്രിസ്തു മാത്രം രക്ഷിതാവ് എന്ന് ഉറക്കെ പ്രസ്താവിക്കയും ആയതിന് അക്കമിട്ട് തെളിവുകൾ നിരത്തുകയും ചെയ്ത തന്നെ ആക്രമിക്കാനായ് പ്രകോപിതരായ ഒരു കൂട്ടം



ആളുകൾ കല്ലും ആയുധങ്ങളുമായ് ഓടിയെത്തിയപ്പോൾ താൻ വീണ്ടും ശബ്ദമുയർത്തി അവരോടിങ്ങനെ പറഞ്ഞു 'ഞാൻ പറയുന്ന ഓരോ വാക്കിനും ഞാനാണ് ഉത്തരവാദി. അതുകൊണ്ട് എന്റെ കൂടെയുള്ള ഈ പാവങ്ങളുടെ മേൽ ഒരുതരി മണ്ണുപോലും വീഴരുത്. എന്നെ എറിഞ്ഞോളളൂ, എന്നെ എന്തും ചെയ്തോള്ളൂ വേണമെങ്കിൽ എന്റെ മേൽ കൽക്കുന്ന് കൂട്ടിക്കോള്ളൂ. എന്നാൾ ഒരു നാൾ എന്റെ കർത്താവിന്റെ കാഹളം ഈ ചക്രവാളങ്ങളിൽ പ്രതിധ്വനിക്കുമ്പോൾ ഞാൻ പുനരുത്ഥാനം ചെയ്ത് പുറത്തുവരും.നിങ്ങൾക്ക് എന്നെ കൊല്ലാം എന്നാൽ എന്റെ പുനരുത്ഥാനത്തെ തടയാനാവില്ല".

അന്ന് രാത്രിയിലും അക്രമികൾ പതിയിരിക്കുന്നു എന്നറിഞ്ഞിട്ടും താൻ പതറിയില്ല. പരിഭ്രമിച്ചില്ല എന്ന് മാത്രമല്ല താനിങ്ങനെ പറഞ്ഞു 'ആശയത്തിൽ തോൾക്കുമ്പോൾ ആയുധമെടുക്കുന്നത് ആണത്തമല്ല, ആദർശത്തിന് യോജിച്ചതല്ല. ആയുധമുണ്ടെങ്കിൽ ആ കഠാര എന്റെ നെഞ്ചിൽ കുത്തിയിറക്കൂ. മരണത്തെ ഞാൻ ഭയക്കുന്നില്ല'. 'ഓരോ തുള്ളി ചോരയിൽ നിന്നും ഒരായിരംപേർ ഉയരുന്നു' എന്ന വിപ്ലവ മുദ്രാവാക്യം അനുസ്മരിച്ചുകൊണ്ട് അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു. 'കൃഷ്ണൻ കുട്ടിയുടെ ഓരോ തുള്ളി ചോരയിൽ നിന്നും ആയിരങ്ങൾ ആർത്തിരമ്പി ഉയർത്തുവന്ന് ഭാരതമണ്ണിൽ ഇതേ യേശുവിനെ പ്രസംഗിക്കും'. അതേ അത് തന്നെയായിരുന്നു തന്റെ പ്രതിജ്ഞ. അതായിരുന്നു തന്നിലോടിയ യേശുവിൻ രക്തത്തിന്റെ വിപ്ലവവീര്യം. അക്രമികൾക്ക് നേരേ നെഞ്ച് വിരിച്ച് നിന്ന് അക്രമികൾക്കുനേരേ വിരൽ ചൂണ്ടി കടുത്ത ഭാഷയിൽ ആക്രോശിക്കാൻ മറ്റാർക്ക് കഴിയും ?

.....ശേഷം 17-ാം പേജിൽ

## MEPC സംയുക്ത ആരാധന നടത്തി

മിഡിൽ ഈസ്റ്റ് പെന്തക്കോസ്ത് ചർച്ചിന്റെ (MEPC) നേതൃത്വത്തിൽ ഏപ്രിൽ മാസം 2-ാം തീയതി സെന്റ്. ക്രിസ്റ്റഫർ ചർച്ചിന്റെ AM ഹാളിൽ വെച്ച് സംയുക്ത ആരാധന അനുഗ്രഹമായി നടന്നു. വിവധ സഭകളിലുള്ള ദൈവദാസന്മാരും ദൈവമക്കളും ഒരുമിച്ച് കൂടി ദൈവത്തെ ആരാധിച്ചത് പുതിയ അനുഭവമായിരുന്നു. പാസ്റ്റർ.ജെയ്സൺ കെ.കെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.പാസ്റ്റർ.പി.സി. വർഗീസ് സങ്കീർത്തന ശുശ്രൂഷ നടത്തി. ബ്രദർ.സാജു ജോൺ മാത്യു ദൈവവചനം ശുശ്രൂഷിച്ചു. MEPC ക്വയർ ഗാനങ്ങളാലപിക്കുകയും വർഷിപ്പ് ലീഡർ ബ്രദർ.പ്രസാദ് ജോയി ആരാധന നയിക്കുകയും ചെയ്തു.

കർത്തൃശുശ്രൂഷകന്മാരായ പാസ്റ്റർ.റ്റി.റ്റി.തോമസ് (IPC ബഹ്റിൻ), പാസ്റ്റർ പി.എം.ജോയി(AG), പാസ്റ്റർ K.M.ജോർജ്ജ് (ഹെബ്രോൺ IPC), പാസ്റ്റർ ലിജോ മാത്യു (ചർച്ച ഓഫ് ഗോഡ്), പാസ്റ്റർ തോമസ് ചാക്കോ (ഇമ്മാനുവേൽ IPC), പാസ്റ്റർ മാത്തൻ സാമുവേൽ(ശാലോം IPC), പാസ്റ്റർ തോമസ് കുര്യൻ(AG), പാസ്റ്റർ സൈമൺ ഫിലിപ്പ് (ശാരോൻ ഫെല്ലോഷിപ്പ്), പാസ്റ്റർ എം.ജെ.ഡേവിഡ് (IPC ബെഹ്റിൻ), പാസ്റ്റർ തങ്കരാജ് (IPC ബഹ്റിൻ) എന്നിവരും വിവിധ സഭകളിലെ ദൈവമക്കളും പങ്കെടുത്തു. പാസ്റ്റർ രാജു ജോൺ(ഹൂസ്റ്റൺ), പാസ്റ്റർ ഇ.വി.കുര്യൻ (ഇന്റർസെഷൻ ഇന്ത്യ) എന്നിവരും സംബന്ധിച്ചു.







# അതിർവരമ്പുകൾക്കപ്പുറം...

*എല്ലായിടത്തും എല്ലാവരും സുവിശേഷം കേൾക്കണം എന്ന ദർശനത്തോടുകൂടെ സുവിശേഷീകരണത്തിൽ പൂർണ്ണമായി സമർപ്പിക്കുകയും അനേകരെ അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ബ്രദർ സാജു ജോൺ മാത്യുവുമായുള്ള അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ.*

**? സമൃദ്ധിയുടെ സുവിശേഷം,കൃപയുടെ സുവിശേഷം എന്നൊക്കെ കേൾക്കുന്നുണ്ടല്ലോ, എന്നാൽ എന്താണ് യഥാർത്ഥ സുവിശേഷം...**

സമൃദ്ധിയുടെ, കൃപയുടെ സുവിശേഷം എന്നിങ്ങനെ പലവിധ സുവിശേഷങ്ങൾ ഇല്ല. അങ്ങിനെ പലവിധ വാക്കുകൾ ഉപയോഗിക്കുന്നുണ്ടായിരിക്കാം.എന്നാൽ അടിസ്ഥാനപരമായി സുവിശേഷം എന്നുള്ളത് യേശുവാണ്.യേശുവാണ് സുവിശേഷം എന്ന് വിശ്വസിക്കാത്ത അനേക ആളുകൾ ഉണ്ട്. യഥാർത്ഥ സുവിശേഷം പ്രസംഗിക്കാത്ത ആളുകളെ വിളിച്ച് പ്രസംഗിപ്പിക്കാതെയിരിക്കുന്നതാണ് നല്ലത്.വേറൊരു സുവിശേഷത്തേയും വേറൊരു ക്രിസ്തുവിനേയും പ്രസംഗിക്കുന്നവർ ഇന്ന് ധാരാളമുണ്ട്.പൗലോസ് പറയുന്നതുപോലെ യഥാർത്ഥ സുവിശേഷം എന്നാൽ 'ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുവിനെ ഓർത്തുകൊൾക' അതാകുന്നു എന്റെ സുവിശേഷം.അങ്ങനെയെങ്കിൽ യേശുവാണ് സുവിശേഷം എന്നുള്ളതിന് യാതൊരു സംശയവുമില്ല.യേശുവിന്റെ ജീവിതമാണ് ശരിക്കും സുവിശേഷം.യേശു ജനിച്ചു, ജീവിച്ചു, മരിച്ചു,ഉയിർത്തെഴുന്നേറ്റു. ഉയിർത്തെഴുന്നേറ്റ യേശുവിനെ പത്രോസ് അപ്പൊ.പ്രവ.2:36-ൽ പറയുന്നതുപോലെ 'ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു എന്നു യിസ്രായേൽഗൃഹം ഒക്കേയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ'.അങ്ങനെയെങ്കിൽ ഉയിർപ്പിൽ അവസാനിക്കുകയല്ലാ അവനിപ്പോൾ കർത്താവാണ് എന്നുള്ളതാണ്.ഉയിർത്തെഴുന്നേറ്റ യേശുവിനെ കർത്താവാക്കുമ്പോഴാണ് സുവിശേഷം,സുവിശേഷം ആകുന്നത്. യേശുവിന്റെ കർത്തൃത്വം അംഗീകരിച്ച് മുന്നോട്ട് പോകുക എന്നതാണ് സുവിശേഷത്തിന്റെ കാതൽ.

**? രോഗസൗഖ്യത്തിന് മാത്രം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സുവിശേഷീകരണത്തെക്കുറിച്ച് എന്താണഭിപ്രായം...**

രോഗസൗഖ്യം അല്ല സുവിശേഷീകരണം. പഴയനിയമത്തിൽ അനേകർ സൗഖ്യമായിട്ടുണ്ട്. യേശു അനേകരെ സൗഖ്യമാക്കിയിട്ടുമുണ്ട്. അത് കർത്താവിന്റെ മനസലിവാണ്.അവരെയൊക്കെ പിന്നെ കാണാനേ കഴിയുന്നില്ലാ.അവന്റെ സൃഷ്ടിയെന്ന നിലയിൽ യേശു പല ആളുകളെ സൗഖ്യമാക്കി.സൗഖ്യമാക്കിയതിനുശേഷം കർത്താവ് പറയുന്നുണ്ട് അധികം തിന്മയായത് ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്.എന്റെ രോഗത്തെ സൗഖ്യമാക്കുവാനോ എന്റെ കടം മാറ്റുവാനോ യേശുവിന് കാൽവറിയിൽ മരിക്കേണ്ട കാര്യം ഒന്നും ഇല്ലായിരുന്നു.സ്വർഗ്ഗത്തിലിരുന്ന് ഒരു വാക്ക് കൽപ്പിച്ചാൽ മതിയായിരുന്നു.സമൃദ്ധിയുടെ സുവിശേഷകർ എന്ന് പറയുന്നവർ വാഗ്ദാനം ചെയ്യുന്ന ഒരു കാര്യത്തിനും യേശു കാൽവറിയിൽ മരിക്കേണ്ട ആവിശ്യമില്ലായിരുന്നു.കാരണം ഇതൊക്കെ പഴയനിയമത്തിലും ഉള്ളവയാണ്.രോഗികളെ സൗഖ്യമാക്കിയിട്ടുണ്ട് എങ്കിലും വേദപുസ്തകം യേശുവിനെ പരിചയപ്പെടുത്തുന്നത് രോഗസൗഖ്യദാതാവായിട്ടല്ല.അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് അവന്ന് യേശു എന്ന് പേരിടേണം എന്നത്രേ.അല്ലാതെ രോഗങ്ങളിൽ നിന്ന് സൗഖ്യമാക്കാനിരിക്കകൊണ്ടെന്നല്ലാ.രോഗസൗഖ്യം സുവിശേഷത്തിന്റെ കാതലല്ലാ.



ബ്രദർ സാജു ജോൺ മാത്യു, ചെറിയാൻ മാത്യൂസ്, രാജീവ് സ്റ്റുവർട്ട്

**? അടിസ്ഥാനമായി പ്രസംഗിക്കപ്പെടേണ്ട സുവിശേഷം എന്താണ്...**

പാപമോചനമാണ് അടിസ്ഥാനപരമായി പ്രസംഗിക്കപ്പെടേണ്ട സുവിശേഷം.പാപമോചനത്തെക്കുറിച്ച് പറയാത്ത പ്രസംഗം സുവിശേഷപ്രസംഗം അല്ല.ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ച് പറയാത്ത പ്രസംഗവും സുവിശേഷപ്രസംഗം അല്ല.ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ.എല്ലാവരും അംഗീകരിപ്പാൻ യോഗ്യമായ വചനം ഒന്നേയുള്ളൂ അത് യേശു പാപികളെ രക്ഷിപ്പാൻ വന്നു എന്നുള്ളതാണ്.യേശു മാറാരോഗികളെ സൗഖ്യമാക്കാൻ വന്നു എന്നു പറഞ്ഞാൽ മാറാരോഗം ഉള്ളവർ മാത്രമേ അംഗീകരിക്കുകയുള്ളൂ.യേശു കടഭാരം മാറ്റാൻ വന്നു എന്നു പറഞ്ഞാൽ ആ വചനം കടഭാരമില്ലാത്തവർ അംഗീകരിക്കില്ല.പത്രോസ് പറഞ്ഞത് നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടേണം എന്നായിരുന്നു.യേശുവിന്റെ ക്രൂശ്മരണത്തിലൂടെയുള്ള പാപമോചനത്തെക്കുറിച്ച് ഹൃദയപൂർവ്വമായിട്ട് വിശ്വസിക്കുകയും യേശുവിനെ കർത്തൃത്വം ജീവിതത്തിൽ അംഗീകരിക്കയുമാണ് വേണ്ടത്.

**? യേശുകർത്താവിന്റെ കർത്തൃത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ ?**

സഭകളിൽ ഏറ്റവും കൂടുതൽ പഠിപ്പിക്കേണ്ട വിഷയം കർത്താവിന്റെ ലോഡ്ഷിപ്പാണ്.പുറത്തുള്ളവരെ അകത്തുകൊണ്ടുവരുന്നത് പ്രധാനമാണ് പക്ഷേ അകത്തുള്ളവരെ മുകളിൽ കൊണ്ട് പോകുക എന്നുള്ളത് അതിപ്രധാനമാണ്.കടലും കരയും കടന്ന് ഒരുത്തനെ കൊണ്ടുവന്നിട്ട് ഇരട്ടിച്ച നരകയോഗ്യനാക്കിയാൽ എന്ത് ഫലം.എന്റെ എല്ലാ ജീവിതമേഖലയേയും നിയന്ത്രിക്കുന്ന കർത്താവിനാൽ ഓരോ സെക്കൻഡിലും ഞാൻ നിയന്ത്രിക്കപ്പെടുക എന്നുള്ളതാണ് കർത്തൃത്വം കൊണ്ടുദ്ധേശിക്കുന്നത്. യേശു കർത്താവല്ലാത്ത,യേശുവിനെ അനുസരിക്കാത്ത ഒരു നിമിഷവുമില്ലെനിക്ക്.അടുത്തിരുന്നാലും ദൂരെയായിരുന്നാലും ആ ബന്ധത്തിൽ തന്നെയായിരിക്കണം.സുവിശേഷം പുറത്തുള്ളവരോട് പറയുമ്പോൾ പാപമോചനത്തിന്റെ കാര്യം പറയുക, പാപമോചനം പ്രാപിച്ച അകത്തുള്ളവരോട് യേശുവിനെ കർത്താവാക്കുകയും നിരന്തരം അവന്റെ കർത്തൃത്വത്തിൽ ജീവിക്കുന്ന കാര്യവും പറയുക.ഇത് രണ്ടും ഒരു പോലെ പ്രാധാന്യമർഹിക്കുന്നതാണ്.

**? ഇന്നത്തെ വേദികളിൽ പ്രസംഗകൻ തന്നെയാണ് പ്രസംഗവിഷയവും.എന്താണ് ഇതിനെക്കുറിച്ച് പറയാനുള്ളത് ?**

ഞാൻ കൈവെച്ചപ്പോൾ രോഗി സൗഖ്യമായി ഞാൻ കൈവെച്ചപ്പോൾ അത്ഭുതം നടന്നു ഇങ്ങനെ അനേകരെ സൗഖ്യമാക്കിയ എന്റെ കരത്തെക്കുറിച്ച് പറയുന്നതല്ലാതെ യേശുവിനെക്കുറിച്ച് പറയുന്നതായി പല സ്റ്റേജുകളിലും കേൾക്കുന്നില്ലായെന്നുള്ളത് ദൗർഭാഗ്യകരമാണ്.ടെലിവിഷനിലും രോഗസൗഖ്യമല്ലാതെ വേറൊന്നും പറയുന്നില്ല.പ്രസംഗിക്കുന്നവരെല്ലാം അവസാനം അത്ഭുതസാക്ഷ്യം പറയിപ്പിക്കുന്നത് കേട്ടിട്ടുണ്ട്.ദൈവം ചെയ്യുന്ന സൗഖ്യങ്ങളിൽ നാം അത്ഭുതപ്പെടേണ്ടാ കാരണം കഴിവില്ലാത്ത ഒരാൾ എന്തെങ്കിലും വലിയ കാര്യം ചെയ്യുമ്പോഴല്ലേ നാം അത്ഭുതപ്പെടേണ്ടത്.ഇപ്പോഴത്തെ ടിവി പ്രോഗ്രാമുകൾ നോക്കിയാൽ ദൈവനാമ മഹത്വത്തിനായി എന്തെങ്കിലും ഉള്ളതായി തോന്നുന്നില്ല.ഉദാഹരണമായി ചാക്കോച്ചൻ ബ്രദറിന്റ പ്രോഗ്രാമിലെ ആളുകളുടെ സാക്ഷ്യം ശ്രദ്ധിച്ചാൽ അവർ പറയുന്നത് ചാക്കോച്ചൻ ബ്രദർ പ്രാർത്ഥിച്ചപ്പോൾ അല്ലെങ്കിൽ ചാക്കോച്ചൻ ബ്രദർ സ്പർശിച്ചപ്പോൾ.....ഇങ്ങനെ എല്ലാം ചാക്കോച്ചൻ ബ്രദറാണ് നിറഞ്ഞുനിൽക്കുന്നത് അല്ലാതെ യേശുവല്ല.ഇവിടെ വരുന്നത് മുഴുവനും ചാക്കോച്ചൻ ബ്രദറിന്റെ ആളുകളാണ് കാരണം പ്രോഗ്രാമോ ചാനലോ ചാക്കോച്ചൻ ബ്രദറിന്റെ ആയിരിക്കും.ഇനി മറ്റൊരു പ്രോഗ്രാം നോക്കിയാലും സ്ഥിതി ഇതുതന്നെ,അവിടെ ചാക്കോച്ചൻ ബ്രദറിന് പകരം തോമാച്ചൻ ബ്രദറാണെന്നേയുള്ളൂ.അവിടെ പറയുന്നത് തോമാച്ചൻ ബ്രദറിന്റെ കാര്യങ്ങളായിരിക്കും എന്നുമാത്രം.ചാക്കോച്ചൻ ബ്രദറിന്റ പ്രോഗ്രാമിൽ സൗഖ്യമായ ഒരാളെ എന്തുകൊണ്ട് തോമാച്ചൻ ബ്രദറിന്റെ പ്രോഗ്രാമിൽ കൊണ്ടുപോയി സാക്ഷ്യം പറയിക്കുന്നില്ലാ. ദൈവനാമ മഹത്വത്തിനാണെങ്കിൽ അങ്ങനെയല്ലേ ചെയ്യേണ്ടിയിരുന്നത്.

**? സുവിശേഷകന്റെ ദൗത്യം എന്താണ് ?**

സഭയിൽ സുവിശേഷകന്മാരില്ലാതെ വന്നിരിക്കുന്ന ഒരു കാലമാണിത്.കാരണം സുവിശേഷകരെ സഭ പരിപാലിക്കാറില്ല.പാസ്റ്റർമാരെയാണ് സഭ കൈതാങ്ങുന്നത്. അതുകൊണ്ട് സുവിശേഷകനായി വിളിക്കപ്പെട്ടവരും പാസ്റ്റർ ആകാനായി ശ്രമിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.ഒരു പാസ്റ്ററോട് ചേർന്ന് സഭാഹാളിൽ താമസിക്കുന്ന ഒരു സുവിശേഷകനുണ്ടായിരുന്നു.രാവിലെ പാസ്റ്റർ എണീറ്റ് പ്രാർത്ഥിക്കാനായി ചർച്ച് ഹാളിൽ വന്നപ്പോൾ ഇവാഞ്ചലിസ്റ്റിനെ കാണാനില്ല.അതിന്റെ ദേഷ്യം സഹിക്കാതെ സുവിശേഷകനെ ശകാരിച്ചുകൊണ്ട് പാസ്റ്റർ പ്രാർത്ഥിക്കാനിരുന്നു.അൽപ്പസമയം കഴിഞ്ഞ് ആരോ ഓടിവരുന്ന ബഹളംകേട്ട് ജനാല തുറന്ന് നോക്കിയപ്പോൾ സുവിശേഷകൻ ഓടി വരുന്നതും തൊട്ടുപുറകിലായി തന്നെ ഓടിക്കുന്ന ഒരു കടുവയേയും കണ്ടു.അപ്പോൾ പാസ്റ്റർ പറഞ്ഞു ഇതാണ് പ്രാർത്ഥിക്കാതെ എവിടെയെങ്കിലും പോയാലുണ്ടാകുന്ന അനുഭവം.പക്ഷേ സഭയുടെ സുവിശേഷകനെ ഉപേക്ഷിക്കാനും പറ്റില്ല.അതുകൊണ്ട് പാസ്റ്റർ വിചാരിച്ചു കതക് തുറക്കാം അപ്പോൾ സുവിശേഷകൻ പെട്ടെന്ന് അകത്തുകയറുമല്ലോ.താൻ കയറിയാലുടൻ തന്നെ വാതിലുമടയ്ക്കാം.സുവിശേഷകൻ അകത്തും കടുവ പുറത്തുമാകുമല്ലോ.അങ്ങനെ സുവിശേഷകനെ രക്ഷിക്കാനായി പാസ്റ്റർ കതക് തുറക്കുകയും പെട്ടെന്ന് അടക്കുകയും ചെയ്തു. നോക്കിയപ്പോൾ കടുവ അകത്തും സുവിശേഷകൻ പുറത്തുമായി.ഉടൻ ജനാലയിലൂടെ സുവിശേഷകൻ വിളിച്ചു പറഞ്ഞു പാസ്റ്ററേ അതിനെ മെരിക്കിക്കോ ഞാൻ പോയി അടുത്തതിനെ കൊണ്ടുവരാമെന്ന്.കടുവകളെ സഭയിൽ കൊണ്ടുവരുന്ന സുവിശേഷകരെയാണ് ഇന്ന് നമുക്കാവിശ്യം.അവയെ കുഞ്ഞാടുകളാക്കുക എന്ന ഉത്തരവാദിത്വം പാസ്റ്ററുടേതാണ്. സുവിശേഷകന്റെ ദൗത്യം പുറത്തുള്ള കടുവകളെ സഭയിൽ പാസ്റ്ററുടെ അടുക്കൽ എത്തിക്കുക എന്നതാണ്.

# നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ
## So run that you may obtain



പാസ്റ്റർ റ്റി.റ്റി. തോമസ്
ഐ.പി.സി. ബഹ്റിൻ

*(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

***1 കൊരി.9.24-27.***

ക്രിസ്തീയ ജീവിതത്തെ വളരെ ലഘുവായ് കാണുന്ന കൊരിന്ത്യ വിശ്വാസികളെ വിഷയം ധരിപ്പിക്കുവാൻ ക്രിസ്തീയ ജീവിതത്തെ അവർക്ക് സുപരിചിതമായ ഓട്ടമത്സരത്തോട് താരതമ്യപ്പെടുത്തി അവരെ ബോധവാന്മാരാക്കുവാൻ അപ്പൊസ്തൊലനായ പൗലോസ് AD 55-ൽ എഴുതിയ ലേഖനമാണ് കൊരിന്ത്യ ലേഖനം. മത്സരത്തിൽ വിജയിക്കണമെങ്കിൽ നാം കരുതേണ്ട വസ്തുതകളാണ് ഈ വേദഭാഗത്തെ പ്രതിപാദ്യ വിഷയം.

### 1. മത്സരിക്കുന്നവർക്കൊരു ലക്ഷ്യം ഉണ്ടായിരിക്കണം:

ഫുട്ബോൾ കളിക്കാർ പന്തിന് പുറകേ ഗ്രൗണ്ടിൽ കുറേ സമയം ഓടുക എന്നതല്ല ആ പന്തിനെ ഗോൾ പോസ്റ്റിനകത്ത് ഗോൾ ആക്കി മാറ്റുക എന്നതാണ് ഓരോ കളിക്കാരന്റേയും ലക്ഷ്യം. ഓട്ടക്കാരന്റേയും ലക്ഷ്യം വ്യത്യസ്തമല്ല. ട്രാക്കിൽ ഓടി സമയം കളയുകയോ മറ്റുള്ളവരെ ഓടുന്നു എന്ന് ബോദ്ധ്യപ്പെടുത്തുന്നതോ അല്ല. മറിച്ച് എത്രയും വേഗം ഓടി ഫിനിഷിംഗ് പോയിന്റിലെത്തുക എന്നതാണ്.

പൗലോസ് തനിക്കുണ്ടായിരുന്ന ഒരു ലക്ഷ്യത്തെക്കുറിച്ച് ഫിലി.3.11-ൽ പറയുന്നു മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കണമെന്ന്. നമ്മുടേയും ജീവിതലക്ഷ്യം ഇത് തന്നെയായിരിക്കണം.മരിച്ചവരുടെ പുനരുത്ഥാനമല്ല മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം. എബ്രാ.11.35-ൽ നാം കാണുന്നു മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേൽപ്പ് ലഭിക്കേണ്ടതിന് ഉദ്ധാരണം കൂടാതെ ഭേദ്യം ഏറ്റു.പഴയ നിയമ വിശുദ്ധന്മാർ കാണിച്ച മാതൃക പ്രകാരം പുതിയ നിയമ വിശുദ്ധരായ നമ്മുടേയും ജീവിത ലക്ഷ്യം നല്ലൊരു ഉയിർത്തെഴുന്നേൽപ്പ് ആയിരിക്കണം എന്ന് സാരം.

കർത്താവിന്റെ മടങ്ങിവരവ് താമസിക്കുന്നുവെങ്കിൽ നാം എല്ലാവരും ഈ ലോകം വിട്ട് മാറ്റപ്പെടും.ആങ്ങനെയെങ്കിൽ നമ്മുടെ ലക്ഷ്യം ക്രിസ്തുവിൽ നല്ലൊരു ഉയിർപ്പായിരിക്കണം.ഏറ്റവും നല്ല ഉയിർപ്പ് ലഭിക്കണമെങ്കിൽ നമ്മുടെ മരണം ഏറ്റവും നല്ലതായിരിക്കണം.

### 2. നല്ല മരണം ആസ്വദിച്ചവർ:

a) അബ്രഹാം-'അബ്രഹാം വയോധികനും കാലസമ്പൂർണ്ണനുമായി നല്ല വാർദ്ധക്യത്തിൽ പ്രാണനെ വിട്ടു മരിച്ചു,തന്റെ ജനത്തോട് ചേർന്നു'(ഉൽ.25.8).

b) ഇയ്യോബ്-'അതിന്റെ ശേഷം ഇയ്യോബ് നൂറ്റിനാൽപ്പത് സംവത്സരം ജീവിച്ചിരുന്നു:അവൻ മക്കളേയും മക്കളുടെ മക്കളേയും നാല് തലമുറയോളം കണ്ടു.അങ്ങനെ ഇയ്യോബ് വൃദ്ധനും കാലസമ്പൂർണ്ണനുമായി മരിച്ചു'(ഇയ്യോ.42.16,17).

c) സ്തെഫാനോസ്-'അവനോ മുട്ടുകുത്തി: കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇത് പറഞ്ഞിട്ടു അവൻ നിദ്രപ്രാപിച്ചു'(പ്രവൃ.7.60).'തന്റെ ഭക്തന്മാരുടെ മരണം യഹോലയ്ക്ക് വിലയേറിയതാകുന്നു'(സങ്കീ.116.15).

ഭക്തന്മാർ മരിക്കുമ്പോലെ ഞാൻ മരിക്കട്ടെ എന്ന് ആഗ്രഹിച്ച ബിലെയാം(സംഖ്യ.23.10) ഭക്തനെപ്പോലെ ജീവിക്കാത്തതിനാൽ അവൻ ആഗ്രഹിച്ച് പ്രാർത്ഥിച്ചതുപോലെ മരിക്കാനായില്ല. പ്രാർത്ഥനയുടെ വാചകഘടനയിലല്ലാ മരണം ലഭിക്കുന്നത്. പ്രവർത്തിയും ജീവിതവും അനുസരിച്ചാണ്. നല്ല പ്രാർത്ഥന പ്രാർത്ഥിച്ച മനുഷ്യൻ പ്രാപിച്ച മരണം ശ്രദ്ധിക്കൂ! യിസ്രായേൽ മക്കൾ കൊന്നവരുടെ കൂട്ടത്തിൽ ബെയോരിന്റെ മകനായ ബിലെയാം എന്ന പ്രശ്നക്കാരനേയും വാൾ കൊണ്ട് കൊന്നു (യോശു.13.22) എന്ന് കാണാം. ഭക്തനെപ്പോലെ മരിക്കാൻ ആഗ്രഹിച്ചവൻ പ്രശ്നക്കാരനായി കൊല്ലപ്പെട്ടു.

സഭാപ്രസംഗി നമ്മെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ ആരംഭത്തേക്കാൾ അവസാനം നന്നായിരിക്കണം എന്നാണ്(സഭാ.7.8).അവസാനം നന്നായിരിക്കുന്നവർക്കാണ് നല്ല പുനരുത്ഥാനം ലഭിക്കുന്നത്. കഴിഞ്ഞ ലക്കത്തിൽ ഓർമ്മിപ്പിച്ച പി.ടി.ഉഷയെ ഓർക്കുന്നുണ്ടല്ലോ. ഓട്ടക്കളത്തിൽ ഓടി അനേക സമ്മാനങ്ങൾ വാരികൂട്ടിയ താരം.പലപ്പോഴും തന്റെ തുടക്കം നന്നായിരിക്കില്ലാ എന്നുള്ള കമന്റ്സ് നാം കേട്ടിട്ടുണ്ടല്ലോ.എന്നാൽ അവസാനം അവൾ നന്നാക്കുമായിരുന്നു.അതാണ് തന്നെ സമ്മാനത്തിനർഹയാക്കുന്നത്.തുടക്കം എത്ര നന്നായിരുന്നാലും അവസാനം നന്നായില്ലായെങ്കിൽ പ്രതിഫലം ലഭിക്കയില്ല. സ്നാനശുശ്രൂഷയിൽ സ്നാനാർത്ഥിയെ സ്നാപകൻ പ്രാർത്ഥിച്ച് ആശീർവദിക്കുമ്പോൾ പറയുന്നത് മരണപര്യന്തം വിശ്വസ്തനായിരിക്ക;എന്നാൽ ജീവകിരീടം പ്രാപിയ്ക്കാം എന്നാണ്.

മനുഷ്യജീവിതം തന്നെ മത്സരമാണ്. പിറന്ന് വീഴുമ്പോൾ മുതൽ മത്സരം ആരംഭിക്കുന്നു.മരണം വരെ ആ പോരാട്ടം നിലനിൽക്കുന്നു.ക്രിസ്തീയ ജീവിതം രണഭൂമിയും നാം അതിലെ യോദ്ധാക്കളുമാണ്. മിസ്രയീം വിട്ട യിസ്രായേൽ മക്കൾ യുദ്ധസന്നദ്ധരായിരുന്നു(പുറ.13.8).പരിശീലനം ലഭിച്ച യോദ്ധാവിന് മാത്രമേ യുദ്ധത്തിൽ വിജയികളാകാൻ കഴിയുകയുള്ളൂ.വിരുത് പ്രാപിക്കണമെങ്കിൽ പരിശീലനം ആവിശ്യമാണ്.

### 3. പരിശീലനം

പരിശീലനകാലം വളരെ ബുദ്ധിമുട്ടുള്ളതാണ്.മിലിട്ടറി പരിശീലനം കട്ടിയായതുകൊണ്ട് ഒളിച്ചോടിയ പലരുണ്ട്.കാരണം പരിശീലനകാലത്താണ് കൂടുതൽ ശിക്ഷ ലഭിക്കുന്നത്.പരിശീലനം കഴിയുമ്പോഴാണ് ശിക്ഷയുടെ ഗുണം നാം മനസിലാക്കുന്നത്.'ഏത് ശിക്ഷയും തൽക്കാലം സന്തോഷകരമല്ല;ദുഃഖകരമത്രേ എന്ന് തോന്നും;പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും'(എബ്രാ.12.11).മത്സരത്തിൽ/ പോരാട്ടത്തിൽ വിജയം കൈവരിക്കണമെങ്കിൽ അച്ചടക്കം (Discipline) ആവിശ്യമാണ്.

### 4.അച്ചടക്കം (Discipline)

അച്ചടക്കം,പരിശീലനം,ചിട്ട,അനുസരണം എന്നീ അർത്ഥങ്ങൾ കൊടുത്തിരിക്കുന്നു.ഒരു പ്രവർത്തി വിജയപ്രദമാകത്തക്കവിധത്തിൽ ഒരുവനെ പരിശീലിപ്പിച്ചെടുക്കുന്നതിനെയാണ് Discipline എന്ന് പറയുന്നത്.ഇന്ന് വിശ്വാസ ഗോളത്തിൽപോലും കുറവായിരിക്കുന്ന ഒന്നാണ് അച്ചടക്കം.അച്ചടക്കമുള്ളവർക്ക് മാത്രമേ വിജയകരമായ ക്രിസ്തീയജീവിതം നയിക്കാൻ കഴിയുകയുള്ളൂ.നമ്മിലുള്ള ദേഹം,ദേഹി,ആത്മാവ് എന്നീ മൂന്ന് പ്രധാന ഘടകങ്ങളേയും നാം അച്ചടക്കം പരിശീലിപ്പിക്കേണ്ടതായിട്ടുണ്ട്.

പൗലോസ് പറയുന്നു'അങ്കം പൊരുതുന്നവൻ ഒക്കേയും സകലത്തിലും വർജ്ജനം ആചരിക്കുന്നു.അതോ,അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന് തന്നേ'(1 കൊരി.9.25).ലോകം നൽകുന്നത് വാടുന്ന കിരീടമാണ്.ലോകപ്രകാരമുള്ള ജഡ്ജസിന് തെറ്റുപറ്റാം.വാടുന്ന കിരീടം പ്രാപിക്കുവാൻ ഇത്രത്തോളം അച്ചടക്കം ആവിശ്യമെങ്കിൽ ദൈവജനത്തിന് ലഭിക്കുവാനിരിക്കുന്ന വാടാത്ത കിരീടം പ്രാപിക്കുവാൻ അലസജീവിതമല്ല പിന്നയോ നമ്മുടെ ശരീരത്തേയും മനസിനേയും ആത്മാവിനേയും പൂർണ്ണനിയന്ത്രണത്തിൽ കൊണ്ടുവരണം. അത് നമ്മെ പരിശീലിപ്പിക്കുവാൻ നമുക്ക് നല്ല പരിശീലകൻ ഉണ്ടായിരിക്കണം.

### 5. പരിശീലകൻ (Trainer)

2കൊരി.10.3-5,ഗലാ.5.16-25, യോഹ.16.13,1 യോഹ.2.27.പരിശുദ്ധാത്മാവാണ് നമ്മുടെ പരിശീലകൻ. ആ നല്ല പരിശീലകന്റെ കീഴിൽ നാം ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ്,ഏത് വിചാരത്തേയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കണം.നമ്മുടെ മത്സരത്തിൽ നമ്മെ വിജയികളായിതീരുവാൻ പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകം നമ്മുടെ പ്രതിഫലത്തിന്റെ മൂല്യം അഥവാ വിലയാണ്.

### 6.സമ്മാനം (Prize)

എബ്രാ.12.2,10.34-36,1 പത്രോ.1.4-7,1 കൊരി.2.9.നമ്മുടെ പ്രതിഫലം സ്വർഗ്ഗത്തിൽ എന്നേക്കും നിലനിൽക്കുന്നതാണ്,വിലമതിക്കാൻ കഴിയാത്തതാണ്,നിത്യതയാണ്.ക്രിസ്തുവിനെ ക്രൂശ് സഹിക്കാൻ പ്രേരിപ്പിച്ചത് മുമ്പിലുള്ള സന്തോഷം കണ്ടതുകൊണ്ടാണ്.സ്തെഫാനോസ് മരണം കൈവരിച്ചത് പ്രതിഫലത്തിന്റെ വില ഗ്രഹിച്ചതുകൊണ്ടാണ്.മോശ ഫറവോന്റെ കൊട്ടാരം ഉപേക്ഷിച്ചത് ലഭിക്കുവാനിരിക്കുന്ന പ്രതിഫലം കണ്ടുകൊണ്ടാണ്.അതേ നാം നമ്മുടെ പ്രതിഫലത്തെക്കുറിച്ച് ബോധവാന്മാരായിരിക്കണം.

ആദ്യം നാം ഈ വിഷയം പഠിച്ചു എങ്കിൽ മാത്രമേ മറ്റുള്ളവരെ പഠിപ്പിക്കുവാൻ കഴിയുകയുള്ളൂ.ഒരു കുരുടന് മറ്റൊരു കുരുടനെ നയിക്കുവാൻ കഴികയില്ല.കുരുടനെ നയിക്കുന്നവൻ കാഴ്ചയുള്ളവനായിരിക്കണം(മത്താ.15.14,ലൂക്കോ.6.39). നാം ഒരിക്കൽ കുരുടന്മാരായിരുന്നു.എന്നാൽ യേശുക്രിസ്തു അഥവാ ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം നമ്മുടെ അന്ധത മാറ്റി. ധൈര്യമായി പറയാൻ കഴിയും ഇപ്പോൾ കാണാൻ കഴിയുന്നു എന്ന്. ദൈവജനം ഇന്ന് അന്ധരല്ല,കാഴ്ച പ്രാപിച്ചവരാണ്.ആകയാൽ നാം അന്ധന്മാരെ വഴികാട്ടുവാൻ കഴിവുള്ളവരാണ്.

മത്സരത്തിൽ നാം വിജയികളാകണമെങ്കിൽ നാം അഭ്യസനം വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണം.മുടങ്ങാതെ അത് പരിശീലിച്ചുകൊണ്ട് അനേകരെ പരിശീലിപ്പിച്ചുംകൊണ്ട് മുന്നോട്ട് പോകാൻ ദൈവം നമ്മെ സഹായിക്കട്ടെ.



## "ഹലോ ഹോപ്പ്"ഓൺലൈനിൽ

ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്ലൈനിൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിന്റെ ഒന്നാം ഇഷ്യുവിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ഖത്തർ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ് തുടങ്ങിയ 8 രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി www.godsownlanguage.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

HH Sisters' Outlook

# HOPE CLINGERS

***"Without Christ, there is no Hope"***
*- Charles Spurgeon*

Everything above your head and beneath your feet keeps shifting with passing time- the sands, the waves, the skies. The world is ever changing. A lot come and go by without giving human brains any clue. Man keeps trying to find what cannot be found, he keeps trying to prove with logics what cannot be proved by logics culminated by man himself. Sometimes he tries to confine God who cannot be confined. He tries to give him different names, different shapes... camouflage God to his own desires. Sadly, for many, God is a Jinn with a Magic Lamp who does nothing but miracles all the time. The course of Christian faith and the hardships of martyrs of Christ is nothing but an ancient story for today's generation. In this ever shifting world, it has become confusing for the younger people to choose the right path that is favourable in God's eyes.

Tangled with the overpopulated thoughts on education, career, family and the social circle that one feels so obliged to please, prayer life, faith and hope in God is deteriorating at great levels, unfortunately you won't find a research paper anywhere published saying 'A Study on Deteriorating Rates of Believers due to Impact of Growing Worldly Factors'. If this seems silly to us, it is not fellow being! Signs and events across the world proves it all... That Our Jesus is not Far Away. When the worldly bride starts preparing herself months before the wedding day, she cannot wait for the fabulous day to come! How much more should be the Hopes and Preparedness of God's children for His Coming? If you and your family had gone camping, no matter how cosy the tents you stay in are, you always know that it is temporary and not for your permanent living. But many are starting to feel that our tents are our places of permanent residence.

Psalm 39:4 David prays, Lord, remind me of how brief my time on earth will be. Remind me that my days are numbered, and that my life is fleeing away.
A higher vision of a life beyond what one's eyes can see can only be attained with HOPE and FAITH on Christ and his Coming! A sticky faith and a gecko's feet of Hope is what a Christian needs to move forward and complete this journey.



Angela Anna Anish

A gecko's feet sticks to ceilings that enables it to walk without falling due to a special force called van der Waals which includes forces of attraction and repulsion. Unlike glue or tape, a gecko's sticky feet attach and detach effortlessly, a trait envied by mechanical engineers. A Christian's hope should be like a gecko, who climb up the ladder to Christ by repelling worldly factors and attracting morals that be Christ-like. Be a Gecko of Hope! A strong clinger of Christ who reaches up to Him so that you will be saved and not lost!

# ഓറഞ്ച് കേക്ക്






സൂസമ്മ കുര്യൻ



## ചേരുവകൾ

മൈദ മാവ് / self raising flour
250 ഗ്രാം

ബേക്കിംഗ് പൗഡർ (self raising baking powder വേണ്ടാ)-
2 റ്റീ സ്പൂൺ

പഞ്ചസാര പൊടിച്ചത് – 250 ഗ്രാം

ബട്ടർ – 200 ഗ്രാം സ്ലാബ്

ഓറഞ്ച് ജ്യൂസ് – 1/2 കപ്പ്

ഓറഞ്ച് എസൻസ്സ് – 2 റ്റീ സ്പൂൺ

ഓറഞ്ച് തൊലി ഗ്രേറ്റ് ചെയ്തത്–
2 റ്റീ സ്പൂൺ

മുട്ട – 3 എണ്ണം

## തയ്യാറാക്കുന്ന വിധം

മൈദയിൽ ബേക്കിംഗ് പൗഡർ ചേർത്ത് തെള്ളി എടുക്കുക. വെണ്ണയിൽ പൊടിച്ച പഞ്ചസാര ചേർത്ത് നന്നായി മയപ്പെടുത്തുക. മുട്ടയുടെ മഞ്ഞയും,വെള്ളയും വേറെ വേറെ അടിക്കുക. വെണ്ണകൂട്ടിൽ മഞ്ഞചേർത്ത് വീണ്ടും അടിക്കുക. ഓറഞ്ച് നീരും,എസൻസും, തൊലി അരച്ചതും ചേർത്ത് ഇളക്കിയശേഷം മാവ് ചേർത്ത് ഇളക്കുക. അടിച്ചുവെച്ചിരിക്കുന്ന മുട്ട വെള്ളചേർത്തു തടിസ്പൂൺ കൊണ്ട് മാവിൽ ഇളക്കി യോജിപ്പിച്ച ശേഷം നേരത്തെ ചൂടാക്കിയിട്ട ഓവനിൽ 350 ഡിഗ്രിയിൽ ബേക്ക് ചെയ്യുക. ഐസിംഗ് വേണ്ടവർക്ക് ഒരു കപ്പ് ഐസിംഗ് ഷുഗറിൽ ഓറഞ്ച് നീര് കുറുകെ കലക്കി തയ്യാറാക്കി കേക്കിന്റെ മുകളിൽ ഒഴിച്ച് ഉപയോഗിക്കാം.

## കിച്ചൺ ടിപ്സ്

1. ദോശയ്ക്ക് അരച്ച മാവ് ഉടനടി ചുടണമെങ്കിൽ മാവിൽ കുറച്ച് തൈരും, അല്പം ബേക്കിംഗ് പൗഡറും ചേർത്ത് കലക്കി കുറച്ച് സമയം കഴിഞ്ഞ് ദോശയോ ഇഡ്ഡലിയോ ഉണ്ടാക്കാം.
2. ഫ്രീസറിൽ നിന്ന് എടുക്കുന്ന ചിക്കൺ വെള്ളത്തിൽ ഇട്ട് തണുപ്പ് കളയാതെ, തലേ ദിവസം ഫ്രിഡ്ജിന്റെ താഴെ തട്ടിൽ വെച്ച് ഐസ് കളയുക. മീനും വെള്ളത്തിലിട്ട് ഐസ് കളയരുത്.
3. നന്നായി പഴുത്ത തക്കാളി വീണ്ടും കട്ടിയാക്കാൻ ഒരു രാത്രി മുഴുവൻ ഉപ്പ് ലായനിയിൽ ഇട്ട് വെയ്ക്കുക.
4. കറിവേപ്പില ഉപ്പും,വിനാഗിരിയും ഇട്ട് നന്നായി കഴുകി വെള്ളം തുടച്ചശേഷം കുപ്പിയിൽ ഇട്ട് ഫ്രിഡ്ജിൽ വെച്ചാൽ കേടാകില്ല.
5. പാത്രം കരിഞ്ഞ് പിടിച്ചാൽ ഒരു വലിയ ഉള്ളി അരിഞ്ഞ് ഇട്ടതിനുശേഷം വെള്ളമൊഴിച്ച് തിളപ്പിക്കുക.

# ദൈവത്തെ അടുത്ത് അറിഞ്ഞ അബ്രഹാം



പാസ്റ്റർ പി.സി. വർഗീസ്
ശാരോൻ ഫെലോഷിപ്പ് ചർച്ച്

വിശ്വനാഗരികതയുടെ കളിതൊട്ടിലായ മെസെപ്പൊത്തോമ്യയിൽ ബഹുദൈവവിശ്വാസങ്ങൾക്ക് അടിത്തറയിട്ട കല്ദയ പട്ടണമായ ഊരിൽ നിന്നാണ് ദൈവം അബ്രഹാമിനെ വിളിച്ചത്.സനാതനനായ ദൈവത്തിന്റെ തിരുഹൃദയത്തിൽ മറഞ്ഞിരുന്ന ഒരു വ്യക്തി, ഒരു ജനത, ഒരു രാഷ്ട്രം എന്ന ആഗ്രഹം അബ്രഹാമിലൂടെ ദൈവം ദർശിച്ചു. ഒന്നാം ആദം വീണുപോയപ്പോൾ വീണ്ടെടുപ്പിനായി ഒടുക്കത്തെ ആദാമിനെ ഭൂമിയിലേക്കയക്കാൻ ദൈവത്തോടുകൂടെ നടന്ന ഹാനോക്കിനേയോ ദൈവത്തിന്റെ കൃപ ലഭിച്ച നോഹയേയോ തിരഞ്ഞെടുക്കാതെ ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്തു.

അബ്രഹാം ദൈവത്തേയും ദൈവം അബ്രഹാമിനേയും അടുത്തറിഞ്ഞ ചില സന്ദർഭങ്ങൾ വിവരിയ്ക്കാം.

### 1. വിളിയോടുള്ള ബന്ധത്തിൽ-തോജോമയ നായ ദൈവം (അപ്പൊ.പ്രവ.7:2)

അബ്രഹാമിന്റെ വിളിയിൽ തന്നെ തേജസ്സുണ്ടായിരുന്നു.അതിനനുസരിച്ച് മുന്നോട്ട് പോയ അബ്രഹാം വിശ്വാസികളുടെ പിതാവായി,വിശ്വാസ വീരന്മാരുടെ പട്ടികയിൽ ഇന്നും തേജസ്സുള്ളവനായി തന്നെ അറിയപ്പെടുന്നു. ക്രിസ്തീയജിവിതത്തിലേക്കുള്ള വിളിയിൽ തന്നെ നിതീകരണവും തേജസ്ക്കരണവും അടങ്ങിയിട്ടുണ്ട്.തേജസ്സാണ് നമ്മുടെ വിളിയുടെ പ്രത്യേകത എന്നതിനാൽ ഈ വിളിയെ ഉന്നതവിളി,പരമവിളി എന്നൊക്കെ വേദപുസ്തകം പരിചയപ്പെടുത്തുന്നു.തേജസ്സിന്റെ പൂർത്തീകരണം വിളിയുടെ പൂർത്തീകരണം എന്ന് പറയാം.വിളിയുടെ പൂർത്തീകരണം നടക്കുന്നത് നാം ഇവിടുന്ന് എടുക്കപ്പെടുമ്പോഴാണ്.അതുവരെ നാം ഭൂമിയിൽ വിളിയുടെ ഉദ്ധേശം നിവർത്തിക്കണം.നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പൊൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.അങ്ങനെയെങ്കിൽ വിളിക്കപ്പെട്ട നാം തേജസ്ക്കരിക്കപ്പെട്ട ശരീരത്തിൽ തേജോമയനായ കർത്താവിനോടുകൂടെ തേജോപൂർണ്ണരായി എന്നുമെന്നും ആയിരിക്കും.കർത്താവിനോടുകൂടെയുള്ള നമ്മുടെ നിത്യത തേജസ്സേറിയതായിരിയ്ക്കും(2 കൊരി.3:18).

### 2.തീരുമാനത്തോടുള്ള ബന്ധത്തിൽ-അത്യുന്നതനായ ദൈവം(ഉൽ.14:21-23)

സോദോം രാജാവിന്റെ വാഗ്ദാനങ്ങൾ നിരസിക്കാനുള്ള തീരുമാനം എടുത്തപ്പോഴാണ് ദൈവത്തെ അത്യുന്നതദൈവമായ യഹോവ എന്ന് അബ്രഹാം അറിഞ്ഞത്.ഞാൻ നിന്നെ സമ്പന്നനാക്കിയെന്ന് നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാകട്ടെ ചെരിപ്പുവാറാകട്ടെ നിനക്കുള്ളതിൽ യാതൊന്നുമാകട്ടെ എടുക്കയില്ല എന്ന് സോദോം രാജാവിനോട് മടികൂടാതെ പറഞ്ഞു.ദൈവം എന്നെ സമ്പന്നനാക്കിയെന്ന് എനിക്ക് പറയണം എന്ന് പറഞ്ഞുകൊണ്ട് രാജാവിന്റെ എല്ലാ വാഗ്ദാനങ്ങളേയും ചവറ് എന്ന് എണ്ണികൊണ്ട് അത്യുന്നതനായ ദൈവത്തിൽ ആശ്രയിപ്പാനുള്ള ഉറച്ചതീരുമാനം എടുത്തു.

നമ്മുടെ തീരുമാനങ്ങളോടുള്ള ബന്ധത്തിൽ ദൈവം നമുക്ക് അത്യുന്നതനാണെങ്കിൽ അതിൽ ഉറയ്ക്കാനോ നിലനിൽക്കാനോ പൂർത്തീകരിക്കാനോ പ്രയാസപ്പെടേണ്ടതില്ല.നമ്മുടെ പല തീരുമാനങ്ങളും നിവർത്തിക്കുവാൻ കഴിയാത്തതിന്റെ കാരണം അതിന്റെ അടിസ്ഥാനം അത്യുന്നതനായ ദൈവത്തിലായിരുന്നില്ല എന്നതുകൊണ്ടാണ്.

ലോകം നമുക്ക് നൽകുന്ന മോഹനവാഗ്ദാനങ്ങൾ പലപ്പോഴും സോദോം രാജാവിന്റേതുപോലെയാണ്.അത് സ്വീകരിച്ചാൽ സാവധാനത്തിൽ ആരാധന നഷ്ടമാക്കി,ആത്മീയ ജീവിതത്തിൽ നിന്ന് തന്നെ നമ്മെ പിൻതിരിപ്പിക്കും.ഇപ്പോൾ തന്നെ അനേകർ അതിന്റെ പി ന്നാലെ പോയി കഴിഞ്ഞു.മണ്ണേ പ്രതി മാണിക്യം വെടിയാതിരിക്കണമെങ്കിൽ അത്യുന്നതനായ ദൈവവുമായി നല്ല ബന്ധം ഉണ്ടായിരിക്കണം.

### 3. ഉടമ്പടിയോടുള്ള ബന്ധത്തിൽ-സർവ്വശക്തിയുള്ള ദൈവം(ഉൽ.17:1)

ദൈവം സർവ്വശക്തിയുള്ളവനായി അബ്രഹാമിന് വെളിപ്പെട്ട ഉടനെ തന്നെ പരിച്ഛേദന എന്ന ഉടമ്പടിയിലൂടെ അബ്രഹാം തലമുറ തലമുറയായി ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടു.

നാം ദൈവവുമായി എടുക്കുന്ന എല്ലാ ഉടമ്പടികളും നിവർത്തിക്കുവാൻ ദൈവം സർവ്വശക്തൻ. എന്നാൽ നാം അശക്തരാണ്.അശക്തരായ നമ്മെ ദൈവീക ഉടമ്പടിയിൽ ശക്തരാക്കിതീർത്ത് പൂർത്തീകരണത്തിലേക്ക് കൊണ്ടുവരണമെങ്കിൽ സർവ്വശക്തനുമായി നല്ല ബന്ധം ഉണ്ടായിരിക്കണം.

### 4. ആരാധനയോടുള്ള ബന്ധത്തിൽ-നിത്യദൈവം (ഉൽ.21:33)

അബ്രഹാം ബേർ-ശേബയിൽ ഒരു പിചുലവൃക്ഷം നട്ട് യഹോവയുടെ നാമത്തിൽ ആരാധന കഴിച്ചപ്പോഴാണ് നിത്യദൈവത്തെ അടുത്തറിഞ്ഞത്.ആരാധന അബ്രഹാമിന്റെ ജീവിതത്തിന്റെ മുഖ്യവിഷയമാണ്.താൻ എവിടെയായിരുന്നാലും അവിടെ യാഗപീഠമുണ്ട്,യാഗമുണ്ട്,ആരാധനയുണ്ട്.ആരാധന ഇന്ന് തുടങ്ങി നാളെ തീർക്കാനുള്ളതല്ല.ഇന്നലെ തുടങ്ങി ഇന്ന് അവസാനിപ്പിക്കാനുള്ളതുമല്ല.നിത്യനായ ദൈവത്തിനുള്ള ആരാധന നിത്യമായിരിക്കണം,നിത്യേനയുള്ളതായിരിക്കണം.

നമ്മുടെ ആരാധനകൾ കാലോചിതമായി മാറിപ്പോയി.സമയം കിട്ടിയാൽ,ബുദ്ധിമുട്ടുണ്ടായാൽ,രോഗം വന്നാൽ നാം ആരാധനയ്ക്കുത്സുരകരാണ്.അങ്ങനെയല്ല,സുഖത്തിലും ദുഃഖത്തിലും നിത്യേനയുള്ള ആരാധനയാണ് നിത്യജീവന്റെ അവകാശികളിൽ നിന്നും നിത്യനായ ദൈവം ആഗ്രഹിക്കുന്നത്.

ആരാധന ഭൂമികൊണ്ട് അവസാനിക്കുന്നതല്ല.ഇവിടം വിട്ടാലും നിത്യതയിൽ കർത്താവുമായി ഒരുമിച്ച് ആയിരിക്കുമ്പോഴും അവന്റെ മുഖം കണ്ട് ആരാധിക്കുന്ന ആരാധകരായിരിക്കും നാമെല്ലാവരും. ഇന്ന് നാം അവനെ കാണാതെ ആരാധിക്കുന്നു.അന്ന് അവനെ കണ്ടുകൊണ്ട് ആരാധിക്കും.അങ്ങനെ ഭൂമിയിൽ തുടങ്ങിയ ആരാധന നിത്യതയിൽ തുടർന്ന് അവസാനമില്ലാതെ നീണ്ടുപോകും എന്നതിന് യാതൊരു സംശയവുമില്ല.

വിളിയിൽ തേജോമയനായ ദൈവമായി,തീരുമാനത്തിൽ അത്യുന്നതനായ ദൈവമായി,ഉടമ്പടിയിൽ സർവ്വശക്തിയുള്ള ദൈവമായി,ആരാധനയിൽ നിത്യനായ ദൈവമായി,അബ്രഹാം ദൈവത്തേയും ദൈവം അബ്രഹാമിനേയും അടുത്തറിഞ്ഞതുപോലെ ദൈവത്തിന് നമ്മേയും നമുക്ക് ദൈവത്തേയും അടുത്തറിയാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# പൂക്കൾ തനിയെ വിരിയട്ടെ

ജിജോ അങ്കമാലി

*(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

മനുഷ്യാ നീ പാപിയാണെന്നും പാപത്തിന്റെ ശമ്പളം മരണമാണെന്നും തുറന്ന് പറയണം. കേൾക്കുന്ന വ്യക്തി ഹൃദയത്തിൽ കുത്തുകൊണ്ട് പാപബോധത്താൽ കരഞ്ഞ് ‘രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം‘ എന്ന് സ്വയം ചോദിക്കാൻ ഇടവരണം. ക്രൂശിക്കപ്പെട്ട ക്രിസ്തുവും,ക്രൂശിൽ ചൊരിഞ്ഞ രക്തവുമാണ് പാപമോചനത്തിനുള്ള ഏകവഴി എന്നറിഞ്ഞ് യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുമ്പോഴാണ് വീണ്ടും ജനനം നടക്കുന്നത്. അഥവാ പൂക്കൾ തനിയെ വിരിയുന്നത്. ഇങ്ങനെ രക്ഷിക്കപ്പെട്ടവരെ മാത്രമേ നാം സ്നാന ജലത്തിലേയ്ക്കാനായിക്കാവൂ. ‘ഉണങ്ങിയ പാപി’ യെ ‘നനഞ്ഞ പാപി’ യാക്കുന്നതിനുള്ളതല്ല സ്നാനം. മരിച്ചവരെ മാത്രമേ കുഴിച്ചിടാവൂ. അതിനെയാണ് ‘ശവസംസ്കാരം’ എന്ന് പറയുന്നത്. ജീവനോടെ കുഴിച്ചിടുന്നതിനെ ’ശരീരസംസ്കാരം’ എന്നാണ് വിളിക്കേണ്ടത്. ഇന്ന് നമ്മുടെ സ്നാനജലത്തിൽ നാം കാണുന്നത് ശരീരസംസ്കാരമല്ലേ?

പാപിയായ ഒരുവൻ മാനസാന്തരപ്പെട്ടിട്ടുവേണം സുവിശേഷത്തിൽ വിശ്വസിക്കാൻ (അപ്പൊ.2:38,3:19,17:30).പാപബോധമുണ്ടായാലേ മനസാന്തരപ്പെടാനാകൂ. ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവാണ് സുവിശേഷം (2 തിമോ.2:8,9 ). പാപമില്ലാത്തവനായ് ജനിച്ച്,പാപികൾക്കായി രക്തം ചിന്തി മരിച്ച്, മരണത്തെ ജയിച്ചുയ?ത്ത് ഇന്നും ജീവിക്കുന്ന യേശുക്രിസ്തു മാത്രമാണ് സുവിശേഷം.

തെളിവായ് സുവിശേഷം പറഞ്ഞിട്ട് രക്ഷിപ്പെടുന്നവർ മാത്രം രക്ഷിക്കപ്പെട്ടാൽ മതിയെന്ന് തീരുമാനിച്ചുറയ്ക്കണം. തെറ്റായ തീരുമാനം ഒരാൾ എടുക്കാൻ ഇടവന്നാൽ ആയതിന്റെ കണക്കു കൂടെ ദൈവം നമ്മോട് ചോദിച്ചു എന്നുവരാം. രക്ഷിക്കപ്പെടാത്ത ഒരു പാപിയെ രക്ഷയിലേക്ക് നയിക്കുന്നതിലും പ്രയാസമാണ് രക്ഷിക്കപെട്ടു എന്ന ‘മിഥ്യാധാരണയിൽ’ ജീവിക്കുന്ന ഒരു പാപിയെ രക്ഷയിലേക്ക് കൊണ്ടുവരാൻ. ഉറങ്ങുന്നവനെ ഉണർത്താൻ എളുപ്പമാണ്. ഉറക്കം നടിക്കുന്നവനെ ഉണർത്തുക അത്ര എളുപ്പമല്ല. പൂമൊട്ടിന്റെ ഇതളുകൾ വിടർത്തികൊടുത്താൽ പൂ വിരിഞ്ഞു എന്ന് തോന്നിയേക്കാം. എന്നാൽ ഓർക്കുക, പൂമൊട്ടുകൾ വിരിയിയ്ക്കുക എന്ന ദൗത്യം ദൈവത്തിന്റേതാണ്(1കോരി.3:6). നമ്മുടേതല്ല. നാം ചെയ്യേണ്ടത് നടുക,നനയ്ക്കുക,വളമിടുക എന്നീ വിധത്തിലുള്ള കണ്ണുനീരിന്റെ ശുശ്രൂഷയാണ്. ദൈവം തന്റേതായ സമയത്ത് വളരുമാറാക്കിക്കൊള്ളും. കർത്താവാണ് രക്ഷിക്കപ്പെടുന്നവരെ സഭയോട് ചേർക്കുന്നത് (അപ്പൊ.2:47) നമ്മളല്ല.

പൂക്കളെ സ്നേഹിക്കുന്നവരേ, നമ്മുടെ പൂന്തോപ്പിലെ പൂക്കൾ നാമായിട്ട് മാനുഷീക ഇടപെടലുകളാൽ വിരിയിക്കാൻ ശ്രമിക്കരുത്. അതാതിന്റെ സമയത്ത് ഓരോ പൂമൊട്ടും ദൈവാത്മാവിന്റെ ഉൾക്രിയയാൽ സ്വയം വിരിയണം. അത്തരം പൂക്കളല്ലേ സൗരഭ്യം തരൂ? അത്തരം പൂക്കൾക്കല്ലേ ശോഭയും ജീവനും ഉണ്ടാകൂ? ഈ വിധം വിരിഞ്ഞ പൂക്കളിൽ മാത്രമല്ലേ തേനുണ്ടാവൂ? ഇത്തരം പൂക്കളിലേക്ക് മാത്രമല്ലേ മധുനുകരാൻ വണ്ടുകൾ പറന്നെത്തുകയുള്ളൂ? ആകയാൽ പൂക്കൾ തനിയെ വിരിയട്ടെ.

# 'സംഘടനാ സ്പിരിറ്റോ അതോ ആത്മഭാരമോ?'



ജോർജ്ജ് കുര്യൻ (ബിനു)

ചില നാളുകളായി കേരളത്തിലെ പെന്തക്കോസ്തു ഗോളത്തിൽ നിന്നും ഉയർന്ന് വരുന്ന വാർത്തകൾ, സഭയുടെ നേതൃനിരയിൽ നിൽക്കുന്നവരെ അപകീർത്തിപ്പെടുത്തുന്ന നിരവധി സംഭവങ്ങൾ നാം സോഷ്യൽ മീഡിയകളിലൂടെ കാണുകയും കേൾക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

സഭയ്ക്ക് നേതൃത്വം നൽകുന്നവർ ഉപദേശത്തിൽ നിർമ്മലതയും ഗൗരവവും ആക്ഷേപിച്ചുകൂടാത്ത പത്ഥ്യവചനവും ഉള്ളവർ ആയിരിക്കേണം(തീത്തോ.2.8) എന്നത് തർക്കമില്ലാത്ത വസ്തുതയാണ്. ദൈവദാസന്മാർ ബലഹീന വിശ്വാസികളിൽ ഉപദേശ വിഷയങ്ങളിൽ സംശയവും,അസ്ഥിരതയും ഉണ്ടാക്കുന്ന കാര്യങ്ങളിൽ ഇടപെടാൻ പാടില്ല.ദൈവദാസന്മാരുടെ ഈ പ്രവർത്തികൾ ബലഹീന വിശ്വാസികൾ മറ്റ് പലതിനുമുള്ള ലൈസൻസായി ഉപയോഗിക്കുവാൻ സാദ്ധ്യതയുണ്ട്.

എന്നാൽ ഈ വിഷയങ്ങൾ സോഷ്യൽ മീഡിയയിലേക്ക് വലിച്ചിഴക്കപ്പെടുന്നത് നിർഭാഗ്യകരമാണ്. ഇത് പെന്തക്കേസ്ത് സഭകൾക്ക് മൊത്തത്തിൽ ക്ഷീണവും, സഭകളുടെ വളർച്ചയെ മുരടിപ്പിക്കുന്നതും ആയിരിക്കും എന്നതിൽ തർക്കമില്ല. ഇവിടെ വിജയം കൊയ്യുന്നത് സാത്താനായിരിക്കും. സോഷ്യൽ മീഡിയകളിലൂടെ ഈ സംഭവങ്ങൾ അവിശ്വാസികളുടെ കൈകളിലും എത്തുന്നു. ഇതിലും ഭേദം ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയാണെന്ന് നല്ലതെന്ന് അവർ ചിന്തിക്കുകയും അതിൽ തന്നെ തുടരുവാൻ അവരെ പ്രേരിതരാകുകയും ചെയ്യുന്നു.തന്മൂലം പുതിയ വിശ്വാസികൾ(ആത്മാക്കൾ) സഭകളിലേക്ക് കടന്നു വരുന്നതിന് നാം തടയിടുന്നു. അവരെ നാം നരകത്തിലെത്തിക്കുന്നു.കള്ളനാണയങ്ങളെ നാം പുറത്ത് കൊണ്ടുവരണം. എന്നാൽ നാം അത് വിവേകത്തോടുകൂടി ചെയ്യണം.

സഭകളെ നശിപ്പിച്ച് കളയുന്ന ചെറുകുറുക്കന്മാർ സാത്താന്റെ ഏജന്റന്മാരായി സഭകളിൽ വിലസുന്നു.അവരുടെ ലക്ഷ്യം സഭകളെ മുടിച്ച് കളയുക എന്നതാണ്. സഭാ സംഘടനകൾ തമ്മിൽ പരസ്പരം ആരോപണങ്ങൾ ഉന്നയിച്ച് സഭകളെ തകർക്കുവാൻ ശ്രമിക്കുമ്പോൾ ഓർക്കുക-ഈ കപ്പൽ ഒരുമിച്ച് മുങ്ങുകയാണ്. പെന്തക്കോസ്ത് ഗോളത്തിന് മൊത്തത്തിൽ ഇത് അപമാനകരമാണ്.



ഏത് പെന്തക്കോസ്ത് പ്രസ്ഥാനങ്ങളായാലും ഇവയ്ക്ക് ഏതെങ്കിലും ഒരു പ്രസ്ഥാനത്തിനുാകുന്ന തകർച്ച, ക്രമേണ മറ്റ് പ്രസ്ഥാനങ്ങളുടേയും തകർച്ചയ്ക്ക് കാരണമാകും. ആയതിനാൽ പെന്തക്കോസ്ത് ആകുന്ന ഈ കപ്പൽ മുങ്ങാതെ നോക്കുക എന്നത് നമ്മുടെ ഓരോരുത്തരുടേയും കർത്തവ്യമാണ്.അല്ലെങ്കിൽ നാം ഓരോരുത്തരും പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ മനംമടുത്ത് സാത്താന്റെ കരങ്ങളിൽ ചെന്നെത്തപ്പെടുന്ന ജീവിതങ്ങൾക്ക് കണക്ക് ബോധിപ്പിക്കേണ്ടിവരും.

കർത്താവ് വരുവാൻ അടുത്തിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ സംഘടനാ സ്പിരിറ്റ് വിട്ടിട്ട് നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെക്കുറിച്ചുള്ള ഒരു ആത്മഭാരം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാകുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

# ഉപവാസ പ്രാർത്ഥനയ്ക്ക് അനുഗ്രഹ സമാപ്തി

HH Reporter

ഐപിസി ബഹ്റിൻ 21 ദിവസത്തെ ഉപവാസ പ്രാർത്ഥന അനുഗ്രഹമായി നടന്നു. ബ്രദർ സാജു ജോൺ മാത്യു, ബ്രദർ ജോൺ തോമസ് (ഖത്തർ), പാസ്റ്റർ രാജു ജോൺ (ഹൂസ്റ്റൺ) തുടങ്ങിയവർ വചന ശുശ്രൂഷകൾ നിർവഹിച്ചു. പാസ്റ്റർ റ്റി.റ്റി.തോമസ്, പാസ്റ്റർ എം.ജെ.ഡേവിഡ്, പാസ്റ്റർ തങ്കരാജ്, പാസ്റ്റർ ജെയ്സൺ കെ.കെ എന്നിവർ കൂട്ടായ്മകൾക്ക് നേതൃത്വം കൊടത്തു.

# MEPC പ്രയർ മീറ്റിംഗ്

HH Reporter

മിഡിൽ ഈസ്റ്റ് പെന്തെക്കോസ്തൽ ചർച്ചിന്റെ (MEPC) ഈ വർഷത്തെ രണ്ടാമത്തെ പ്രയർ മീറ്റിംഗ് ജൂൺ 3-ാം തീയതി നടക്കുമെന്ന് പ്രസിഡന്റ് പാസ്റ്റർ ജെയ്സൺ കുഴിവിള അറിയിച്ചു. പ്രയർ കോഡിനേറ്റർ ബ്രദർ ഡേവിസ് ജോൺ പ്രാർത്ഥനാ വിഷയങ്ങൾ പങ്കു വയ്ക്കുകയും ബ്രദർ പ്രസാദ് ജോയി വർഷിപ്പ് ലീഡ് ചെയ്യുകയും ചെയ്യും.

# ഇന്റഗ്രേറ്റഡ് ഓഡിയോ ബൈബിൾ ഉള്ള ആദ്യ മലയാളം ബൈബിൾ ആപ്പുമായി 'ഗോഡ്സ് ഓൺ ലാംഗ്വേജ്'





ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് നിങ്ങൾക്ക് മലയാളം ബൈബിൾ ആൻഡ്രോയിഡ് ഫോണുകളിൽ ഓഫ്ലൈൻ ആയി വായിക്കാം. വായിക്കുന്ന ഭാഗം അതെ സമയം തന്നെ ശ്രവിക്കുവാൻ കൂടി സഹായിക്കുന്ന ഓഡിയോ ബൈബിൾ ഇന്റഗ്രേഷൻ ഈ ആപ്പിന്റെ മാത്രം സവിശേഷതയാണ്. (നിലവിൽ പുതിയ നിയമം മാത്രം). ഡൌൺലോഡ് ചെയ്യുവാൻ സന്ദർശിക്കുക ***: http://www.godsownlanguage.com/mal/Android_Bible***

ഈ ബൈബിൾ ഓൺലൈൻ വായിക്കുവാനും, നിങ്ങളുടെ വെബ്സൈറ്റ് / ബ്ലോഗ്ഗിൽ സൗജന്യമായി ആഡ് ചെയ്യുവാനും സന്ദർശിക്കുക : ***www.malayalambible.info.***

മലയാളത്തിൽ ഇന്ന് ലഭ്യമായിരിക്കുന്ന വിവിധ ക്രൈസ്തവ റിസോഴ്സുകൾ ഒരു കുടക്കീഴിൽ സൗജന്യമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം ആരംഭിച്ച ***www.GodsOwnLanguage.com*** എന്ന വെബ്സൈറ്റിന്റെ പിന്നണി പ്രവർത്തകരുടെ ശ്രമഫലമായാണ് മലയാളം ബൈബിൾ സൗജന്യ ഓൺലൈൻ ആപ്ലിക്കേഷൻ രൂപത്തിൽ പുറത്തിറങ്ങിയത്.

## HH Butterflies



Praisy Mariam Thomas



# The Gospel Hidden in Genesis


Rev. Georgy Mathew Alexios

When we hear the term 'gospel' or 'good news,' we assume that it first appears in the New Testament section of the Bible. Well, the answer may surprise you.

## An Integrated Message

The Bible is a message system: it is not simply 66 books penned by around 40 authors over thousands of years. The Bible is an integrated whole bearing evidence of supernatural precision engineering in every detail. The Jewish rabbis have an old-fashioned way of expressing this idea. They say that they will not fully understand the Scriptures until the Messiah comes. When He comes, He will not only interpret the passages, but also interpret the very words, the very letters, and even the spaces between the letters. This seems to be sensible in light of Jesus' saying in Matt. 5:17-18 – *"Do not think that I came to destroy the Law or the Prophets. I did not come to destroy but to fulfill. For assuredly, I say to you, till heaven and earth pass away, one jot or one tittle will by no means pass from the law till all is fulfilled."*A jot and tittle are the Hebrew equivalents of our dotting an *i*a nd the crossing of a *t*.

An amazing example of this can be seen in Genesis chapter 5, where the genealogy of Adam through Noah is mentioned. Since we normally don't give much attention to passages involving genealogies, numbers, dates, etc., we often tend to skim over this passage quickly as it is simply a genealogy from Adam to Noah. But God always rewards the diligent student, who rightly divides the word of truth (2 Tim. 2:15). Let us examine this chapter more closely and see what their names mean.

## Meanings of the Names

The genealogical names of the first ten patriarchs are seen in Gen. 5:1-29. The ten Hebrew names are proper names. They are not translated, but can be transliterated to approximate the way they were pronounced. For this, a study of the original rootsof those names can yield some intriguing results.

### Adam

The first name, Adam, means "man" coming fromthe root 'dm. As the first man, that meaning is straightforward.

### Seth

The son of Adam was named Seth, which means "appointed," coming from the root shith. When he was born, Eve said, "For God has appointed another seed for me instead of Abel, whom Cain killed" (Gen. 4:25).The same root is seen in Gen. 30:40.

### Enosh

The son of Seth was called Enosh, which means "mortal," "frail," or "weak," coming from the root anash. The same root is seen in Job 34:6; Micah 1:9.

### Cainan

The son of Enoshwas named Cainan, which can mean "a sad poem," "a dirge," or "lamentation." It comes from the root qyn and this same root is seen in 2 Chron. 35:25; Jer. 7:29.

### Mahalalel

The son of Cainan was named Mahalalel, which is a compound word comprising of two elements. The first part of the name comes from the root halal, which means "to praise." The second part of the name is El, the abbreviation for Elohim God. The name can mean "praise of God," or "the blessed God."

### Jared

The son of Mahalalel was named Jared, which comes from the root verb yarad, meaning "to come or go down," "to descend."

### Enoch

The son of Jared was named Enoch, which comes from the root hnk. The verbal form means "to train up," "dedicate," "teach."

### Methuselah

The son of Enoch was named Methuselah, which comes from two roots. The first part's cognate root verb mut means "to die," "to kill," "death." The second part comes from the verb shalach, meaning "to send," "to send forth." So Methuselah can mean "his death shall send forth," or "his death shall bring."

The Flood of Noah was preached for four generations and it did not come as a surprise. When Enoch was 65 years old, "he walked with God." Apparently Enoch could have received the prophecy of the Great Flood in that as long as his son was alive, the judgement by flood would be withheld; but as soon as he died, the flood would be sent forth. Enoch named his son as Methuselahto reflect this prophecy. Indeed in the year that Methuselah died, the flood came. Methuselah was 187 years old when he had Lamech, and lived 782 years more. Lamech had Noah when he was 182 years old (Gen. 5:25-28). The Flood came in Noah's 600th year (Gen. 7:6, 11). Methuselah was 969 years old (187+182+600) when he died (Gen. 5:27). Methuselah's life was a symbol of God's mercy in delaying the impending judgement by the Flood.

### Lamech

The son of Methuselah was named Lamech, coming from the root lmk, meaning "to make low," "depressed," "humiliated." Lamech can mean "despairing" also.

### Noah

The son of Lamech was named Noah, coming from the root verb nuah, meaning "rest," "comfort."

The Combined List of the Names

Let's put all the names together in their respective order.

| *Hebrew* | *English* |
|---|---|
| Adam | Man |
| Seth | Appointed |
| Enosh | Mortal |
| Cainan | Lamentation or Sorrow |
| Mahalalel | The Blessed God |
| Jared | Shall come down |
| Enoch | Teaching |
| Methuselah | His death shall bring |
| Lamech | Despairing |
| Noah | Rest |

That's amazing:

***Man (is) appointed mortal sorrow; (but) the Blessed God shall come down teaching (that) His death shall bring (the) despairing rest.***

Do you now see the Gospel message within the genealogy in Genesis? It is hard to imagine that a group of Jewish rabbis deliberately planned to hide the "Christian gospel" in a genealogy within their revered Torah.This shows that Scripture is inspired by the Holy Spirit and in the first chapters of the Book of Genesis itself, God had already designed His plan of redemption for humanity. It is the beginning of a love story culminated by the writing in blood on a wooden cross erected in Judea almost 2,000 years ago.

## GREEK Vocabulary

Pastor Wilson Cherian

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | Θεὸς | Theos | God | John 1:1 |
| 2 | Κύριος | Kurios | Lord/master | Matthew 10:25 |
| 3 | Ξριστός | Christos | Christ/anointed one | Matthew 1:16 |
| 4 | ἀπόστολος | apostolos | apostle/messenger | John 13:16 |
| 5 | Α‡γγελος | Iēsous | Jesus | Matthew 1:16 |
| 6 | Ἄγγελος | Aggelos | Angel/Messenger | Luke 1:19 |
| 7 | Ἀδελφὸς | Adelphos | Brother | 1 Corinthians 1:1 |
| 8 | Σοφός | Sophos | Wise | 1 Corinthians 1:20 |
| 9 | Λαο‡ς | Laos | People | Acts 3:9 |
| 10 | Ο‡χλος | Ochlos | Crowd | Mark 4:1 |

# ‘ദൈവം സ്നേഹം തന്നെ’



പാസ്റ്റർ ലിജോ മാത്യു
CGFGPF Bahrain

അപ്പൊസ്തലനായ യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിന്റെ 4-ാം അദ്ധ്യായം 8,16 വാക്യങ്ങളിൽ ‘ദൈവം സ്നേഹം തന്നേ‘ എന്ന് വായിക്കുന്നു. ഈ ലോകത്തിൽ ഇപ്പോൾ ദൈവങ്ങളുടെ പേരിൽ പരസ്പരം പോരടിക്കുകയും അനേകർ മരിക്കുകയും ചെയ്യുമ്പോൾ അഖിലാണ്ഡത്തെ സൃഷ്ടിച്ചവനായ സർവ്വശക്തനായ ദൈവത്തെക്കുറിച്ച് യോഹന്നാൻ ആത്മാവിൽ വിളിച്ച് പറയുന്നു ദൈവം സ്നേഹം ആകുന്നുവെന്ന്. ആ ദൈവസ്നേഹം പ്രകടിപ്പിച്ചത്,പാപികളായ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി തന്റെ പുത്രനായ യേശുവിനെ ലോകത്തിലേക്കയച്ചു. തന്മൂലം പാപത്തിന്റെ ശമ്പളമായ നിത്യമരണത്തിലേക്ക് വിധിക്കപ്പെട്ടവർക്ക് ഒരു പ്രത്യാശയായി,രക്ഷയുടെ ഉറവായി ക്രിസ്തു മാറി.

‘ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്ക് വേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു‘(റോമ.5:8). ഇതാണ് ദൈവസ്നേഹത്തിന്റെ പ്രകടമായ പ്രദർശനം. നാം ദൈവത്തെ അറിയുന്നതിന് മുമ്പേ അഥവാ പാപികളായിരിക്കുമ്പോൾ തന്നെ സത്യദൈവത്തിനും സത്യവചനത്തിനും വിരുദ്ധമായി പാപം ചെയ്തു പാപപങ്കിലമായ വഴികളിൽ നടന്നപ്പോൾ രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് നമ്മുടെ പാപത്തിന്റെ പരിഹാരത്തിനായ് നമുക്കുവേണ്ടി തന്റെ ഏകജാതനായ ക്രിസ്തുവിനെ നമുക്ക് പകരമായി യാഗം അർപ്പിച്ച് നമ്മെ നിത്യമരണത്തിൽ നിന്നും വീണ്ടെടുത്തു.

നമുക്ക് അന്യമായിരുന്ന നിത്യസമാധാനം,നിത്യസന്തോഷം,നിത്യത തുടങ്ങിയവ നമുക്ക് ദാനമായി ലഭിച്ചിരിക്കുന്നു.മുമ്പേ നാം ഈ ലോകത്തിന്റെ കാലഗതിയേയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനേയും അനുസരിച്ച് നടന്നു.കൂടാതെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു.ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായത് ചെയ്തും കൊണ്ട് മറ്റുള്ളവരേപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു(എഫെ.2:2,3). മാത്രവുമല്ല പ്രകൃതിയാൽ ജാതികളായിരുന്നു. നാം ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു(എഫെ.2:11,12). എന്നാൽ കരുണാസമ്പന്നനായ ദൈവമോ,നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളിൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചു.ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.

ഇന്ന് അനേകം വ്യക്തികളിൽ,സുഹൃത്ത് ബന്ധങ്ങളിൽ,കുടുംബങ്ങളിൽ,സമൂഹത്തിൽ വ്യാജവും സ്വാർത്ഥവുമായ സ്നേഹം നമുക്ക് ദർശിക്കുവാൻ കഴിയും.കുടുംബാംഗങ്ങൾക്കിടയിൽപോലും സ്നേഹം കുറഞ്ഞുവരികയും ശത്രുക്കളായി ജീവിക്കുന്ന ഒരു കാലഘട്ടത്തിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. മാനുഷികമായ സ്നേഹബന്ധങ്ങൾ പലതും കൊലപാതകങ്ങളിലും ആത്മഹത്യയിലും അവസാനിക്കുന്നു. എന്നാൽ നാം അറിയാതെ നമ്മെ പിന്തുടരുന്ന ദൈവസ്നേഹത്തെക്കുറിച്ച് അറിയുന്നത് എത്രയോ നല്ലത്.നമ്മുടെ മാതാപിതാക്കളേക്കാൾ സഹോദരങ്ങളേക്കാൾ സുഹൃത്തുക്കളേക്കാൾ നമ്മെ സ്നേഹിക്കുന്ന ദൈവത്തെ തിരിച്ചറിഞ്ഞ് ആ ദൈവത്തെ നമുക്ക് സ്നേഹിയ്ക്കാം.ഈ കൊഴിഞ്ഞുപോകുന്ന പ്രവാസ ജീവിതത്തിൽ ഈ ഭൂമിയിലെ എല്ലാ സ്നേഹവും അവസാനിക്കുന്ന ഒരു ദിനത്തെ നാം എല്ലാവരും അഭിമുഖികരിക്കേണ്ടിവരും.എന്നാൽ നിത്യനായ ദൈവത്തിന്റെ നിത്യസ്നേഹത്താൽ, യേശുവിന്റെ ക്രൂശിലെ സ്നേഹത്താൽ വീണ്ടെടുക്കപ്പെട്ടവർക്ക് ഒരു പ്രത്യാശയുണ്ട്.നാം എല്ലാവരും ദൈവസ്നേഹത്തിന്റെ വക്താക്കളായി നിത്യതയിൽ ഉണ്ടാകും എന്നുള്ളത് തന്നേ.അതുകൊണ്ട് ദൈവസ്നേഹത്തിൽ ആശ്രയിച്ച് ക്രിസ്തുവിനോട് ചേരുവാൻ പ്രത്യാശയോടെ നമുക്ക് ജീവിക്കാം.

# തിരക്ക് പിടിച്ച ഓട്ടത്തിൽ നാം എവിടെ എത്തി നിൽക്കുന്നു ?



പാസ്റ്റർ ബോസ്സ് ബി. വർഗ്ഗീസ്

*(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

പണ്ട് മാതാപിതാക്കൾക്ക് പ്രായം ചെല്ലുമ്പോൾ കുഞ്ഞുങ്ങൾ വളരെ സ്നേഹത്തോടെയും വാത്സല്യത്തോടുകൂടെ നോക്കുക യും കരുതുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോഴത്തെ കുഞ്ഞുങ്ങളെ ബേബി സിറ്റിങ്ങിൽ കൊടുത്ത് മാതാപിതാക്കൾ ജോലിക്ക് പോകുന്നതുപോലെ മക്കൾ ഇപ്പോൾ ജോലിക്ക് പോകുവാൻ ആരംഭിച്ചപ്പോൾ മാതാപിതാക്കളെ വൃദ്ധസദനത്തിലാക്കി തിരിച്ചടി നല്കുന്നു.

മറ്റുള്ളവരേക്കാൾ നല്ല വീട് വെക്കണം എന്ന് വിചാരിച്ച് എടുത്ത ബാങ്ക് ലോണും പിള്ളേരെ പഠിപ്പിക്കാൻ എടുത്ത കടങ്ങളും വീട്ടുവാനു ള്ള തത്രപ്പാടിൽ അസുഖങ്ങളും പിരിമുറുക്കങ്ങളും വർദ്ധിച്ചു. അതുവരെ ആത്മീയവിഷയങ്ങളിൽ മുന്നിൽ ആയിരുന്നവർ നാട്ടിലും ഗൾഫിലും ഞാറാഴ്ചകളിലും വെള്ളിയാഴ്ചകളിലും ക്രമം തെറ്റാതെ പൊയ്ക്കൊണ്ടിരുന്നവർ ഇപ്പൊ ജോലി ഭാരവും ബിസിനസ് ഒക്കെ ആയിട്ട് ആരാധനയ്ക്ക് പോകുന്നതിനോ പള്ളിയിൽ പോകുന്നതിനോ സമയം ഇല്ലാ എന്ന് പറഞ്ഞ് ദൈവത്തെ പൂർണ്ണമായും മാറ്റിവെച്ചതു പോലെയല്ലേ? ഈ തിരക്ക് പിടിച്ച ഓട്ടത്തിൽ ഒന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും. അനേകരും പറയാറുണ്ട് ഞാൻ കഷ്ടപ്പെട്ടാണ് വളർന്ന് വന്നത്.. എന്നാൽ എന്റെ കുഞ്ഞുങ്ങൾക്ക് ആവിധമായ കഷ്ടപ്പാടുകൾ ഉണ്ടാകരുത്. നല്ല കാര്യം, പക്ഷ നാം അവരെ കാര്യ പ്രാപ് തിയില്ലാത്ത കുഞ്ഞുങ്ങൾ ആകുകയാണ് ചെയ്യുന്നത് എന്ന് നാം മറന്ന് പോകുന്നു. നാം കഷ്ടപ്പെടുന്നത് അവർക്കുവേണ്ടിയാണ് എന്നവർ അറിയാതെപോകുന്നു.മാതാപി താക്കൾ തങ്ങളുടെ തിരക്ക് പിടിച്ചുള്ള ഓട്ടം എല്ലാം മാറ്റിവെച്ച് അവരോട് അടുത്തിരുന്നു അവരെ ആശ്ലേഷിച്ച് അവരോട് നമ്മുടെ കുടുംബ പശ്ചാത്തലവും നാം സമ്പാദിക്കുന്ന സമ്പത്യത്തിന്റെ മൂല്യവും അവരെ പറഞ്ഞു മനസിലാക്കി നാം ചിലവഴിക്കുന്ന ഓരോ ചില്ലിക്കാശും എങ്ങനെ ചിലവഴിക്കണം എന്ന് പറഞ്ഞുകൊടുത്ത് ദൈവത്തിലുള്ള ആശ്രയവും മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളോടുള്ള വാത്സല്യവും കുഞ്ഞുങ്ങൾക്ക് മാതാ പിതാക്കളോടും സമൂഹത്തോടും സമൂഹത്തിലുള്ള പ്രായംചെന്നവരോടും എങ്ങനെ നാം ആയിരിക്കണം എന്ന് പറഞ്ഞുകൊടുത്ത് നമ്മുടെ ഈ തിരക്ക് പി ടിച്ചുള്ള ഓട്ടത്തിൽ എന്തെങ്കിലും വരുംവരാഴിക വന്നു പോയിട്ടുണ്ടെകിൽ മാതാപിതാക്കൾ മക്കളോടും മക്കമാതാപിതാക്കളോടും ക്ഷമ ചോദിച്ച് ഒരു ഏറ്റുപറച്ചിൽ നടത്തിയാൽ നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ടാകും.

മാതാവിന്റെ ഉദരത്തിൽ ജീവിക്കുവാൻ കുഞ്ഞിന് കൈയും കാലും ഒന്നും ആവി ശ്യമില്ല, അവയവത്തിന്റെ വളർച്ച മറ്റൊരു ലോകത്തിൽ പാർക്കുവാനുള്ള തയ്യാറെടുപ്പാണ്. ഭൂതലത്തിൽ ജനിച്ച് വീഴുന്ന കുഞ്ഞിന് അവയവങ്ങൾ എല്ലാം ആവിശ്യമാണ്.ഈ ലോകത്തിലെ വാസം എന്നത് മറ്റൊരു ലോകത്തിലേക്കുള്ള വഴിയാണ്. ആ ലോകം നിത്യമാണ്. ഒന്നുകിൽ നിത്യസന്തോഷം അല്ലെങ്കിൽനിത്യദണ്ഡനം. ഇതിൽ ഒന്നിൽ എല്ലാവരും എത്തിച്ചേരും. ഈ തിരക്ക് പിടിച്ച ഓട്ടത്തിനടയിൽ ആരെങ്കിലും ഈ കാര്യം ഓർക്കുന്നുണ്ടോ?

നിത്യസന്തോഷം അനു ഭവിക്കണെമങ്കിൽ അത്യാവശ്യമായും ചിലതൊക്കെ ചെയ്തേ മതിയാകൂ. നിത്യ ദണ്ഡനത്തിന് പോകുന്നതിന് പ്രത്യേക തയ്യാറെടുപ്പൊന്നും ആവിശ്യമില്ല.ഒരു നിമിഷം ഒന്ന് നി ൽക്കൂ ചിന്തിക്കൂ. ഞാൻ വളരെ നേടി ആർ അനു ഭവിക്കും? നമ്മുടെ മരണത്തിന് കാലസമയം ഇല്ലാ. ഏത് നിമിഷവും മരണം പിടികൂടും.

*‘നീ ഏതിൽ നിന്ന് വീണിരിക്കുന്നു ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക’ വെളി.2:3*




കണ്ടത് വിശ്വസിക്കുക
കേട്ടത് തള്ളുക

വീഴുന്ന കായ് മരത്തിനടുത്തേ കാണൂ

മരണമെന്നത്
ജനനം മുതൽക്കേ തുടങ്ങുന്നു

എല്ലാവർക്കും സുഹൃത്തായിരിക്കുന്നവൻ ആരുടേയും
സുഹൃത്തായിരിക്കില്ല

തെറ്റായിട്ട് പഠിക്കുന്നതിനേക്കാൾ
നല്ലത് ഒന്നും പഠിക്കാതിരിക്കുന്നതാണ്

ഓരോ പക്ഷിയ്ക്കും അതിന്റ
കൂട് മനോഹരമാണ്

ഈണം മാറി പക്ഷേ
ഗാനം പഴയത് തന്നെ

ഇറങ്ങിത്തിരിക്കാത്തവൻ
എവിടെയും എത്തുന്നില്ല

മോശം പണിക്കാരൻ
പണിയായുധങ്ങളെ പഴിക്കും

സ്വർഗ്ഗത്തിൽ പോകാൻ ഏവരും
ആഗ്രഹിക്കുന്നു.
എന്നാൽ മരിക്കാൻ ആരും തയ്യാറല്ല

# ‘അതു വായ്പ വാങ്ങിയതായിരുന്നു’



സ്റ്റീഫൻ ജോൺ
(റിയാദ്, സൗദി അറേബ്യ)

പ്രവാചക ശിഷ്യൻ ഏലീശപ്രവാചകനോട് പറഞ്ഞ വാക്ക് ‘അതു വായ്പ വാങ്ങിയതായിരുന്നു‘(2 രാജാ.6:5) എന്നത് വളരെ അർത്ഥമേറിയതും ചിന്തനീയവുമാണ്. ദൈവരാജ്യത്തിന്റെ വിസ്തൃതിക്കുവേണ്ടി പ്രവർത്തിക്കുവാൻ ആഗ്രഹമുള്ള ഒരു പ്രവാചക ശിഷ്യൻ കൂട്ടായ പ്രവർത്തനുവേണ്ടി ഇറങ്ങി തിരിക്കുമ്പോൾ തന്റെ ഇല്ലായ്മ എടുത്തുകാണിക്കാതെ കഴിവിന് അനുസരിച്ച് പ്രവർത്തനത്തിൽ ആത്മാർത്ഥത കാണിച്ചു. ഈ ആത്മാർത്ഥത ഒരുപക്ഷേ ഏലീശ പ്രവാചകന്റെ ജീവിത ശൈലികണ്ട് ശിഷ്യൻ പഠിച്ചതാകാം.

ഏലീശ പ്രവാചകൻ എവിടെ താമസിച്ചാലും കൂടെ താമസിക്കുവാനും തന്നോടൊപ്പം സമയം ചിലവഴിക്കുവാനും താൽപ്പര്യമുള്ള ഒരുപറ്റം പ്രവാചക ശിഷ്യന്മാർ(2 രാജാ.4:38).കൂടെ പ്രവർത്തിക്കുന്ന ശിഷ്യന്മാരുടെ ആവിശ്യം അറിഞ്ഞ് അവരോടൊപ്പം നിൽക്കുന്ന ഒരു നല്ല പ്രവാചകൻ.ഗില്ഗാലിൽ ക്ഷാമം രൂക്ഷമായപ്പോൾ പ്രവാചക ശിഷ്യന്മാരുടെ വിശപ്പ് അറിഞ്ഞ് ദൂഷ്യമായതൊന്നും കലത്തിൽ ശേഷിപ്പിക്കാതെ ക്ഷാമത്തിലും ക്ഷേമത്തോടെ അവർക്കുവേണ്ടി കരുതിയ നല്ല പ്രവാചകൻ.

ഒരിക്കൽ അവർ പാർത്തിരുന്ന സ്ഥലം അവർക്ക് ഇടുക്കമായിരുന്നു എന്ന് മനസ്സിലാക്കിയ ശിഷ്യന്മാർ യോർദ്ദാനോളം പോയി ആവിശ്യമുള്ള മരം മുറിച്ചുകൊണ്ടുവരുവാൻ പ്രവാചകനോട് അനുവാദം ചോദിച്ചു.ആഗ്രഹവും ഉദ്ദേശശുദ്ധിയും നല്ലതാണെങ്കിലും പ്രവാചക ശിഷ്യന്മാർ മാത്രമായി പോകുവാൻ അവർ തയ്യാറായിരുന്നില്ല. കാരണം യോർദ്ദാന്റെ വൻകാട്ടിലൂടെയുള്ള യാത്രയ്ക്ക് ദൈവഭക്തന്റെ സാമീപ്യം അവർക്ക് ആവിശ്യമായിരുന്നു.പിന്നീട് അത് അവർക്ക് ഗുണമായി ഭവിക്കുകയും ചെയ്തു.

ശിഷ്യന്മാർ ഓരോരുത്തർ ഓരോ മരം മുറിച്ചു കൊണ്ടുവരുവാൻ ആഗ്രഹിച്ചപ്പോൾ മരം മുറിക്കുവാൻ കോടാലി ഇല്ലാ എന്നത് ശിഷ്യന്റെ നല്ല ആഗ്രഹത്തെ തടസ്സപ്പെടുത്തിയില്ല. പകരം ഉള്ളവന്റെ പക്കൽനിന്ന് ഒരു കോടാലി വായ്പ വാങ്ങി ആ നല്ല പ്രവർത്തിക്ക് ആരംഭം കുറിച്ചു.എന്നാൽ വായ്പ വാങ്ങിയ കോടാലിയുമായി മരം മുറിക്കുമ്പോൾ കോടാലി ഊരി വെള്ളത്തിൽ വീണു. നല്ല ആഗ്രഹത്തോടുകൂടി തുടങ്ങുന്ന പലതും പാതി വഴിയിൽ നഷ്ടപ്പെട്ടുപോയ അനുഭവത്തിൽകൂടി കടന്നുപോകുന്നു എങ്കിൽ തകർന്ന് പോകരുത്. ദൈവത്തോട് കരയുവാൻ തയ്യാറാകുക. നഷ്ടമായത് മടക്കി തരുവാൻ ദൈവം വിശ്വസ്തൻ. യോർദ്ദാൻ നദിയിൽ വീണുപോയ കോടാലി തിരികെ ലഭിക്കുമെന്ന് വലിയ പ്രതീക്ഷയില്ലെങ്കിലും നഷ്ടപ്പെട്ടതോർത്ത് കരയുവാൻ ശിഷ്യന്മാർ തയ്യാറായി.കാരണം തന്റെ പ്രവർത്തനം ഉദ്ദേശിച്ചതുപോലെ പൂർത്തീകരിക്കുവാൻ സാധിച്ചില്ല.മാത്രവുമല്ല അത് വായ്പ വാങ്ങിയതായിരുന്നു.ഭവനത്തിൽ മടങ്ങിചെല്ലുമ്പോൾ അയൽക്കാരന് നഷ്ടപ്പെട്ട കോടാലിക്ക് പകരം മറ്റൊന്ന് വാങ്ങികൊടുക്കുവാനുള്ള ശേഷിയും തനിക്കില്ലായിരുന്നു.

> *നല്ല ആഗ്രഹത്തോടുകൂടി തുടങ്ങുന്ന പലതും പാതി വഴിയിൽ നഷ്ടപ്പെട്ടുപോയ അനുഭവത്തിൽ കൂടി കടന്നുപോകുന്നു എങ്കിൽ തകർന്ന് പോകരുത്. ദൈവത്തോട് കരയുവാൻ തയ്യാറാകുക.*

സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോൾ പ്രതീക്ഷകൾ നഷ്ടപ്പെട്ടുപോകുമ്പോൾ ദൈവത്തോട് നിലവിളിക്കുവാൻ നാം തയ്യാറാണെങ്കിൽ നിലവിളികേട്ട് രക്ഷിക്കുവാൻ നല്ലപ്രവാചകൻ ചാരെയുണ്ട്. ശിഷ്യന്മാരുടെ ക്ഷണപ്രകാരം കൂടെപോയ ഏലീശ ഒരു കമ്പ് വെട്ടി യോർദ്ദാൻ നദിയിൽ കോടാലി നഷ്ടപ്പെട്ട ഭാഗത്തേക്ക് എറിഞ്ഞു.നഷ്ടപ്പെട്ടത് മറ്റൊരു വസ്തുവായി തിരികെ ലഭിച്ചു.ഇല്ലായ്മയുടെ നടുവിലും ദൈവീകപ്രവർത്തനങ്ങൾക്കുവേണ്ടി പ്രയത്നിക്കുവാൻ ആഗ്രഹിച്ചാൽ പകുതിവഴിയിൽ വെച്ച് നഷ്ടപ്പെട്ടുവെന്ന് തോന്നിയത്,ലോകപ്രകാരം സാധ്യതകൾ ഇല്ലാത്ത വിഷയമാണെങ്കിലും ആശയ്ക്ക് വിപരീതമായി ദൈവത്തോട് നിലവിളിച്ചാൽ നഷ്ടപ്പെട്ടത് പരിമിതമായി ഉപയോഗമുള്ള കോടാലി ആണെങ്കിലും തിരികെ ലഭിക്കുന്നത് പരിമിതി ഇല്ലാതെ ഉപയോഗിക്കാവുന്ന ഇരുമ്പാണ്.നമ്മുടെ ആവിശ്യത്തിന് അനുസരിച്ച് രൂപപ്പെടുത്തിയെടുക്കാവുന്ന ഇരുമ്പ്.ഇന്നലകളിൽ നഷ്ടപ്പെട്ടുപോയ പരിമിതികളെ നോക്കി നീ വിളിക്കുമെങ്കിൽ പരിമിതിയില്ലാത്ത ദൈവീക കരുതൽ കണ്ടു സന്തോഷിക്കുവാൻ ദൈവം അവസരം ഒരുക്കും.

ക്രിസ്തീയ ജീവിതത്തിൽ നഷ്ടപ്പെട്ടത് ഓർത്തു കരയുവാൻ നാം തയ്യാറായാൽ മടക്കി തരുവാൻ,ധാരാളമായി മടക്കിതരുവാൻ നമ്മുടെ ദൈവം വിശ്വസ്തനത്രേ.

## സി.ഇ.എം ആദ്യ യൂണിറ്റ് മീറ്റിംഗ്




ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനയായ സി.ഇ.എം (Christain Evangelical Movement) ന്റെ ഈ വർഷത്തെ ആദ്യ യൂണിറ്റ് മീറ്റിംഗ് മാർച്ച് 31 വെള്ളിയാഴ്ച നടന്നു. സഹോദരീ സഹോദരന്മാരും കുഞ്ഞുങ്ങളും വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു. സി.ഇ.എം പ്രസിഡന്റ് ബ്രദർ തോമസ് മത്തായി സ്വാഗതവും സെക്രട്ടറി ബ്രദർ ക്രിസ്സ് ജെ വർഗ്ഗീസ് നന്ദിയും പറഞ്ഞു. നമുക്ക് നൽകിയിരിക്കുന്ന ആത്മീയ താലന്തുകളെ വിശ്വസ്തതയോടെ ദൈവനാമ മഹത്വത്തിനായി ഉപയോഗിയ്ക്കാൻ ഈ വർഷം എല്ലാ സി.ഇ.എം മെമ്പേഴ്സിനേയും കഴിയട്ടെ എന്ന ആശംസാവാക്കുകളോടെ പ്രാർത്ഥിച്ച് പാസ്റ്റർ പി.സി.വർഗീസ് മീറ്റിംഗ് അവസാനിപ്പിച്ചു.

# Holy Spirit- Counselor



Pastor Sunny John
Cambridge, UK

*(...Continued from last issue)*

**3.** In the Old testament, we can see that Eliezer had gone to Padden Aram to find out a bride for Isaac the son of Abraham. Abraham sent his servant with certain guidelines and that criteria was fulfilled while selecting the bride for Isaac.

In the book of Esther, Haggai the eunuch in Xerxes' palace got the opportunity to train young virgins to take the place of the queen. Haggai knew the mind-set of the king, so he asked Esther to follow what he had commanded and Esther thoroughly obeyed Haggai. Finally as we can see, the king found favour with Esther.

This way the Holy Spirit adorned each believer as the bride of Christ. Without the perfect work of the Holy Spirit, no one can become the bride of Christ. Without the filling of the Holy Spirit, no creation or adorning can take place.

**4.** At the time of salvation, the Holy Spirit introduces Christ to an unsaved person, bringing strong conviction that can lead to repentance. A person is born in Christ and becomes a new creation with the strong power of the Holy Spirit. The anointing of the Holy Spirit will perfect a person as the bride of Christ and prepare him for His coming.

Jesus promised His disciples that once He leaves the world the anointing of the Holy Spirit will come upon them. The same day that Jesus resurrected, He poured out the Holy Spirit by blowing on the disciples(John 20:21-22). Jesus knew that unless the disciples are filled they would not be able to do the work of the kingdom with boldness and authority. The Holy Spirit gives the knowledge about sin and judgement. Sin is increasing every day with full intensity as the devil knows that he has got little time. But Jesus encourages us that whoever thirsts can come to Jesus and drink from Him. Jesus will bless us with the unlimited portion of the Holy Spirit and lead us into a victorious life in this perverted world.



# ഒരു നല്ല പ്രസംഗികൻ



പാസ്റ്റർ രാജു ജോൺ (ഹൂസ്റ്റൺ)

*"പ്രസംഗകൻ മാധുര്യമേറിയ കൃപയിൻ വചനങ്ങളെ വളച്ചൊടിക്കുന്നവനാകരുത്. അങ്ങനെ ചെയ്താൽ അത് കയ്പേറിയ ഫലങ്ങളെ ഉളവാക്കും."*

ഒരു നല്ല പ്രാസംഗികന്റെ ലക്ഷണം സത്യവചനത്തെ ഉള്ളവണ്ണം പ്രസംഗിക്കുന്നതാണ്.മാത്രമല്ല അവൻ പ്രസംഗിക്കേണ്ടത് യിരമ്യാവിനെപ്പോലേയും യെഹസ്ക്കേലിനെപ്പോലേയും ദൈവത്തിൽ നിന്നും അരുളപ്പാടുകൾ പ്രാപിച്ച ശേഷമായിരിക്കണം.സ്വന്ത ജീവിതത്തിൽ യാഥാർത്ഥമായ ഒരു രൂപാന്തരം പ്രാപിച്ചവനു മാത്രമേ ദൈവസന്നിധിയിൽ നിന്നും ആലോചന പ്രാപി ച്ച് അത് മറ്റുള്ളവരെ രൂപാന്തരപ്പെടുത്തക്കവണ്ണം പ്രസംഗിക്കുവാൻ കഴിയുകയുള്ളൂ.അങ്ങനെയുള്ളവരുടെ പ്രസംഗമാണ് പാപികളെ മാനസാന്തരത്തിലേക്കും വിശുദ്ധന്മാരെ വിശുദ്ധിയുടെ ആഴത്തിലേക്കും നയിക്കുന്നത്.

ഒരു പ്രസംഗകൻ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ എന്നത് സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുക മാത്രമല്ല ദൈവത്തിന് കൊള്ളാകുന്നവനായി നിൽപ്പാനും ശ്രമിക്കണം. പ്രസംഗിക്കുന്നതിനുള്ള വിഷയം നന്നായി പഠിച്ചിരിക്കണം. പ്രസംഗിക്കുന്ന ആളെ പ്രസംഗം സ്പർശിച്ചെങ്കിൽ മാത്രമേ മറ്റുള്ളവരേയും സ്പർശിക്കുകയുള്ളൂ.പ്രസംഗിക്കേണ്ടതാകകൊണ്ട് പ്രസംഗിക്കരുത്.പ്രസംഗിക്കാതെയിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പ്രസംഗിക്കുക.ഓരോ പ്രാവിശ്യം പ്രസംഗിക്കുമ്പോഴും,പ്രസംഗിക്കാനുള്ള അവസാന അവസരം അതായിരിക്കാം എന്നുകരുതി അതിശ്രദ്ധയോടും ഗൗരവ്വത്തോടും പ്രസംഗിക്കുക.നാം കാണുന്നതുപോലെ കാണുകയും നാം വിശ്വസിക്കാത്തതുപോലെ വിശ്വസിക്കുകയും ചെയ്യാത്തവരെ കുറ്റം വിധിക്കരുത്. പ്രസംഗപീഠം മറ്റുള്ളവരുടെ കുറ്റങ്ങൾ വിളിച്ചു പറയുന്നതിനുള്ള സ്ഥലമാക്കരുത്.സത്യം സംസാരിക്കുക. നാം പ്രസംഗിക്കുന്ന സത്യങ്ങൾ മറ്റുള്ളവർക്ക് കുറ്റബോധം നൽകുകയും അവരുടെ കുറ്റങ്ങൾ അവർ തന്നെ വിട്ടുമാറുകയും ചെയ്യും.അനേക പ്രസംഗകരും പ്രയോജനമില്ലാത്തവരായിതീർന്നിട്ടുള്ളത് മറ്റുള്ളവരെ കുറ്റം പറയുന്നത് നിമിത്തമായിട്ടാണ്. ഒരു പ്രസംഗം സമാപിക്കുന്നതിനുള്ള സന്ദർഭം വരുമ്പോൾ പിന്നേയും തുടർന്ന് പ്രസംഗിക്കുവാൻ ശ്രമിക്കരുത്.

ഒരു പ്രസംഗകന് അത്യാവശ്യമായിരിക്കുന്ന ചില ഗുണങ്ങൾ നമുക്ക് പരിശോധിക്കാം. വരപ്രസാദമോ വിദ്യാനൈപുണ്യമോ വാചാലപ്രസംഗമോ അല്ല ദൈവം ആവിശ്യപ്പെടുന്നത്. പിന്നെയോ വിശുദ്ധിയിൽ മഹാന്മാരും സ്നേഹത്തിൽ മുതിർന്നവരും വിശ്വസ്തയിൽ വളർന്നവരും വിശുദ്ധപ്രസംഗം കൊണ്ട് വേദിയിലും വിശുദ്ധജീവിതം കൊണ്ട് പുറമേയും സദാ പ്രസംഗിക്കുന്ന ദൂത് വാഹികളേയാണ് ഈ നൂറ്റാണ്ടിന്റെ ആവശ്യം (സുവിശേഷം വിറ്റുതിന്നുന്നവരെയല്ല സുവിശേഷത്തിൽ ജീവിക്കുന്നവരെയത്രേ ഇന്നാവശ്യം). ഇങ്ങനെയുള്ളവർക്കേ ഒരു തലമുറയെ ദൈവത്തിനായി രൂപാന്തരപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

ക്രിസ്തുവിന്റെ അനുയായികൾ ഘനശാലികളും സ്വർഗ്ഗീയ മാതൃക അലങ്കരിച്ചിട്ടുള്ള പ്രാസംഗികന്മാരും,വീരന്മാരും,പോരാളികളും,വിശുദ്ധന്മാരും ആയിരുന്നു.ഇതിനൊരുത്തമ ദൃഷ്ടാന്തമാണ് സ്നാപക യോഹന്നാൻ. യോഹന്നാൻ നീതീയും വിശുദ്ധിയും ഉള്ള പുരുഷൻ എന്ന് ഹേരോദാവ് അറിഞ്ഞ് അവനെ ഭയപ്പെട്ടിരുന്നു. അവന്റെ വചനം കേട്ടിട്ട് വളരെ കലങ്ങിയെങ്കിലും സന്തോഷത്തോടെ കേട്ടു പോന്നു.ഇന്ന് ചിലരുടെ പ്രസംഗം യുക്തിക്ക് കൊള്ളാം എന്നാൽ ഹൃദയത്തിന് യാതൊരു സ്പർശനവും ലഭിക്കുന്നില്ല.നീതിയും വിശുദ്ധിയും ഉള്ള ദൂതുവാഹികളെ പരിശുദ്ധാത്മാവ് രൂപാന്തരപ്പെടുത്തിയെടുക്കട്ടെ. മൂർച്ചയേറിയ ആയുധങ്ങളാക്കിതീർക്കട്ടെ.പ്രസംഗം തങ്ങളെതന്നെ ത്യജിക്കുന്നതും സ്വയത്തെ ക്രൂശിക്കുന്നതും ഗൗരവ്വമേറിയതും പാപത്തോട് ശക്തിയുക്തം എതിർത്തു നിൽക്കുന്നതുമായ ഒരു ശുശ്രൂഷയാണ്.

അടുത്തതായി ഒരു നല്ല പ്രാസംഗികൻ പ്രാർത്ഥിക്കുന്ന ആളായിരിക്കണം.ഒരു പ്രസംഗകന്റെ ശക്തിമത്തായ ആയുധമാണ് പ്രാർത്ഥന.അത് ഏറ്റവും ശക്തിയുള്ളതും സകലത്തിലും ജീവൻ നൽകുന്നതുമാകുന്നു.നമ്മുടെ കർത്താവും ര് ക്ഷിതാവുമായയവന്റെ മാതൃക ഓരോ പ്രസംഗകനും പിൻപ്പറ്റേണ്ടതാണ്.ഇന്നത്തെ പല പ്രസംഗപീഠങ്ങളും പ്രാർത്ഥനയ്ക്ക് ക്ഷീണം ഭവിച്ചവച്ചയാണ്.വിദ്യാബാഹുല്യവും അതിന്റെ ഉന്നതഭാവവും ചിലപ്പോൾ പ്രാർത്ഥനയുടെ വിനയാശ്രയത്തിന് പ്രതികൂലമാകുന്നു.

പ്രസംഗവേദിയിൽ കേൾക്കുന്ന പ്രാർത്ഥന മിക്കവാറും ഉദ്യോഗമട്ടിൽ കഴിക്കപ്പെടുന്ന നീണ്ട വാക്കുകളുടെ ഉഗ്രശബ്ദം എന്നല്ലാതെ എന്താണ് പറയുക. പ്രാർത്ഥന പൗലോസിന്റെ ജീവിതത്തിലും ശുശ്രൂഷയിലും അമിത ശക്തിയായിരുന്നതുപോലെ നവീന പ്രസംഗപീഠങ്ങളിൽ പലപ്പോഴും കാണുന്നില്ല.പലരും ക്ഷീണിതരും ശക്തിഹീനരുമായി കാണപ്പെടുന്നു.

പ്രസംഗകൻ മാധുര്യമേറിയ കൃപയിൻ വചനങ്ങളെ വളച്ചൊടിക്കുന്നവനാകരുത്.അങ്ങനെ ചെയ്താൽ അത് കയ്പേറിയ ഫലങ്ങളെ ഉളവാക്കും.ജീവന്റെ വചനങ്ങളെ ഉള്ളവണ്ണം പ്രസ്താവിച്ചാൽ അത് ജീവകാരണമായി തീരും.മറിച്ചാണെങ്കിൽ വിപരീത ഫലമായിരിക്കും.അതുകൊണ്ട് ദൈവവചനം പ്രസംഗിക്കുന്ന പ്രിയ സ്നേഹിതാ,നിന്നെതന്നേയും ഉപദേശത്തേയും സൂക്ഷിച്ചുകൊൾക.ഇതിൽ ഉറച്ചുനിൽക്ക.അങ്ങനെ ചെയ്താൽ നീ നിന്നേയും നിന്റെ പ്രസംഗം കേൾക്കുന്നവരേയും രക്ഷിക്കും.പ്രസംഗത്തേക്കാൾ പ്രധാന്യമുള്ളതാണ് ജീവിതം എന്നുള്ളതും മറന്നുപോകരുത്.

## Bouquet



Congratulations to dear Br. Cherian Mathews and the co-workers behind the journal "HELLO HOPE".

I went through the first edition and found that some articles have profoundly touched my mindset.

I just wanted to express my humble, heartfelt appreciation for all the divine work that you and your staff do in the Lord's name.

May your ministry continue to grow and prosper.

*Yours in HIS service,*
***Pr. Jacob V. Mathew***
*Suvartha Full Gospel Church*
*Kingdom of Bahrain*

## Bouquet



I would like to express my sincere congratulations to you on the first edition of "Hello Hope'' journal.

It is my prayer that the journal would inspire and inform lives through the news and stories it brings. I hope that through this journal the churches in the island will be united in love and would see how God's mercy and love transforms lives.
Those who are led by Jesus Christ recognize a ommon Spirit in each other-the very Spirit of God, which makes them the people of God. The Church Jesus built is that special body of people who, led by the Holy Spirit, obey God's commandments and are committed to accomplishing the commission Jesus gave them.

*God Bless You*
*Yours in Christ*
***Pastor Jacob Chandy***
*Full Gospel Church of Philadelphia*

# വിശ്വസാഹിത്യത്തിൽ ബൈബിളിന്റെ പ്രസക്തി



ടീയെസ് കപ്പമാംമൂട്ടിൽ
അരിസോണ, യു.എസ്.എ

മാനവസംസ്ക്കാരത്തിന് രൂപവും ഭാവവും മികവുമേകുന്നതിൽ മതഗ്രന്ഥങ്ങൾ അവഗണിക്കുവാനാവാത്ത സംഭാവനയേകിയിട്ടുണ്ട്. അവയിൽ ചിലതെങ്കിലും വിശ്വസാഹിത്യത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുമുണ്ട്. എന്നാൽ തനതായ പ്രത്യേകതകൾകൊണ്ട് അവയിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തത പുലർത്തുന്ന ഗ്രന്ഥമാണ് ബൈബിൾ. കാലിന്റെ ദീപവും പാതയുടെ പ്രകാശവുമായി കരുതി വിശ്വാസികളായ ജനലക്ഷങ്ങൾ നിരന്തരം പാരായണം ചെയ്യുകയും, അതിലെ ഓരോ വാക്യങ്ങളും ദൈവീകമായി കരുതി ഹൃദയത്തിൽ ഏറ്റെടുക്കുകയും ചെയ്യുന്നു എന്നുള്ളത് മാത്രമല്ല ഈ കൃതിയുടെ പ്രത്യേകത.

നാഴികക്കല്ലുകൾ സഹസ്രാബ്ദങ്ങൾ പിന്നിട്ട് കഴിഞ്ഞിട്ടും കാലത്തിന്റെ ഉരുക്കുമുഷ്ടികൾക്ക് പോറലേൽപ്പിക്കുവാൻ കഴിയാത്ത നിലയിൽ വിശ്വസാഹിത്യത്തിന്റെ ആരാമത്തിൽ ഒരു വടവൃക്ഷമായി ആഴത്തിൽ വേരുകളുറപ്പിച്ച് നിൽക്കുകയാണ് ഈ വിശുദ്ധഗ്രന്ഥം.

തിരുവചനത്തിന്റെ ആത്മീയമൂല്യങ്ങളെക്കുറിച്ച് അനല്പമായ അവബോധമുണ്ടായിരുന്നെങ്കിലും, അതിന്റെ സാഹിത്യമൂല്യത്തെക്കുറിച്ച് വേണ്ടത്ര ധാരണയില്ലാതിരുന്ന കാലം. എഴുത്തും വായനയും തലയ്ക്ക് പിടിച്ച് നടന്നിരുന്ന ആ കാലഘട്ടത്തിലാണ് പത്രപ്രവർത്തനത്തിന്റേയും ക്രിയാത്മക രചനയുടേയും മർമ്മങ്ങൾ ഉൾക്കൊള്ളുവാനുള്ള അഭിനിവേശത്തോടെ ബോംബയിലെത്തുന്നത്. പത്രപ്രവർത്തനത്തിൽ ബിരുദാനന്തര പഠനത്തിന് അഡ്മിഷൻ ലഭിച്ചപ്പോൾ സ്വർഗ്ഗം കിട്ടിയ പ്രതീതി. അദ്ധ്യാപകരുടെ പട്ടികയിൽ മാധ്യമരംഗത്ത് ശിരസ്സുയർത്തി നിൽക്കുന്ന വമ്പന്മാരുടെ പേരുകൾ. അവരിൽ ക്രിയാത്മക രചനയുടെ ബാലപാഠങ്ങൾ വിദ്യാർത്ഥികളായ ഞങ്ങളെ അഭ്യസിപ്പിക്കുവാൻ നിയോഗിക്കപ്പെട്ട അദ്ധ്യാപകനായിരുന്നു ആ കാലങ്ങളിൽ മാധ്യമരംഗത്ത് നിറഞ്ഞുനിന്നിരുന്ന അതികായനായ പത്രപ്രവർത്തകൻ എം.വി കമ്മത്ത്.

പ്രചുരപ്രചാരം സിദ്ധിച്ച 'ഇലസ്ട്രേറ്റഡ് വീക്ക്ലി' യുടെ ചീഫ് എഡിറ്ററായിരിക്കുമ്പോഴാണ് ക്രിയാത്മക രചനയിലെ വിജ്ഞാനമുത്തുകൾ വാരിവിതറുവാൻ ഒരു അദ്ധ്യാപകന്റെ റോളിൽ അദ്ദേഹം ഞങ്ങളുടെ ക്ലാസ്സ് റൂമിലെത്തിയത്. ആദ്യദിവസം രചനയുടെ വിവിധ തലങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതിനിടയിൽ അദ്ദേഹം നടത്തിയ പ്രസ്താവന ഇന്നും ഹൃദയത്തിന്റെ ചുവരുകളിൽ തിളങ്ങി നിൽക്കുന്നു.

'രചനയെ ഗൗരവമായി കാണുന്നവരും ക്രിയാത്മകരചന ജീവിത ദൗത്യമായി ഏറ്റെടുക്കുവാൻ ആഗ്രഹിക്കുന്നവരും ഉറങ്ങുമ്പോൾപോലും അടുത്ത് കരുതിയിരിക്കേണ്ട അഞ്ച് പുസ്തകങ്ങളുണ്ട്. നിഘണ്ടു,വ്യാകരണഗ്രന്ഥം,പഴഞ്ചൊല്ലുകൾ ഉൾക്കൊള്ളുന്ന പുസ്തകം,ബൈബിൾ, ഷേക്സ്പിയറിന്റെ കൃതികൾ എന്നിവയാണ് ഒരെഴുത്തുകാരന് ഒഴിച്ചുകൂടാനാവാത്ത ഗ്രന്ഥങ്ങൾ' ഒരു പ്രത്യേക മതത്തോട് ആഭിമുഖ്യമുണ്ടായിരുന്ന എം.വി കമ്മത്ത് തന്റെ പട്ടികയിൽ ബൈബിളല്ലാതെ മറ്റൊരു മതഗ്രന്ഥവും ഉൾപ്പെടുത്തിയില്ലെന്ന വസ്തുത പരിഗണനയർഹിക്കുന്നു.

ലേഖനസമാഹാരമായ 'ദ റൈറ്റേഴ്സ് ഹാൻഡ്ബുക്ക്' എന്ന ഗ്രന്ഥത്തിൽ വായനയോടുള്ള ബന്ധത്തിൽ റോബർട്ട് മെസ്സി പങ്കുവെയ്ക്കുന്ന ചിന്തകൾ എം.വി കമ്മത്തിന്റെ വാക്കുകളെ അരക്കിട്ടുറപ്പിക്കുന്നതാണ്. 'വായനയും രചനയും അഭിഭാജ്യ ഘടകങ്ങളാണ്. നിങ്ങളൊരു വായനക്കാരനല്ലെങ്കിൽ നിങ്ങളൊരു എഴുത്തുകാരനുമല്ല. ചരിത്രവും നോവലുകളും ശാസ്ത്രവും നിങ്ങൾക്കിഷ്ടമുള്ളതെന്തും പ്രത്യേകിച്ച് കവിതകളും വായിക്കണം...കഴമ്പില്ലാത്ത സമകാലീന ഗ്രന്ഥങ്ങളല്ല, ഏറ്റവും ഉൽക്കൃഷ്ടമായ കൃതികൾ തന്നെ വായിക്കണം. ശതാബ്ദങ്ങളേയും സഹസ്രാബ്ദങ്ങളേയും അതിജീവിച്ച ഗ്രന്ഥങ്ങൾ. ഹോമർ,വെർജിൽ,ദാന്തെ,ഷേക്സ്പിയർ, കിംങ് ജെയിംസ് ബൈബിൾ; തുടർച്ചയായി വായിക്കുക'.

ഒരു മനുഷ്യായുസ്സുകൊണ്ട് വായിച്ചുതീർക്കേണ്ട 133 ക്ലാസ്സിക്കുകളെ നമുക്ക് പരിചയപ്പെടത്തുന്ന വിശിഷ്ട കൃതിയാണ് ക്ലിഫ്ടൺ ഫാഡിമാൻ രചിച്ച ' ദ ന്യൂലൈഫ് ടൈം റീഡിംങ് പ്ലാൻ'. 1997 – ൽ നാലാമത്തെ എഡിഷനായി ഹാർപെർ കോളിൻസ് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ ഭാരതത്തിന്റെ അഭിമാനങ്ങളായ രാമായണവും, മഹാഭാരതവും, ഭഗവദ്ഗീതയും, കാളിദാസന്റെ മേഘസന്ദേശവുമൊക്കെ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിലും, ബൈബിൾ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നത് ശ്രദ്ധേയം. അതിന്റെ കാരണവും മുഖവുരയിൽ ഗ്രന്ഥകർത്താവ് വ്യക്തമാക്കുന്നുണ്ട്.

'അതിന്റെ കാരണം വളരെ ലളിതമാണ്. ഈ പുസ്തകം വായിക്കുന്ന ഒരു നല്ലപങ്കും ബൈബിൾ സ്വന്തമായുള്ളവരും, വായിക്കുന്നവരുമാണ്. അതുകൊണ്ടുതന്നെ ബൈബിളിനെക്കുറിച്ച് എന്തെഴുതിയാലും അതൊരു ധിക്കാരമായി തന്നെ വ്യാഖ്യാനിക്കപ്പെടാം'.

ക്ലിഫ്ടൻ ഫാഡിമാൻ തന്റെ ഗ്രന്ഥത്തിൽ ബൈബിളിനെ ഉൾക്കൊള്ളിക്കാഞ്ഞത് ബുദ്ധിപരമായ നീക്കം തന്നെയായി കരുതാം. വാക്കുകൾകൊണ്ട് നിർവചിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനും അപ്പുറത്താണ് ബൈബിളിന്റെ സ്ഥാനമെന്ന യാഥാർത്ഥ്യം അദ്ദേഹം ഗ്രഹിച്ചിരുന്നു.

ചിന്തനീയമാണ് കാൾ വാൻ ഡോറൺ ഒരു ക്ലാസ്സിക്കിന് നൽകിയിരിക്കുന്ന നിർവചനം 'ഒരിക്കലും തിരുത്തിയെഴുതുവാൻ ആവിശ്യമില്ലാത്ത വിശിഷ്ട കൃതിയാണ് ഒരു ക്ലാസ്സിക്ക്'. ഈ മാനദണ്ഡമുപയോഗിച്ച് അളന്നാൽ ഫാഡിമാൻ നമുക്ക് പരിചയപ്പെടുത്തുന്ന 133 ഗ്രന്ഥങ്ങൾക്കും 'ക്ലാസ്സിക്ക്' എന്ന വിശേഷണം അല്പം പോലും യോജിക്കുന്നതല്ല.. കാരണം ശതാബ്ദങ്ങളും സഹസ്രാബ്ദങ്ങളും പിന്നിടുമ്പോൾ ഏതൊരു ഗ്രന്ഥത്തിനും ചില തിരുത്തലുകൾ ആവിശ്യമായി വരുന്നത് തികച്ചും സ്വാഭാവികം.

1950 ജനുവരി 26-ാം തീയതി നിലവിൽ വന്ന ഇന്ത്യൻ ഭരണ ഘടന ഇതിനകം നൂറിലേറേ പ്രാവിശ്യം ഭേദഗതി ചെയ്യേണ്ടിവന്നിട്ടുണ്ട്. 1787 സെപ്തംബർ 17-ാം തീയതി നിലവിൽ വന്ന അമേരിക്കൻ ഭരണഘടനയ്ക്ക് ഇതിനകം ആവിശ്യമായി വന്നത് 27 ഭേദഗതികൾ.

ഇവിടെയാണ് വിശുദ്ധ ബൈബിളിന്റെ പ്രസക്തി. സഹസ്രാബ്ദങ്ങൾ പിന്നിട്ടിട്ടും ഒരു തിരുത്തൽപോലും ആവിശ്യമില്ലാതെ കാലങ്ങളുടെ അടിയൊഴുക്കുകളെ അതിജീവിച്ച് ഭൂമിയുടെ മുഖത്ത് നിലനിൽക്കുന്ന ബൈബിളിനെപ്പോലെ 'ക്ലാസ്സിക്ക്' എന്ന വിശേഷണത്തിന് യോഗ്യതയുള്ള മറ്റൊരു കൃതിയില്ലെന്നതാണ് വസ്തുത. പരിശുദ്ധാത്മനിയോഗം പ്രാപിച്ച നാൽപതിലേറെ എഴുത്തുകാർ ഏകദേശം 1500 വർഷങ്ങൾ കൊണ്ട് മൂന്ന് ഭൂഖണ്ഡങ്ങളിലിരുന്ന് മൂന്ന് ഭാഷകളിൽ രചിച്ച വിശുദ്ധ ബൈബിൾ ഇതരഗ്രന്ഥങ്ങളിൽ നിന്ന് എന്തുകൊണ്ടും വ്യത്യസ്തത പുലർത്തുന്ന കൃതി തന്നെയാണ്.




'ഹലോ ഹോപ്പി'നായി
HH കുഞ്ഞാപ്പിയെ വരയാൽ സൃഷ്ടിച്ച
**മിയാ മറിയം അലക്സ്**
വരച്ച ചില ചിത്രങ്ങൾ




HH Butterflies









ഭാരത സുവിശേഷകരുടെ ശബ്ദം

*സുവിശേഷ വയലുകളെ അടുത്തറിയാനും പ്രാർത്ഥിക്കാനും...*



പാസ്റ്റർ സുജിത്ത് പി. ജോസഫ്
ഡൽഹി

# കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലുകൾ

## കൊയ്ത്ത് വളരെ ഉണ്ട് വേലക്കാരോ ചുരുക്കം...

ദൈവവചനത്തിന്റെ വിലയേറിയ സത്യം അനുഭവിച്ചറിഞ്ഞ ദൈവഭക്തന്മാർ ഉത്തരഭാരതത്തിൽ നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളുടെ വിടുതലിനായി കഷ്ടത സസന്തോഷം ഏറ്റെടുക്കുകയും അവർ അതിനായി തങ്ങൾക്കുള്ള സകലതും വിട്ട് പുറപ്പെട്ടുപോന്നു.

ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിൽ കർത്താവിന്റെ വേല ചെയ്യുവാൻ അനേകർ വന്നെത്തി. അവരിൽ പലരും മടങ്ങിപ്പോയി എങ്കിലും ചിലർ കഷ്ടതയിലും സുവിശേഷത്തിനുവേണ്ടി ഉറച്ചുനിന്നു. അങ്ങനെ ചിലരിൽ നിന്നും വ്യത്യസ്തനായ ഒരു ദൈവദാസനെ വായനക്കാർക്കായ് പിരചയപ്പെടത്തുന്നതിൽ വളരെ സന്തോഷമുണ്ട്.

മലപ്പുറം ജില്ലയിൽ നിലമ്പൂരിൽ കെ.റ്റി.ജോസഫിന്റേയും മറിയാമ്മ ജോസഫിന്റേയും മൂത്തമകനായി ജനിച്ച് വളർത്തപ്പെട്ട ബിജു കാലായിൽ, ദൈവം തന്റെ ശുശ്രൂഷഷയ്ക്കായി തിരഞ്ഞെടുത്തു. എന്നാൽ തനിക്ക് സ്വയമായി ദൈവീക ശുശ്രൂഷയ്ക്കിറങ്ങുവാൻ ഒട്ടും താൽപ്പര്യമില്ലായിരുന്നു. എന്നാൽ വളരെ പ്രതികൂലങ്ങൾ ജീവിതത്തിൽ കടന്നു വരികയും ദൈവീക പദ്ധതി തന്റെ മേൽ ഉണ്ടായിരുന്നതിനാൽ ദൈവം തന്നോട് സംസാരിച്ചത് ‘നീയോ സകലത്തിലും നിർമ്മദൻ ആയിരിക്കുക; കഷ്ടം സഹിക്കുക; സുവിശേഷകന്റെ പ്രവൃത്തി ചെയ്യുക; നിന്റെ ശുശ്രൂഷ നിറപടയായി നിവർത്തിക്കുക’. ഈ വാക്യങ്ങൾ തന്നെ ചിന്തിപ്പിക്കുകയും 1999-ൽ താൻ ദൈവത്തിന്റെ പൂർണ്ണ പദ്ധതിക്കുവേണ്ടി തന്നെത്താൻ സമർപ്പിച്ചു. മൂന്ന് വർഷം ദൈവവചനം പഠിക്കുകയും, പഠത്തിനു ശേഷം ആന്ധ്രയിൽ സുവിശേഷ വേലക്കായി പോകുവാൻ കർത്താവ് സഹായിച്ചു. ഇത് തന്റെ ഉത്തരഭാരതത്തിലേക്കുള്ള ആദ്യത്തെ ചുവടുവെപ്പായിരുന്നു.



പാസ്റ്റർ ബിജു കാലായിലും കുടുംബവും

2006-ൽ കണ്ണൂർ ജില്ലയിൽ പയ്യന്നൂർ സ്വദേശിനിയായ ബിന്ദുവിനെ തന്റെ ജീവിത സഖിയായി ദൈവം കൂട്ടിച്ചേർത്തു. സുവിശേവേലയിൽ പ്രത്യേകിച്ച് ഉത്തരഭാരതത്തിലേക്കുള്ള ഒരു ദർശനത്തിന്റെ പൂർത്തീകരണമായിരുന്നു ഈ വിവാഹം. അനേക പ്രതികൂലങ്ങൾ തങ്ങളുടെ ജീവിതത്തിൽ കടന്നുവന്നു. തങ്ങൾക്ക് ജനിച്ച രണ്ടാമത്തെ കുഞ്ഞ് ഈ ലോകത്തിൽ നിന്ന് മാറ്റപ്പെട്ടുപോയത് അവർക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

2012-ൽ കർത്താവ് തന്ന ദർശനവും ഉത്തരഭാരതത്തിൽ നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളുടെ വേദനയും തനിക്ക് താങ്ങുവാൻ കഴിയാത്തതുകൊണ്ട് കേരളത്തിൽ നിന്നും അവർ കുടുംബമായി ഡൽഹിയിലേക്ക് പോന്നു. കാലാവസ്ഥ അവർക്ക് വളരെ പ്രതികൂലമായിരുന്നു. എങ്കിലും ദൈവവിളിയുടെ മാഹാത്മ്യം വളരെ മധുരമായിരുന്നതുകൊണ്ട് സകലതും സഹിച്ചു. ഇതുവരേയും ഇവർ സുവിശേഷത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഇവർ ഒരു സ്വതന്ത്ര മിനിസ്ട്രിയിൽ ദൈവവേല ചെയ്യുന്നു. വളരെ എതിർപ്പുകൾ ഉണ്ടെങ്കിലും എല്ലാ ചൊവ്വാഴ്ചകളിലും ദില്ലിയുടെ വിവിധ ഭാഗങ്ങളിൽ ബൈബിളുകളും ട്രാക്റ്റുകളും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. രണ്ട് മാസം കൂടുമ്പോൾ ഇവിടെയുള്ള അനാഥാലയങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ടുന്ന ചില സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഏകദേശം മുപ്പതുപേരോളം കൂടിവരുന്ന ഒരു ചെറിയ സഭയുമുണ്ട്. എന്നാൽ ഇവിടെ ആരാധനക്ക് സ്വാതന്ത്രം ഇല്ല. എങ്കിലും പ്രാർത്ഥനകളും ആരാധനയും പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. ഇവരേയും ഇവരുടെ പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കുമല്ലോ.

മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ ദൈവവചനം പഠിച്ച ബിന്ദുവാണ് ഭാര്യ. നിഫിയ,5-ാം ക്ലാസിൽ,ഷാരോൺ-ഒന്നര വയസ്സ് എന്നിവരാണ് മക്കൾ.

തുടർന്നും ഉത്തരഭാരതത്തിൽ സുവിശേഷവേലയിൽ ആയിരിക്കുന്ന മറ്റൊരു കർത്താവിന്റെ ദാസനെ അടുത്ത ലക്കത്തിൽ പരിചയപ്പെടുത്തുവാൻ താൽപ്പര്യപ്പെട്ടുകൊണ്ട് വായനക്കാരായ ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥന ആവിശ്യപ്പെട്ടുകൊണ്ടും നിർത്തുന്നു.

# CHOSEN



Sherin John Varghese

*“For He chose us in Him before the creation of the world...”*
Ephesians 1:4

God chose you before the foundations of the earth. Before the worlds were ever formed, He knew you and He didn’t create you to be average. He didn’t create you to barely get by, no, He created you to excel! Not only has He chosen you, but He has equipped you with everything you need to live an abundant life. He has deposited seeds of greatness inside every person. But in order to tap into those seeds of greatness, you have to believe and act on this truth.

Too many people today are going around with low self-esteem, feeling inferior like they don’t have what it takes. They are living a lie. As long as you have a poor self-image you’re not going to experience God’s best. In order to be all that God has called us to be, we have to see ourselves as chosen, valuable and victorious.

Today, meditate on this truth. Let it sink down deeply into your heart. Let it build confidence and security in you. As you understand your value, you’ll rise up higher and experience the life of victory He has prepared for you! May God Bless You All with these words!


THE BAHRAIN MALAYALEE CHRISTIAN CONGREGATION

*For if we have been united with him in a death like his, we shall certainly be united with him in a resurrection like his (Rom 6:5)*

*And God raised the Lord and will also raise us up by his power (1Cor. 6:14)*

Bible study on one of the the Glorious subject

**" Phases of Resurrection "**



PR. P.M. JOY

'Hello Hope' will publish the Bible Study in the coming issues.

# ദൈവ രാജ്യത്തിലെ വലിയവർ


പാസ്റ്റർ ബിജു ജോയി
തുവയൂർ (കുവൈറ്റ്)

നമ്മുടെ വാഴ്ത്തപ്പെട്ടവനായ കർത്താവായ യേശുമശിഹാ യുടെ ഇഹലോകവാസകാലത്ത് തന്റെ ശിഷ്യന്മാർ അടുക്കെ വന്ന് 'സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആര്? '(മത്താ.18.1) എന്ന് ചോദിച്ച തായി തിരുവെഴുത്തിൽ കാണുന്നു. ലോകജീവിതത്തിൽ ലഭ്യമായ സമ്പത്തും കഴിവും ഉപയോഗപ്പെടുത്തി വലിയവനാകാൻ സകലരും ശ്രമിക്കുന്നു. ലോകമനുഷ്യരും ദൈവത്തിന്റെ മക്കൾ എന്ന് അഭിമാനിക്കുന്നവരും വലിയവരാകുനുള്ള പരിശ്രമത്തിൽ ഒട്ടും പിന്നിലല്ലാ എന്നത് അംഗീകരിക്കേണ്ട വസ്തുത തന്നെയാണ്. എന്നാൽ തിരുവചനത്തിലൂടെ കർത്താവ് വെളിപ്പെടുത്തുന്ന വലിയവൻ ആര്? എന്താണ് അതിന്റെ യഥാർത്ഥ ശ്രേഷ്ഠത?

ദൈവമായ കർത്താവിനെ സമ്പൂർണ്ണമായി സ്നേഹിച്ചുകൊണ്ട് ഏതു വിധേയനും ദൈവത്തേയും മനുഷ്യനേയും സേവിക്കുവാനും ദൈവത്തിന്റെ സന്നിധിയിൽ ചെറിയവനായിരിപ്പാൻ (അവകാശ വാദങ്ങളൊന്നും തന്നെ യില്ലാതെ) മനസുള്ളവരെ ദൈവരാജ്യത്തിൽ 'വലിയവർ' എന്ന് കർത്താവ് വിളിക്കും. പ്രശസ്തിയോ, കഴിവോ,സ്ഥാനമാനങ്ങളോ ഒക്കെയുണ്ടെങ്കിലും അവയൊന്നും ദൈവരാജ്യത്തിലെ ശ്രേഷ്ഠതകളല്ല. നാം ദൈവദൃഷ്ടിയിൽ ആരായിരിക്കുന്നു എന്ന സ്വയ പരിശോധന നമ്മെ വലിയവരാക്കിമാറ്റും.

ദൈവത്തിന്റെ നീതിയെ ഇഷ്ടപ്പെട്ടുകൊണ്ട് ദുഷ്ടതയെ വെറുത്ത് തോൽപ്പിച്ച് ക്രിസ്തുവിനെ നമ്മിൽ വെളിപ്പെടുത്തുവാൻ നമുക്ക് കഴിയുമെങ്കിൽ, ദൈവീക സ്വഭാവവും സ്വയനിയന്ത്രണവും ക്ഷമയും ദൈവ സ്നേഹത്തെ വെളിപ്പെടുത്തുന്ന നിലവാരങ്ങളും ദൈവഹിതാനുസരണം നമുക്കുണ്ടെങ്കിൽ 'നാം' വലിയവരായിതീരും.

ദൈവഹിതപ്രകാരം നാം ശ്രേഷ്ഠരായി മാറുന്നതിന് ഹൃദയസ്പർശിയായ സമർപ്പണം,ദൈവത്തോടുള്ള വിധേയത്വം,ആത്മാർപ്പണം എന്നിവ കൂടിയേതീരൂ. വീണുപോയ മനുഷ്യൻ സ്വയകേന്ദ്രീത നിലയും സ്വയ ഉന്നതിക്കായുള്ള അത്യാർത്തിയുമുള്ളവനാണ്. ഇന്ന് ലോകം ആരുടേയും വിനയമോ താഴ്മയൊ വിലയേറിയതായി എണ്ണുന്നില്ല. ക്രിസ്തു കേന്ദ്രീകൃത ജീവിതമുള്ള ഒരാൾക്ക് മാത്രമേ'ദൈവരാജ്യത്തിൽ വലിയവൻ' എന്ന പദവി സ്വായത്തമാക്കൂ.

ഓരോരുത്തരും സ്വന്തം യോഗ്യതയും, നേട്ടങ്ങളും ആശ്രയമാക്കിവെച്ചിരിക്കുന്ന ഈ കാലത്ത്-നമ്മുടെ ബലഹീനതകളെപ്പറ്റി ബോധവും എല്ലാ നേട്ടങ്ങൾക്കും കാരണം ദൈവമാണെന്ന് തിരിച്ചറിഞ്ഞ്- സകല പുകഴ്ചകളും ദൈവത്തിന് നൽകുകയും ചെയ്യുന്നുവെങ്കിൽ നാം അനുഗ്രഹീതരാകും തീർച്ച.ദൈവീകമല്ലാത്ത സകല കാര്യങ്ങളിൽ നിന്നും തിരിഞ്ഞു വരാനും മാനസാന്തരത്തിനുയോഗ്യമായ ഫലം വെളിപ്പെടുത്താനും ദൈവത്തോടുള്ള ബന്ധം സദാനിലനിർത്തി നിരന്തരമായി ദൈവത്തിലാശ്രയിക്കയും ചെയ്താൽ നാം ധന്യരാകും.

ഈ ലോകത്തിന്റെ അധികാരത്തിനും ഉന്നതികൾക്കുമായി മറ്റുള്ളവരെ തന്റെ പരിധിയിലും ഇച്ഛകൾക്കും കീഴിലാക്കുന്നവരെ ഭയബഹുമാനങ്ങളോടെ ചിലർ കണ്ടെന്നിരിക്കാം. ദൈവത്തിന്റെ രാജ്യത്തിൽ ശേഷമുള്ളവരുടെമേൽ നമുക്കുള്ള കർത്തൃത്വമോ അധികാരവകാശങ്ങളോ അല്ല മഹിമയായി പരിഗണിക്കുന്നത്. നാം മറ്റുള്ളവർക്ക് എങ്ങനെ പ്രയോജനപ്പെടുന്നു, നമ്മുടെ സേവനാമനോഭാവം എങ്ങനെ-നാം വലിയമിടുക്കരാണെന്ന് നമുക്കും മറ്റുള്ളവർക്കും തോന്നിയില്ലെങ്കിലും-സാരമില്ല. ഒരു മനുഷ്യന്റെ മഹത്വം തന്നെക്കാൾ താണവനോട് എങ്ങനെ ഇടപെടുന്നു എന്നതിലാണ്.

പ്രിയരെ, മറ്റുള്ളവരെ സഹായിക്കുന്നതിനും ദൈവകാര്യങ്ങളിൽ അദ്ധ്വാനിക്കുന്നതിനും ഏവരേയും തന്നേക്കാൾ ശ്രേഷ്ഠരെന്ന് എണ്ണുന്നതിനും നമ്മുടെ ജീവിതം കർത്താവിനും മറ്റുള്ളവർക്കുമായി വിട്ടുകൊടുക്കുന്നതിനും നമുക്ക് കഴിയുന്നുണ്ടോ ? എങ്കിൽ നാം ദൈവരാജ്യത്തിൽ വലിയവരാണ്. 'കർത്താവിനെ' പ്രതിബിംബിക്കുന്ന സ്വർഗ്ഗരാജ്യത്തിലെ വലിയവരാകാൻ സർവ്വകൃപാലുവായവൻ നമ്മെ സഹായിക്കട്ടെ!അനുഗ്രഹക്കട്ടെ.

# സാക്ഷികൾ


എബ്രഹാം വർഗീസ്
(ഖത്തർ)

*(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

സാധാരണ നാം കേൾക്കുന്ന ഒരു ന്യായം നമുക്ക് സുവിശേഷീകരണത്തിനുള്ള കഴിവില്ല എന്നാണ്. സാക്ഷ്യത്തിന് വലിയ കഴിവ് ആവിശ്യമില്ല എന്നതാണ് വസ്തുത. സാക്ഷ്യം എന്നത് നമുക്ക് ക്രിസ്തുവിലുള്ള ഹൃദയംഗമായ വിശ്വാസം മറ്റുള്ളവരുമായി പങ്കുവെയ്ക്കുക എന്നതാണ്. തർക്കിക്കാതെ നമ്മുടെ അനുഭവം മാത്രം പങ്കുവെച്ചാൽ മതി. ധീഷണ ജ്ഞാനമോ തർക്കശാസ്ത്രമോ ആവിശ്യമില്ല. ഒരു ബാലകന്റെ തലത്തിലുള്ള ജ്ഞാനം മാത്രമേ ആവിശ്യമുള്ളു. മറഞ്ഞിരിക്കുന്ന യേശുവിനെ മറ്റുള്ളവർക്ക് നമ്മിൽകൂടി വെളിപ്പെടുത്തുന്നതാണ് യഥാർത്ഥ സാക്ഷ്യം. യേശു എന്നെ രക്ഷിച്ചു നിന്നേയും രക്ഷിയ്ക്കും എന്ന് പറയാൻ വലിയ കഴിവ് ആവിശ്യമില്ല. നമ്മുടെ രക്ഷയെക്കുറിച്ച് പറയുക ബാക്കി ദൈവം ചെയ്തുകൊള്ളും.

ദൈവം താലന്തുകളുടെ ഉപമയിൽ ഏറ്റവും കുറഞ്ഞത് ഒരു താലന്ത് കൊടുത്തതായി കാണുന്നു. അതായത് ഒരു താലന്തും കൊടുക്കാതെ ആരേയും അയച്ചിട്ടില്ല. നമുക്ക് സംസാരിപ്പാൻ നാവും കേൾപ്പാനായി ചെവിയും നടക്കുവാനായി കാലും കാണുവാനായി നല്കിയിരിക്കുന്ന കണ്ണും മാത്രം മതി സാക്ഷ്യം പറവാനായി. ദൈവത്തിന്റെ കൃപ നമ്മുടെ ബലഹീനതകളിൽ തികഞ്ഞുവരുന്നു. യേശുവിന്റെ ശിഷ്യന്മാർക്ക് വലിയ വിദ്യാഭ്യാസമുള്ളവരായിരുന്നില്ലല്ലോ.

പലപ്പോഴും ഉടനെ തന്നെ ഫലം ഉണ്ടാകും എന്നാണ് നമ്മുടെ വിചാരം എന്നാൽ പാതാക്കന്മാർ നമ്മോട് വിതയ്ക്കാൻ മാത്രമേ പറഞ്ഞിട്ടുള്ളൂ, വളരുമാറാക്കുന്നത് ദൈവമാണ്. സഭാപ്ര. 11-ൽ പറയുന്നത് നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിക ഏറിയ നാൾ കഴിഞ്ഞിട്ട് അത് നിനക്ക് തിരികെ ലഭിക്കും. കാറ്റിനെ നോക്കുന്നവൻ വിതയ്ക്കുന്നില്ല. മേഘങ്ങളെ നോക്കുന്നവൻ കൊയ്യുകയുമില്ല. ടൈറ്റാനിക്ക് എന്ന കപ്പൽ മുങ്ങുമ്പോൾ അതിലുണ്ടായിരുന്ന ജോൺ ഹാർപ്പർ എന്ന സുവിശേഷകൻ താൻ മരിക്കുന്നതിന് മുമ്പ് എല്ലാവരോടും യേശുവിനെ സ്വീകരിക്കാൻ യാചിച്ചു. അവസാനമായി തന്റെ ലൈഫ് ജാക്കറ്റ് രക്ഷിക്കപ്പെടാത്ത ഒരു വ്യക്തിക്ക് കൊടുത്തിട്ട് പറഞ്ഞു ഇത് എന്നേക്കാൾ നിങ്ങൾക്കാണ് ആവിശ്യം. ആ വ്യക്തിയോട് സുവിശേഷം അറിയിച്ചിട്ട് ഹാർപ്പർ അവസാന നിമിഷത്തും യേശുവിന്റെ സാക്ഷിയായി സമുദ്രത്തിന്റെ അഗാധതയിലേയ്ക്ക് മറഞ്ഞു.

ആയതിനാൽ ദൈവമക്കളെ നാം എഴുന്നേറ്റ് പണിയുക. അല്പമേ നമുക്ക് കഴിവുള്ളൂ എങ്കിലും ദൈവം അതിനെ മാനിക്കും. അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചവൻ നമ്മുടെ ചെറിയ പ്രയത്നത്തെ മാനിക്കും. ദൈവനാമം മഹത്വപ്പെടട്ടെ.

# Dr. Hope

പ്രസംഗക്കുറിപ്പുകൾ

## ചില മർമ്മങ്ങൾ



1. ദൈവരാജ്യത്തിന്റെ മർമ്മം
   -മർക്കൊ.4:11
2. സുവിശേഷത്തിന്റെ മർമ്മം
   -റോമ.16:25
3. ഉയിർത്തെഴുന്നേൽപ്പിന്റെ മർമ്മം
   -1 കൊരി.15:51
4. ക്രിസ്തുവിനേയും സഭയേയും കുറിച്ചുള്ള മർമ്മം
   -എഫെ.5:32
5. അധർമ്മത്തിന്റെ മർമ്മം
   -2 തെസ്സ.2:7
6. വിശ്വാസത്തിന്റെ മർമ്മം
   -1 തിമൊ.3:9
7. ദൈവഭക്തിയുടെ മർമ്മം
   -1 തിമൊ.3:16
8. ഏഴു നക്ഷത്രത്തിന്റെ മർമ്മം
   -വെളി.1:20
9. ദൈവത്തിന്റെ മർമ്മം
   -വെളി.10:6
10. ബാബിലോൺ മർമ്മം
    -വെളി.17:5

# മടുത്തുപോകാതെ പ്രാർത്ഥിക്ക



പാസ്റ്റർ റെജി സ്റ്റീഫൻ
പി.എം.ജി. ചർച്ച്, ബഹറിൻ

ആത്മീക ജീവിതത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യം വിളിച്ചറിയിക്കുന്ന അനേക വേദഭാഗങ്ങൾ തിരുവചനത്തിൽ കാണുവാൻ കഴിയും.അവയെല്ലാം തന്നെ പ്രാർത്ഥനയ്ക്ക ശക്തി പകരുന്നതും,പ്രാർത്ഥിപ്പാൻ നമുക്ക് ബലം പകരുന്നതുമാണ്.ലൂക്കോസിന്റെ സുവിശേഷം 18-ാം അദ്ധ്യായത്തിൽ കർത്താവ് പഠിപ്പിക്കുന്ന ഒരു പാഠം കാണുവാൻ കഴിയുന്നു.'മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കുവാൻ' ഓർമ്മിപ്പിക്കുന്നു.ചുറ്റുപാടുമുള്ള കാഴ്ചകളും അനുഭവങ്ങളും പ്രാർത്ഥനയിലുള്ള മുന്നേറ്റത്തേയും ഏകാഗ്രതയേയും കെടുത്തികളയുകയും നമ്മെ നിരാശപ്പെടുത്തുകയും ചെയ്യുവാൻ സാദ്ധ്യതയുള്ളതിനാൽ ഈ ധൈര്യപ്പെടുത്തുന്ന വാക്കുകൾ നമുക്ക് ബലവും ആശ്വാസവും ആയിരിക്കട്ടെ.

തിരുവചനം പരിശോധിച്ചാൽ അസാദ്ധ്യം എന്ന് കാണപ്പെട്ട അനേകം വിഷയങ്ങൾ പ്രാർത്ഥന എന്ന ആയുധംകൊണ്ട് പോരാടി ജയിച്ച വിവിധ അനുഭവങ്ങൾ കാണുവാൻ സാധിക്കും.സോദോം പട്ടണത്തെ ന്യായം വിധിച്ച് നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചത് അറിഞ്ഞ് അബ്രഹാം ദൈവസന്നിധിയിൽ ഇടിവിൽനിന്ന് പ്രാർത്ഥിക്കുമ്പോൾ(ഉൽ.19:29)'ദൈവം അബ്രഹാമിനെ ഓർത്ത് ലോത്ത് പാർത്ത പട്ടണങ്ങൾക്ക് ഉൻമൂലനാശം വരുത്തുകയിൽ ലോത്തിനെ ആ ഉൻമൂലനാശത്തിൽ നിന്ന് വിടുവിച്ചു' എന്ന് കാണാൻ കഴിയും.ചുറ്റുപാടും ഭീതിപ്പെടുത്തുന്ന സംഭവങ്ങളും നിരാശപ്പെടുത്തുന്ന സാഹചര്യങ്ങളും എല്ലാം ഉയർന്ന് നിൽക്കുമ്പോഴും ഒരു ഭക്തന് എപ്പോഴും ഓടി ആശ്വാസത്തിനായി ദൈവസന്നിധിയിൽ ചെല്ലുവാൻ അനുവാദം ദൈവം നൽകുന്നു.ആകയാൽ അബ്രഹാമിനെപ്പോലെ ഈ ദിനങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തലമുറയിൽപ്പെട്ട അനേക സഹോദരീ സഹോദരന്മാർക്കായി അവർ വിടുവിക്കപ്പെടുംവരെ പ്രാർത്ഥിക്കുന്നവരായി നമുക്ക് മാറ്റപ്പെടാം.

മോശ തന്റേമേൽ ദൈവീകമായ നിയോഗവും അധികാരവും ഇരിക്കുമ്പോൾ തന്നെ,ജനത്തിന്റെ അവിശ്വാസവും പിറുപിറുപ്പും തളർത്തികളയുവാൻ ഇടയുള്ളപ്പോഴും തന്റേയും ജനത്തിന്റേയും ഭാരങ്ങളുമായി ദൈവസന്നിധിയിൽ നിൽക്കുന്നത് കാണുവാൻ കഴിയും.എപ്പോൾ ഒക്കെ അപ്രകാരം അടുത്തുചെന്ന് പ്രാർത്ഥിക്കുമോ അപ്പോൾ നാം ദൈവത്തിന്റെ ആശ്വാസവും ദൈവീകമായ സമാധാനവും നമുക്ക് അനുഭവിക്കാൻ കഴിയും.1 ശമൂവേൽ ആദ്യ അദ്ധ്യാങ്ങളിൽ ഹന്നായെ നാം കാണുന്നു.പ്രതിയോഗി മുഷിപ്പിക്കുമ്പോൾ, തന്റെ ഹൃദയവേദന ദൈവസന്നിധിയിൽ ഇറക്കിവെച്ച് ആശ്വാസം പ്രാപിക്കുന്ന ഈ കാഴ്ച നമ്മെ പ്രാർത്ഥനയുടെ പ്രാധാന്യവും അനുഗ്രഹവും ചൂണ്ടിക്കാട്ടുന്നു.

ലൂക്കോസ് 11-ാം അദ്ധ്യായത്തിൽ തങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കണം എന്ന് പറയുന്ന ശിഷ്യഗണത്തോട് കർത്താവ് മറുപടി പറയുമ്പോൾ പ്രാധാന്യം ഏറിയ ഒരു കാര്യം അവിടെ കാണുവാൻ കഴിയും. അത് ഒരു പിതാവും മകനും തമ്മിലുള്ള ബന്ധമാണ്.ഒരു മകൻ അപ്പനോട് സംസാരിക്കുന്ന സ്വാതന്ത്രത്തിലും ബന്ധത്തിലും നമുക്ക് നമ്മുടെ കർത്താവിനോട് അടുത്ത് ചെല്ലുവാൻ കഴിയും. റോമർ 8:14- 'ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു'എന്ന് കാണുന്നു.നാം പ്രാർത്ഥിക്കുന്ന പ്ര ാർത്ഥനയിൽ ദൈവം നമ്മുടെ ആവിശ്യങ്ങൾ അറിഞ്ഞ് ദൈവത്തിന്റെ ഹിതപ്രകാരം ദൈവത്തിന്റെ സമയത്ത് മറുപടി നൽകിതരുവാൻ വിശ്വസ്തനത്രേ. നാം ചോദിക്കുന്നത് നൽകുവാനും നിരസിപ്പാനും പിതാവ് എന്ന നിലയിൽ ദൈവത്തിന് അധികാരം ഉണ്ട് എന്നത് നാം തിരിച്ചറിഞ്ഞാൽ പ്രാർത്ഥന അർത്ഥപൂർണ്ണവും ഫലപ്രദവും ആയിതീരും.

പലപ്പോഴും കേൾക്കപ്പെടാത്ത പ്രാർത്ഥനയ്ക്കുള്ള കാരണം നാം തിരഞ്ഞ് കണ്ടെത്തുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.സങ്കീ. 66:18-ാം വാക്യം-ഹൃദയത്തിൽ അകൃത്യം കരുതുക,സദൃ.1:25-28 ആലോചന നിരസിക്കുകയും ശാസനയ്ക്ക് ചെവികൊടുക്കാതേയും ഇരിക്കുക,സദൃ.21:13 എളിയവരുടെ നിലവിളിക്ക് ചെവി പൊത്തിക്കളയുക,സദൃ.28:9 ന്യായപ്രമാണം കേൾക്കാതെ ചെവിതിരിച്ച് കളയുക, യെശ.59:1-2 അകൃത്യങ്ങൾ ഇവയെല്ലാം പ്രാർത്ഥന കേൾക്കപ്പെടാതിരിക്കുന്ന കാരണങ്ങൾ ആയിരിക്കുമ്പോൾ പ്രിയ ദൈവജനമേ,വിട്ടൊഴിയേണ്ടവയെ വിട്ടൊഴിഞ്ഞ് ധൈര്യത്തോടെ,വിശുദ്ധിയോടെ,ദൈവസന്നിധിയിൽ കടന്നുചെന്ന് പ്രാർത്ഥനയിൽ ശക്തിയോടെ ആത്മാവിന്റെ കൃപയോടെ ജീവിപ്പാൻ ദൈവം ഏവരേയും സഹായിക്കട്ടെ.

## അഞ്ച് ദിവസത്തെ സ്പെഷ്യൽ മീറ്റിംഗ്

HH Reporter

ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിൽ മെയ്യ് 17 മുതൽ 21 വരെ അഞ്ച് ദിവസത്തെ സ്പെഷ്യൽ മീറ്റിംഗ് നടക്കും. മെയ്യ് 18,19,20 തീയതികളിൽ പാസ്റ്റർ ശാമുവേൽ തങ്കരാജ് (തിരുവനന്തപുരം) ദൈവവചനത്തിൽ നിന്ന് ശുശ്രൂഷിയ്ക്കും. പാസ്റ്റർമാരായ പി.സി വർഗീസ്, സൈമൺ ഫിലിപ്പ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുമെന്ന് സഭാ സെക്രട്ടറി ബ്രദർ.രെഞ്ചിത്ത് എബ്രഹാം അറിയിച്ചു.




*Prayerful wishes for a blessed married life to*
Cherry Benjamin & Rintumol Reji
*With best compliments*
Biju Varghese & Family


## VBS



പാസ്റ്റർ റോബി ജോസഫ്



ഹെവൻലി വോയ്സ് ചർച്ചസ് ഇൻ ഇന്ത്യ-തിരുവനന്തപുരം

ഹെവൻലി വോയ്സ് ചർച്ചസ് ഇൻ ഇന്ത്യയുടെ ഈ വർഷത്തെ V.B.S തിരുവനന്തപുരത്തെ A.K നഗറിലെ കമ്മ്യൂണിറ്റി ഹാളിൽ ഏപ്രിൽ മാസം 24-ാം തീയതി പാസ്റ്റർ റോയി പ്രാർത്ഥിച്ച് ആരംഭിക്കുകയുായി.

ഈ വർഷത്തെ തീം "5G" എന്നതായിരുന്നു.സമയം,ആരോഗ്യം,കഴിവുകൾ,ജീവിതം,സ്നേഹം എന്നതാണ് തീമുകൊുദ്ധേശിക്കുന്നത്.

ഹെവൻലി വോയ്സ് ചർച്ചസ് ഇൻ ഇന്ത്യയുടെ ഡയറക്ടറായ പാസ്റ്റർ റോബി ജോസഫ് ഓരോ ദിവസത്തെ മെസ്സേജ് നൽകുകയുണ്ടായി.

V.B.S ന്റെ സംഘാടകനായ പാസ്റ്റർ:സാജുനാഥിന്റെ നേതൃത്വത്തിൽ പാസ്റ്റർ രെഞ്ചി ജോൺ,ബ്രദ.ലീനു ഫെർണാസ്, ബ്രദ.റോഷൻ റോബി,സിസ്റ്റർ:ഹെലൻ റോബി,സഭയിലെ സിസ്റ്റേഴ്സ്,യുവജനങ്ങൾ തുടങ്ങിയവർ ആത്മാർത്ഥതയോടും ദൈവസ്നേഹത്തോടും കൂടി ദൈവനാമമഹത്വത്തിനായി

പ്രവർത്തിച്ചു. ഹെവൻലി വോയ്സ് ചർച്ചസ് ഇൻ ഇന്ത്യയുടെ ഈ വർഷത്തെ യൂത്ത് ക്യാമ്പ് ഡിസംബർ 26 മുതൽ 30 വരെ നെയ്യാർ ഡാം രാജീവ് ഗാന്ധി സ്റ്റഡി സെന്ററിൽ വെച്ച് നടത്തുമെന്ന് ഡയറക്ടർ പാസ്റ്റർ റോബി ജോസഫ് അറിയിച്ചു.

*-പോൾ വഴയില*

HH Studio



## യാത്ര അയപ്പ് നൽകി

**പൂർണ്ണസമയ സുവിശേഷവേലയ്ക്കായി കടന്നു പോകുന്ന ഇവാഞ്ചലിസ്റ്റ് ബിജുമോൻ വർക്കിക്കും കുടുംബത്തിനും ബഹറിൻ ശാരോൻ ഫെല്ലോഷിപ്പ് സഭയുടെ സ്നേഹോപകാരം പാസ്റ്റർ പി.സി.വർഗീസും പാസ്റ്റർ സൈമൺ ഫിലിപ്പും ചേർന്ന് നൽകുന്നു.**

# CEF VBS Bahrain 2017





(...Continued from Page 1)

***For children from Age 3 to 12:*** Four evening classes starting from 6:30pm was held at the National Evangelical Church premises with various specialized programs including puppet shows.

Four Lessons based on the Life of Joseph and Missionary story of Amy Carmichael were the taught this year for age group 6 to 12.

Special tailor-made lessons were taught for the tiny tots age group 3 to 5.

***For Teens:*** A well planned interactive program designed towards the socio-psycho–spiritual needs of the teenagers and for those in their early twenties was held at Majlis (near Al Raja School).

CEF Teens Musical Team led the singing session. Bro. G. PRAKASH from Andhra Pradesh was the Guest speaker for this year, mainly handled the Teens Sessions and Parents sessions. Special question and answer session was held on Thursday started from 5pm, handled by experts in various fields. It was a blessing and very encouraging for the teenagers.

Counseling was also provided for those needed.

God willing, a follow-up meeting will be arranged later this year for all teenagers at a venue and date to be announced.

***Special family sessions*** were also arranged for couples and parents on 3 evenings, 27 March to 29th March at NEC from 7.30pm to 9.00pm. Different subjects were handled by Guest Speaker Bro. G. PRAKASH to help building up a family in relation to upbringing the children and teenagers in the nurture of the Word of God.



***Participation of 141 teachers was instrumental in the smooth functioning of the classes.***

In order to equip the teachers, 4 orientation sessions were held. 2 sessions for the teachers who are new to the CEF VBS and 2 for all teachers in general. This year there was a separate meeting for all teachers and volunteers addressed by the guest speaker Bro. G. Prakash before the VBS.

# രക്തം ചൊരിഞ്ഞ ക്രിസ്തുവിനായ് രക്ത പ്രതിജ്ഞ എടുത്ത തിരുവട്ടാർ

– ജിജോ അങ്കമാലി

*(.....3-ാം പേജിൽ നിന്നും തുടർച്ച)*

പ്രസംഗം തനിക്കെന്നും ഹരമായിരുന്നു. സ്നാനപ്പെട്ട അന്ന് ഗലാ.6:4 നെ അടിസ്ഥാനമാക്കി ഒന്നര മണിക്കൂർ പ്രസംഗിച്ചുകൊണ്ട് ആരംഭിച്ച പ്രസംഗം 50 വർഷക്കാലം നീണ്ടുനിന്നു എന്ന് മാത്രമല്ല മലയാളക്കരയിലേയും തമിഴകത്തേയും പ്രസംഗികളുടെ പ്രഭു എന്ന വിശേഷണം കൈവരിക്കത്തക്ക നിലയിൽ ഉജ്ജ്വലമായിരുന്നു. വിവാഹത്തിന്റെ തലേന്ന് തൃശൂര് നിന്ന് ആരംഭിച്ച യാത്ര വധുവിന്റെ നാടായ സുൽത്താൻ ബത്തേരിയിൽ എത്തുന്നതിനിടയ്ക്ക് കാണുന്ന കവലകളിലെല്ലാം ക്രിസ്തുവിനെ പ്രസംഗിച്ചു എന്ന് മാത്രമല്ല സ്വന്തം വിവാഹ ശുശ്രൂഷയിലും താൻ ക്രിസ്തുവിനെ പ്രസംഗിച്ചു. ഇതും തനിക്ക് മാത്രം സാധിക്കുന്ന വൻകാര്യം. കേരളത്തിലെ 50 കവലകളിൽ യേശുവിനെ പ്രസംഗിച്ചുകൊണ്ടാണ് തന്റെ പ്രസംഗത്തിന്റെ 50- ാം വാർഷികം ആഘോഷിച്ചത്. ഗായകർ ആവിശ്യമില്ലാത്ത ഏക പ്രഭാഷകനും അദ്ദേഹമായിരുന്നു.

'ഗൂഹയിൽ ചെന്ന് സിംഹത്തെ എതിരിടുക' എന്ന പ്രമാണമായിരുന്നു തന്റെ ശുശ്രൂഷകളിൽ വിശേഷാൽ വേദപുസ്തകത്തിനും ക്രിസ്തുവിനുമെതിരെ ഉയരുന്ന ആരോപണങ്ങളോട് താൻ പുലർത്തിയിരുന്നത്. പ്രേഷിത മേഖലയിൽ പാണ്ഡിത്യം,വാഗ്മിത്വം,വിശ്വാസ സ്ഥാപന നൈപുണ്യം,ദ്രവ്യാഗ്രഹമില്ലായ്മ,വിനയം,സഹോദര സ്നേഹം, പ്രസംഗം പോലെ പ്രവർത്തി,നിർഭയത്വം എന്നിങ്ങനെ ദശക്കണക്കിന് സദ്ഗുണങ്ങളുടെ ആൾരൂപമായിരുന്നു RK.

തന്റെ നാവിന് വിശ്രമമില്ലാതിരുന്നതുപോലെ തന്നെ തന്റെ തൂലികയ്ക്കും വിശ്രമമില്ലായിരുന്നു. 35 പുസ്തകങ്ങളാണ് തന്റെ പേനതുമ്പിൽ നിന്നും പിറവികൊണ്ടത്. പത്രാധിപരായിരുന്ന ധർമ്മദീപ്തി മാസികയിലൂടെ നൂറ് കണക്കിന് ലേഖനങ്ങൾ വേറേയും. നാണയക്കറ പുരളാത്ത പ്രഭാഷകൻ എന്ന് എല്ലാവരാലും സാക്ഷ്യം പ്രാപിച്ചവനാണ് ഞഗ. അമേരിക്കൻ പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ തനിക്ക് ലഭിച്ച തുകയുടെ കണക്കുകൾ മുഴുവനും തന്റെ മാസികയിൽ പ്രസിദ്ധീകരിച്ചു എന്ന് മാത്രമല്ല അതിൽ നിന്ന് ഒരു രൂപ പോലും സ്വന്ത ആവിശ്യങ്ങൾക്ക് എടുക്കാതെ തമിഴ്നാട് സുവിശേഷീകരിക്കാനായ് 'സതേൺ ഗോസ്പൽ ടീം' രൂപീകരിച്ച് സഭാസ്ഥാപനത്തിലൂടെ മുന്നേറി. ഇന്ന് തമിഴ്നാട്ടിൽ 12 സഭകൾ തന്റെ പ്രവർത്തനത്താൽ ഉണ്ടായി എന്നു മാത്രമല്ല ആയതിന്റെ ഹാൾ നിർമാണവും തന്റെ ചുമതലയിൽ തന്നെ ആയിരുന്നു.

പലയിടത്തുനിന്നും ലഭിക്കുന്ന കവറുകൾ തുറന്നുപോലും നോക്കാതെ ആവശ്യക്കാർക്ക് കൈമാറി എത്രയോ തവണ തനിക്ക് ലഭിച്ച കൂട്ടായ്മകൾ താൻ സ്നേഹത്തോടെ നിരസിച്ചിരിക്കുന്നു. തന്റെ പ്രഭാഷണ പരമ്പരയുടെ സുവർണ്ണ ജൂബിലിയിൽ തന്നെ അനുമോദിക്കാനായി ക്രമീകരിച്ച സമ്മേളനത്തിൽ തമിഴ്നാട്ടിൽ നിന്നെത്തിയ ഒരു സുവിശേഷകൻ വേദിയിലേക്ക് കയറുന്നതിന് മുമ്പ് വേദിയിലിരുന്ന RK യുടെ കൈ പരിശോധിച്ചു കൈയ്യിൽ വാച്ചില്ലായിരുന്നു. എന്നിട്ട് താൻ കണ്ണുനീരോടെ ഇപ്രകാരം പറഞ്ഞു 'RK യുടെ കൈയ്യിൽ വാച്ചില്ല. ആ കൈയ്യിൽ ഉണ്ടായിരുന്ന വാച്ചാണ് എന്റെ കൈയ്യിൽ കിടക്കുന്നത്. എനിക്ക് വാച്ചില്ലെന്ന് കണ്ട താൻ തന്റെ വാച്ചൂരി എന്റെ കൈയ്യിൽ കെട്ടിതന്നു'. ഇങ്ങനെ എത്ര



വങ്ങൾ.

തന്റെ പ്രസംഗം കേൾക്കാൻ ബഹുദൂരത്ത് നിന്നുപോലും ആളുകളെത്തുമായിരുന്നു. കോട്ടയത്ത് തന്റെ പ്രഭാഷണകേൾവിക്കായ് ഒട്ടുമിക്ക സാഹിത്യകാരന്മാരും പത്രപ്രവർത്തകരും എത്തുമായിരുന്നു. സ്വതസിദ്ധമായ ശൈലിയിലുള്ള രണ്ടും മൂന്നും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന പ്രഭാഷണം ഏവർക്കും ഒരുപോലെ ആസ്വാദ്യകരം. ഒരു ഉദാഹരണം പറയാം. മീൻചന്തയിൽ നിന്നും മീനുകൾ ഓലയിൽ കെട്ടികൊടുക്കുന്ന കാലം. ഒരു പാവം കർഷകൻ മീനും വാങ്ങി അങ്കമാലി കവലയിൽ വന്നപ്പോൾ, ക്രൂശിതനായ ക്രിസ്തുവിനെക്കുറിച്ചുള്ള ഇടമുറിയാതുള്ള വാഗ്ദ്ധോരണി. ഒന്നര മണിക്കൂർ വള്ളിപുള്ളി വിസർഗ്ഗം വിടാതെ ശ്രദ്ധിച്ചു കേട്ടു. പ്രസംഗം തീർന്നപ്പോൾ ഇടവപ്പാതി നിന്നതുപോലെ. തിരിച്ച് വീട്ടിൽ പോകാൻ തുടങ്ങിയപ്പോഴാണ് ആ മനുഷ്യൻ ശ്രദ്ധിച്ചത് ഓലക്കുള്ളിൽ ഒരൊറ്റ മീനുമില്ല!. തന്റെ പ്രസംഗത്തിന്റെ കാതലും കാമ്പും കാരണവും ക്രിസ്തുവായിരുന്നു.

മഹാകവി കെ.വി.സൈമൺ സാറിനുശേഷം പ്രഭാഷണത്തിലും,രചനയിലും,അറിവിലും, മറ്റ് വിശ്വാസങ്ങളുടെ വെല്ലുവിളികൾക്ക് മറുപടി പറയുന്നതിലും,ഗവേഷണത്തിലും,ചരിത്രത്തിലും അവഗാഹം നേടി പ്രഭ ചൊരിഞ്ഞു നിൽക്കുന്ന മറ്റൊരു വിശ്വാസിയെ കേരളം കണ്ടിട്ടില്ല.

ബ്രദറൺ സഭാംഗമായിരുന്നു എങ്കിലും താൻ പൊതുമുതലായിരുന്നു എന്ന് പറയുന്നതാകും ശരി.

**മൂൾപഥങ്ങളിലെ വസന്ത പ്രയാണമായിരുന്നു തന്റെ ജീവിതം. ആളികത്തിയ ആ തീജ്വാലയും അണഞ്ഞു.**

അകത്തും പുറത്തും ഉള്ള തെറ്റുകൾക്ക് നേരെ മടികൂടാതെ പ്രതികരിക്കാനും പറയാനുമുള്ള തന്റെ ധൈര്യം ആരേയും അമ്പരിപ്പിക്കുന്നതാണ്.

പ്രസംഗികളുടെ പ്രഭുവായ് പ്രാസഭംഗിയിലുള്ള പ്രഭാഷണത്തിന് പ്രഭുത്വമാർന്ന അന്ത്യമായി. ചില നാളുകൾ രോഗിയായ് കിടന്ന താൻ 2017 മാർച്ച് 29 ന് 81-ാം വയസ്സിൽ കത്തൃസവിധമണഞ്ഞു.ഏപ്രിൽ ഒന്നിന് വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ തനിക്ക് ഏറ്റവും പ്രോജ്ജ്വമായ യാത്ര അയപ്പ് നൽകി ദക്ഷിണേന്ത്യൻ വിശ്വാസ സമൂഹം തന്നെ ആദരിച്ചു.

മുൾപഥങ്ങളിലെ വസന്തപ്രയാണമായിരുന്നു തന്റെ ജീവിതം. ആളികത്തിയ ആ തീജ്വാലയും അണഞ്ഞു. ഉയരേക്ക് കുതിച്ച ആ തിരയും തീരമണഞ്ഞു. കേരളത്തെ പ്രകമ്പനം കൊള്ളിച്ച ആ ശബ്ദവും നിലച്ചു. അകക്കാമ്പുള്ള രചനകൾക്ക് മഷി പുരട്ടിയ ആ തൂലികയും കൈയൊഴിഞ്ഞു. എന്നാൽ താൻ ഉയർത്തിയ ക്രിസ്തുവിനെ ഉയർത്താൻ, താനെഴുതിയ ക്രിസ്തുവിനെക്കുറിച്ച് എഴുതാൻ, താൻ തടയിട്ട എതിർവാദങ്ങൾക്ക് തടയിടാൻ എത്രയോ യുവജീവിതങ്ങൾ ഇതിനകം എഴുന്നേറ്റിരിക്കുന്നു. തന്റെ ചോരയിൽ നിന്നല്ല, തന്റെ വാമൊഴിയിലൂടേയും വരമൊഴിയിലൂടേയും.

രക്തം ചൊരിഞ്ഞ ക്രിസ്തുവിനായ് രക്തപ്രതിജ്ഞയെടുത്ത തിരുവട്ടാറിനെപ്പോലെ 'ജീവിച്ചാൽ ക്രിസ്തുവിനുവേണ്ടി, പ്രവർത്തിച്ചാൽ ക്രിസ്തുവിനുവേണ്ടി,മരിച്ചാൽ ക്രിസ്തുവിനുവേണ്ടി' എന്ന പ്രതിജ്ഞയെടുക്കാൻ നിങ്ങൾക്കുമായെങ്കിൽ! നമ്മുടെ രക്തവും ക്രിസ്തുവിനായ് തന്നെ തിളയ്ക്കട്ടെ.

## അനുഭവ സാക്ഷ്യം



സിബി പി വർഗ്ഗീസ്
അബുദബി

***'മരണത്തിൽ നിന്നുള്ള നീക്കു പോക്ക് കർത്താവായ യഹോവയ്ക്കുള്ളതാകുന്നു'***

ദൈവനാമത്തിന് സ്തോത്രം. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാനിത് കുറിക്കുന്നു. 1987 ൽ പനച്ചിക്കുന്നേൽ കുടുംബത്തിൽ, സീതതോട്ടിൽ സീതക്കുഴിയിൽ വർഗ്ഗീസിന്റേയും ജെസ്സി വർഗ്ഗീസിന്റേയും മൂത്തമകനായി ഞാൻ ജനിച്ചു. ഞങ്ങൾ രണ്ട് ആൺ കുട്ടികൾ, ഇളയവൻ 'പ്രത്യാശ' എന്ന് വിളിക്കുന്ന ഫെബി. രണ്ടാം ക്ലാസ്സിൽ പഠിച്ചു കൊണ്ടിരിക്കുന്ന സമയം ആണ് എന്റെ ജീവിതത്തെ മാറ്റിമറിച്ച ആ ദിവസം വന്നത്. അതിരാവിലെ ഉണർന്ന് മുഖം കഴുകുന്ന സമയം എന്റെ മൂക്കിൽ നിന്ന് ധാരധാരയായി രക്തം വന്നു. ആ സമയം തന്നെ എന്നെ അടുത്തുള്ള ഹോസ്പിറ്റലിൽ കൊണ്ടുപോയി. ഡോക്ടർ പറഞ്ഞു പനിയിൽ നിന്ന് ഉണ്ടായതാണെന്ന്. ഞങ്ങൾ വീട്ടിൽ മടങ്ങി വന്നു. അന്ന് രാത്രിയിൽ എനിക്ക് രോഖം മൂർച്ഛിച്ചു.

എന്റെ മാതാപിതാക്കൾ പത്തനംതിട്ട ഗവൺമെന്റ് ഹോസ്പിറ്റലിൽ കൊണ്ടുപോയി. അവിടെയായിരുന്ന സമയം എനിക്ക് തീരെ സുഖമില്ലാതെയായി. ആ ദിവസം ദൈവദൂതനെപോലെ ഒരാൾ കടന്നുവന്നു. അദ്ദേഹം പറഞ്ഞു ഇവിടെ അടുത്തു ഒരു ഇ.എൻ.ടി ഡോക്ടർ ഉണ്ട്, അദ്ദേഹത്തിന്റെ അടുത്തു കൊണ്ടുപോകാൻ. എന്നെ എന്റെ പിതാവ് കൊണ്ടുപോയി. ആ ഡോക്ടർ അന്നേരം തന്നെ മെഡിക്കൽ കോളേജിലേക്ക് എഴുതി തന്നു. എന്റെ പിതാവും പിതാവിന്റെ അമ്മയും എന്റെ അങ്കിളും ചേർന്ന് എന്നെ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി.

അവിടുത്തെ ഇ.എൻ.ടി ഡോക്ടർമാരുടെ വിശദമായ പരിശോധനയ്ക്കു ശേഷം ഒന്നരമണിക്കൂർ നീണ്ട ഓപ്പറേഷന് എന്നെ വിധേയനാക്കി, എന്റെ തൊണ്ടയിൽ നിന്ന് ഒന്നര കിലോ തൂക്കം വരുന്ന മുഴ അവർ നീക്കം ചെയ്തു. അവർ അത് പരിശോധനയ്ക്ക് അയച്ചു. റിസൽട്ട് വന്നപ്പോൾ എനിയ്ക്ക് ക്യാൻസർ ആണെന്ന് ഡോക്ടർമാർ പറഞ്ഞു. അവിടുന്ന് എന്നെ ക്യാൻസർ സെന്ററിലേക്ക് മാറ്റി, ചികിത്സ ആരംഭിച്ചു.

അന്ന് എനിക്ക് 7 വയസ്സ്. എന്റെ പിതാവ് ഞങ്ങളുടെ വീടും സ്ഥലവും വിറ്റും, പലയിടത്ത് നിന്നും കടം വാങ്ങിയും, പലരും സഹായിച്ചും എന്റെ ചികിത്സ നടത്തി. ഒരു ദിവസത്തെ ഇൻജക്ഷൻ ചിലവ് രണ്ടായിരത്തിന് മുകളിൽ ആയിരുന്നു. അതിന് ശേഷം എന്റെ ശരീരം വളരെ ശോഷിച്ച് മുടിയെല്ലാം കൊഴിഞ്ഞു. പുരികവും കൺപീലിവരെ കൊഴിഞ്ഞു. അന്ന് എന്നെ നോക്കിയ പപ്പയുടെ അമ്മയെ ഒരിക്കലും മറക്കാൻ കഴിയില്ല. ഇയ്യോബിന്റെ അവസ്ഥയായിരുന്നു. എന്റെ തൊണ്ടയിലെ മുറിവ് കരിയുന്നതിനുവേണ്ടി റേഡിയേഷൻ ചെയ്തു. പിന്നെ നട്ടെല്ലിന് ഇൻജക്ഷൻ തുടർമാനമായി എടുക്കേണ്ടി വന്നു. ആ ഇൻജക്ഷൻ എടുക്കുന്ന സമയം ഞാൻ വേദനകൊണ്ട് അലറി വിളിക്കുമായിരുന്നു. അപ്പൊഴെല്ലാം ദൈവം എന്നെ ബലപ്പെടുത്തി.

ഈ സമയത്ത് എന്റെ മാതാവ് അനുജനെ ഗർഭിണിയായിരുന്നു. മാതാവ് കരഞ്ഞു പ്രാർത്ഥിക്കുമായിരുന്നു. ഒരു ദിവസം രോഗം വളരെ മൂർച്ഛിച്ചു. ഞങ്ങളുടെ പട്ടാഴി ദൈവസഭയും എന്നെ അറിയുന്നവരും എന്റെ മാതാപിതാക്കളും എനിക്ക് വേണ്ടി പ്രാർത്ഥിച്ചു. എന്റെ ശരീരത്തിൽ മരുന്ന് കയറുന്നില്ല, ഓക്സിജൻ കയറുന്നില്ല, ഒന്നിനോടും പ്രതികരിക്കുന്നില്ല. ഐസിയു വിൽ വച്ച് ഞാൻ മരണത്തോട് മല്ലു പിടിച്ചു. അവസാനം എന്റെ ശ്വാസം നിലച്ചു. കമ്പ്യൂട്ടർ എഴുതി കാണിച്ചു 'സിബി മരിച്ചു'.

അവർ എന്റെ പപ്പായെ വിളിച്ചു, എല്ലാവരും കൂടി എന്നെ ആംബുലൻസിൽ കയറ്റാൻ തുടങ്ങിയപ്പോൾ എനിക്ക് ശ്വാസം തിരികെ വന്നു. പെട്ടെന്ന് അവർ എന്നെ തിരിച്ച് ഐസിയു വിൽ കയറ്റി ഓക്സിജൺ തന്നു. ഡോക്ടർമാർ അതിശയിച്ചു, കംബ്യൂട്ടറിന് തെറ്റ് പറ്റുമോ ? അവിടെ നിന്നവർ പേടിച്ചു. എന്റെ ദൈവം എന്റെ മൂക്കിൽ ജീവശ്വാസം ഊതി എനിക്ക് ജീവൻ തിരിച്ചു തന്നു. എന്നെ രണ്ടാമത് പരിശോധിച്ച ഡോക്ടർ പറഞ്ഞു നിങ്ങളുടെ ഈ ദൈവത്തെ എനിക്ക് പരിചയപ്പെടണമെന്ന്. ആ ആംബുലൻസിൽ എനിക്ക് പകരം വേറൊരു വ്യക്തിയുടെ ശവശരീരം കൊണ്ടുപോയി.

ജീവൻ പോയ സമയം എന്റെ ദൈവം സ്വർഗ്ഗത്തിൽ കൊണ്ടു പോയി പലതും കാണിച്ച് തന്നു. ദൈവം എന്നോട് പറഞ്ഞു നീ തിരിച്ച് പോകണം എന്ന്. അങ്ങനെ ഞാൻ ഈ ഭൂമിയിൽ തിരിച്ച് വന്നു. പുതിയ സൃഷ്ടിയായി....

അതിന് ശേഷം എന്നെ വീട്ടിൽ കൊണ്ടുവന്നു. എന്നെ കാണാൻ വന്ന നാട്ടുകാർ കരയുന്നത് ഞാൻ കണ്ടു. അപ്പോൾ ഞാൻ ചോദിക്കുമായിരുന്നു അവരുടെ ആരെങ്കിലും മരിച്ചോ എന്ന്. എന്റെ മമ്മി എന്നെ കണ്ടിട്ട് പേടിച്ചുപോയി. കാരണം ഒരു തലയും രണ്ട് കണ്ണുകളും മാത്രം. എനിക്ക് നടക്കാൻ കഴിയില്ലായിരുന്നു. ആരോഗ്യത്തോടെ 15 വയസ്സുവരെ തരണമേ എന്ന മമ്മിയുടെ പ്രാർത്ഥന ദൈവം കേട്ടു എനിക്ക് ആരോഗ്യം തന്നു എന്നെ തൊട്ട് സൗഖ്യമാക്കി.

ആറ് മാസം കഴഞ്ഞ് തിരുവനന്തപുരത്തേയ്ക്ക് ചെക്കപ്പിന് പോയി പിന്നെ ഒരു വർഷമായി മുന്ന് വർഷമായി നാല് വർഷത്തിലൊരിക്കലായി. പിന്നീട് എന്റെ ശരീരം മുഴുവനും ചെക്കപ്പ് നടത്തി. അവസാനം വൈദ്യശാസ്ത്രം പറഞ്ഞു എനിക്ക് രോഗം ഇല്ലായെന്ന്. ഡോക്ടർമാർ പറഞ്ഞു ഇനി വരണ്ടായെന്ന്.

10-ാം ക്ലാസ്സും പ്ലസ്സ് ടുവും സെക്കൻഡ് ക്ലാസ്സോടെ പാസാകുവാൻ ദൈവം സഹായിച്ചു. പിന്നീട് കമ്പ്യൂട്ടർ എൻജിനീയറിംഗ് പാസ്സായി ഒരു വർഷം കുട്ടികളെ പഠിപ്പിക്കുന്നതിന് ദൈവം എന്നെ സഹായിച്ചു. അതിന് ശേഷം ഫയർ ആന്റ് സേഫ്റ്റി വിജയകരമായി പഠിക്കുവാൻ ദൈവം സഹായിച്ചു. 2011-ൽ എനിക്ക് അബുദബിയിൽ ജോലി ലഭിച്ചു. 2015-ൽ ഒരു ദൈവദാസന്റെ മകളെ എനിക്ക് ദൈവം തുണയായി തന്നു. പേര് ജിൻസി (മെർലിൻ). അവൾ ബി.എസ്.സി നേഴ്സാണ്. ഡെൽഹിയിൽ ജോലി ചെയ്യുകയായിരുന്നു. ഇപ്പോൾ ഞങ്ങൾ ഒരുമിച്ച് അബുദബിയിലുണ്ട്.

# സുവിശേഷ വയലിലേയ്ക്ക്...

ബഹ്റിനിലെ 19 വർഷത്തെ പ്രവാസജീവിതം അവസാനിപ്പിച്ച് ബ്രദർ:ബിജുമോൻ വർക്കി, ഭാര്യ സിസ്റ്റർ ഷൈമോൾ, മകൻ ബെൻ എന്നിവർ നാട്ടിലേക്ക് മടങ്ങി. അതൊരു സാധാരണ മടങ്ങിപോകലല്ലായിരുന്നു. ജനനംമുതൽ അവരെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവത്തിന്റെ വേലക്കായുള്ള യാത്രയായിരുന്നു.

ശമ്പളവർദ്ധനവും പ്രമോഷനും സാദ്ധ്യതയുള്ള നല്ല ശമ്പളം ലഭിച്ചിരുന്ന മാന്യമായ ജോലി ഇരുവരും രാജിവെച്ച് ദൈവം നൽകിയ ഉദ്യോഗപ്രകാരം സുവിശേഷഘോഷണത്തിനായി കുടുംബമായി പോകാൻ എടുത്ത തീരുമാനം മാതൃകാപരമായിരുന്നു. ഈ തീരുമാനം നമുക്കേവർക്കും പ്രചോദനമാകത്തക്കനിലയിൽ അവർ തങ്ങളെതന്നെ കർത്താവിന്റെ വേലക്കായി സമർപ്പിച്ചു.

ശുശ്രൂഷകന്മാരായ പിതാക്കന്മാരാൽ ജനിച്ചു വളർത്തപ്പെട്ട ഇരുവരും സുവിശേഷവേലയെക്കുറിച്ച് ദർശനവും ആത്മഭാരമുള്ളവരും ആയിരുന്നു.ദൈവവചനത്തിന്റെ അഭ്യസനം അവരെ അതിനായി ഒരുക്കി.സാധാരണ എല്ലാവരെയും പോലെ രണ്ട് വർഷം കഴിഞ്ഞ് നാട്ടിലേക്ക് തിരികെ പോകണം എന്ന ആഗ്രഹവുമായി ബഹ്റിനിലേക്ക് വന്നവരാണ് ഇവരും.എന്നാൽ കഴിഞ്ഞുപോയ വർഷങ്ങളിൽ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചുമായി ബന്ധപ്പെട്ട് വിവിധ നിലകളിൽ ഇരുവരും പ്രവർത്തിച്ചുട്ടുണ്ട്.പ്രത്യേകിച്ച് സൺഡേസ്കൂൾ അദ്ധ്യാപകരായും സഭയുടെ യുവജനവിഭാഗമായ ക്രിസ്ത്യൻ ഇവാൻജലിക്കൽ മൂവ്മെന്റിലും (സി.ഇ.എം) സഭയുടെ നേതൃത്വനിരയിലും സുസ്ത്യർഹമായ സേവനം കാഴ്ചവെച്ചിട്ടുണ്ട്.

ഇവിടെ ജോലി ചെയ്യുമ്പോഴും വായന,പഠനം,ശുശ്രൂഷ എന്നീ മേഖലകളിൽ ശ്രദ്ധപതിപ്പിച്ച ബ്രദർ ബിജുമോൻ വർക്കി ദൈവശാസ്ത്രത്തിലുള്ള തന്റെ മാസ്റ്റർ ഡിഗ്രി കരസ്ഥമാക്കി യെന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്.ദൈവം നൽകിയ കഴിവുകൾ താലന്തുകൾ എല്ലാം കർത്താവിന്റെ വേലയ്ക്ക് പ്രയോജനമായിതീരട്ടെ. മെയ് 9-ാം രാജസ്ഥാനി ലേക്ക് സുവശേഷ വേലയ്ക്കായി കടന്നു പോകുന്നു. സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി കർത്താവിന് കൊള്ളാകുന്നവരായി നിൽപ്പാൻ ദൈവം ഇടയാക്കട്ടെ.



# നമ്മുടെ ദൌത്യം പൂർണ്ണമായോ?



ഷിബു കുര്യൻ
എൻ.എൽ.സി.ഐ, ബാംഗ്ലൂർ

ഏതാണ്ട് 20 വർഷങ്ങൾക്കു മുമ്പ് 1997ലാണ് ഞാൻ ആദ്യമായി വേദപുസ്തക പരിഭാഷയുടെ ആവശ്യകതയെപ്പറ്റി കേൾക്കുന്നത്. ആ സമയം 49 ഇന്ത്യൻ ഭാഷകളിൽ മാത്രമേ പൂർണ്ണവേദപുസ്തകം ലഭ്യമായിരുന്നുള്ളു. 37 ഭാഷകളി?ൽ പുതിയനിയമം മാത്രമായും ലഭ്യമായിരുന്നു. 65ഓളം ഭാഷകളിൽ പരിഭാഷാ പ്രവർത്തനം പുരോഗമിക്കുന്നുണ്ടായിരുന്നു. എന്നാൽ അന്നു സർവ്വേ ആവശ്യമായിരുന്ന 200ഓളം ഭാഷകളിൽ എത്ര ഭാഷകളിൽ പരിഭാഷാ സംബന്ധമായ ആവശ്യങ്ങൾ നിലവിലുണ്ടായിരുന്നു എന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. എന്നാൽ കഴിഞ്ഞ 20 വർഷങ്ങൾ കൊണ്ട് സ്ഥിതിഗതികൾ വേഗത്തിൽ മാറി. വേദപുസ്തകം മുഴുവനായും, പുതിയ നിയമവും അനേകം ഇന്ത്യൻ ഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെട്ടു. പുരോഗമിച്ചുകൊണ്ടിരിക്കുന്ന പരിഭാഷാ പ്രവർത്തനങ്ങളുടെ എണ്ണംതന്നെ ഇരട്ടിയിലധികമായി. വേദപുസ്തകം ആവശ്യമുള്ള ഭാഷകളെ സംബന്ധിച്ച് ഏതാണ്ട് വ്യക്തമായ ചിത്രം ഇപ്പോൾ നമുക്കുണ്ട്. അതോടൊപ്പം പുതിയ വെല്ലുവിളികളും ഉയർന്നു വന്നിട്ടുണ്ട്.

***കഴിഞ്ഞ 20 വർഷത്തെ വേദപുസ്തക പരിഭാഷാ ദൌത്യത്തിന്റെ സ്ഥിതി***

| 1996 | | 2016 | |
|---|---|---|---|
| പൂർണ്ണമായ വേദപുസ്തകം | 49 | പൂർണ്ണമായ വേദപുസ്തകം | 75 |
| പുതിയ നിയമം | 37 | പുതിയ നിയമം | 83 |
| പരിഭാഷ പുരോഗമിക്കുന്നവ | 65 | പരിഭാഷ പുരോഗമിക്കുന്നവ | 142 |
| സർവ്വേ ആവശ്യമായവ | 200 | സർവ്വേ ആവശ്യമായവ | 22 |

***ഇന്ത്യൻ ഭാഷകൾക്ക് സമ്പൂർണ്ണ ദൈവവചനം***

ഒരു പ്രാർത്ഥനാ മീറ്റിംഗിൽ പുതിയനിയമ പ്രതിയുമായി നിങ്ങൾ ഇരിക്കുകയാണെന്ന് സങ്കൽപ്പിക്കുക. പ്രസംഗകൻ ആവർത്തിച്ച് പഴയനിയമ ഭാഗങ്ങൾ ഉദ്ധരിക്കുകയാണെങ്കിൽ നിങ്ങൾക്ക് ആ സന്ദേശത്തോടൊത്ത് മുമ്പോട്ടു പോകുവാൻ കഴിയുമോ. അനേക ഇന്ത്യൻ ഭാഷകളിലും പുതിയനിയമം മാത്രമേ ലഭ്യമായിട്ടുള്ളൂ. അല്ലെങ്കി? പുതിയനിയമ പരിഭാഷ പുരോഗമിക്കുകയായിരിക്കും. ഭാരതത്തിലെ ആറിലൊന്നു ഭാഷകളി? മാത്രമേ വേദപുസ്തകം പൂർണ്ണമായും ലഭ്യമായിട്ടുള്ളു 'എല്ലാ തിരുവെഴുത്തും ദൈവശ്വാസീയം (2തിമൊ.3:16) എന്നു വേദപുസ്തകം പറയുമ്പോൾ എന്തുകൊണ്ട് ചില ജനവിഭാഗത്തിനു മാത്രം ദൈവത്തിന്റെ മുഴുവൻ ആലോചനയും ലഭിച്ചുകൂടാൻ അവൻ പുതിയനിയമം മാത്രം ഉപയോഗിച്ചാൽ മതിയോ?

469 ഭാഷകൾ സംസാരിക്കപ്പെടുന്ന ഇന്ത്യയിൽ 75 ഭാഷകളിൽ വേദപുസ്തകം പൂർണ്ണമായി ലഭ്യമാണ്. എന്നാൽ 225 ഭാഷകൾ പുതിയ നിയമം മാത്രം ലഭ്യമായതോ, പുതിയനിയമ തർജ്ജിമ പുരോഗമിക്കുന്നതോ ആയ ഭാഷകളാണ്.

***ജനസംഖ്യ കുറവുള്ള ഭാഷകളിലേക്കുള്ള വേദപുസ്തക പരിഭാഷ***

ദൈവവചനം പരിഭാഷ ചെയ്യുന്ന ശുശ്രൂഷയ്ക്ക് കൈത്താങ്ങൾ കൊടുക്കുവാൻ നിങ്ങളോട് ആവശ്യപ്പെടുന്നു എന്നു കരുതുക ഏതു ഭാഷാ വിഭാഗത്തെയാകും നിങ്ങ? തിരഞ്ഞെടുക്കുക? ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ളവരോ, കേവലം ആയിരത്തോളം മാത്രം ജനസംഖ്യയുള്ള വിഭാഗത്തേയോ? ജനസംഖ്യ കൂടുതലുള്ള വിഭാഗത്തെയായിരിക്കും അധികം പേരും തിരഞ്ഞെടുക്കുക. കർത്താവു പഠിപ്പിച്ച 'നഷ്ടപ്പെട്ടു പോയ ഒരാടിന്റെ ഉപമ പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നവരാണ് നമ്മളെങ്കിലും എണ്ണത്തിൽ കുറവ് ആളുകൾ സംസാരിക്കുന്ന ഭാഷയിലേക്ക് വേദപുസ്തക പരിഭാഷ ചെയ്യുന്ന ശുശ്രൂഷ ഏറ്റെടുക്കുവാൻ ആളുകൾ പൊതുവേ വിമുഖത കാണിക്കുന്നതായാണ് കാണുന്നത്.

(....ശേഷം 30-ാം പേജിൽ)

# ഫിലോമോന്റെ ലേഖനം



പാസ്റ്റർ വിനിൽ സി ജോസഫ്
ഐപിസി ബെഥേൽ ബഹ്റിൻ

പൗലോസിന്റെ അഞ്ച് കാരാഗൃഹ ലേഖനങ്ങളിൽ ഒന്ന്. തന്റെ സ്നേഹിതനും കൂട്ടുവേലക്കാരനുമാണ് ഫിലോമോൻ.ഭാര്യ അപ്പിയ മകൻ അർക്കിപ്പോസ്,വീട്ടിൽ അനുഗ്രഹിക്കപ്പെട്ട സഭ.വിശുദ്ധന്മാരെ സ്നേഹിക്കുകയും സൽക്കരിക്കുകയും ചെയ്യുന്ന ദൈവീക കുടുംബം.ഈ കുടുംബത്തിലെ ദാസനായിരുന്ന ഒനേസിമോസ് തന്റെ യജമാനന്റെ പണം അപകരിച്ചുകൊണ്ട് ഒളിച്ചോടി പിന്നീട് പിടിക്കപ്പെട്ട് ജയിലിൽ ആയി.അവിടെവെച്ച് ദൈവത്താൽ പിടിക്കപ്പെട്ട് പൗലോസിന്റെ ശിഷ്യനായി ഒരു ദൈവപൈതലായി മടങ്ങി വരുന്നു. ഇതാണല്ലോ കത്തിന്റെ ഉള്ളടക്കം.എന്നാൽ ലേഖനത്തിൽ 11 വ്യക്തികളുടെ പേര് പറയുന്നുണ്ടെങ്കിലും ഊന്നൽ നൽകിയിരിക്കുന്ന 3 വ്യക്തികളും അവരുടെ സ്വഭാവം അറിഞ്ഞിരിക്കുകയും പഠിക്കുകയും വേണം.

***1. ഫിലോമോൻ-വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിക്കുന്നവൻ (വാക്യം 7).***

നല്ല ഗുണങ്ങളിൽ ശ്രേഷ്ഠമേറിയ ഗുണമാണ് ഇത്. അനേക സഭകൾ സ്ഥാപിക്കുകയും അനേക ദൈവദാസന്മാരെ വാർത്തെടുക്കുകയും ദൈവനാമത്തെപ്രതി കഷ്ടത,പട്ടിണി,നഗ്നത,ആപത്ത്,വാള്,കടലിലും കരയിലുമുള്ള ആപത്ത്. മൃഗയുദ്ധം,കാരാഗൃഹം,കള്ളസഹോദരന്മാരാലുള്ള ആപത്ത്,തന്റെ അപ്പോസ്തോലിക ശുശ്രൂഷയെ ചോദ്യം ചെയ്യുന്ന അനേകർ...ഇതെല്ലാം സഹിച്ച് വാർദ്ധക്യത്തിൽ ആയിരിക്കുന്ന പൗലോസിനും മറ്റുകൂട്ട് ശുശ്രൂഷകന്മാർക്കും ഹൃദയത്തിൽ ഒരു ആശ്വാസമാകാനും തണുപ്പേകാനും ഫിലോമോന് കഴിഞ്ഞിരുന്നു. നാം മറ്റുള്ളവർക്ക് ഒരു ആശ്വാസവും അവരുടെ ഹൃദയത്തെ തണുപ്പിക്കുന്നവരുമാകണം.

നമ്മുടെ മുമ്പിൽ വരുന്ന പ്രശ്നങ്ങളും വിഷയങ്ങളും സങ്കീർണ്ണമാക്കുകയാണോ അതോ അതിനെ പരിഹരിക്കുന്നവരാണോ നാം ഓരോരുത്തരും ?

a) അപ്പൊ.പ്രവ.5:33-40 ഉള്ള വചനഭാഗത്ത്,ഇത് കേട്ടപ്പോൾ അവർ കോപപരവശരായി അവരെ ഒടുക്കികളയുവാൻ ഭാവിച്ചു. ഈ സമയത്ത് ധർമ്മോപദേഷ്ടാവായ ഗമാലിയേൽ എഴുന്നേറ്റ് ആ വലിയ വിഷയത്തെ ലഘൂകരിക്കുവാൻ ഇടയായി.

b) അതുപോലെ ദാവീദിനേയും ദാവീദിന്റെ ഭൃത്യന്മാരേയും അപമാനിച്ച നാബാലിനെ കൊല്ലുവാൻ ഊരിപ്പിടിച്ച വാളുമായി പുറപ്പെട്ട ദാവീദിനേയും കൂട്ടരേയും വിവേകമുള്ള അബീഗയിൽ തണുപ്പിച്ച് തിരികെ അയയ്ക്കുന്നത് കാണാൻ പറ്റും (1 ശമു.25:23-35).

c) യാക്കോബിനോട് ദോഷം ചെയ്യുവാൻ ശക്തിയുള്ള ലാബാനോട് ദൈവം രാത്രിയിൽ ഇടപെട്ട് തണുപ്പിക്കുന്നു(ഉൽ.31:24)

അതെ നമ്മുടെ മുന്നിൽ വരുന്ന എല്ലാ വിഷയത്തേയും വിവേകത്തോടെ ഇടപെട്ട് ഫിലോമോൻ വിശുദ്ധന്മാരെ തണുപ്പിച്ചതുപോലെ നമുക്കും മറ്റുള്ളവർക്ക് ആശ്വാസവും തണുപ്പുമേകാം.

***2.ഒനേസിമോസ് -പ്രയോജനമുള്ളവൻ***

പ്രയോജനമുള്ളവൻ എന്നാണ് പേരിനർത്ഥം എങ്കിലും ഒരു പ്രയോജനവും യജമാനനില്ല.ഇന്നും നാം ഓരോരുത്തരും പേര് കൊണ്ട് ക്രിസ്ത്യാനികളായി ഒരു പ്രയോജനവും യജമാനനില്ലെങ്കിൽ ദൈവത്തെ പറ്റിക്കുകയല്ലേ ?.

പണ്ട് ഒരു വ്യക്തി മീൻ പിടിക്കാൻ പോയ കഥ കേട്ടിട്ടുണ്ട്.ചൂണ്ടയുമായി കടൽക്കരയിലിരുന്ന് ദൈവത്തോട് പറഞ്ഞു ആദ്യം ലഭിക്കുന്ന മീൻ ദൈവത്തിനാണ്.അപ്പോൾ തന്നെ വലിയൊരു മീൻ തന്റെ ചൂണ്ടയിൽ കുടുങ്ങി.ഇദ്ദേഹം മനസ്സിൽ ചിന്തിച്ചു ഇത്രേയും വലിയ മീൻ എങ്ങനെ കൊടുക്കും.അവസാനം ദൈവത്തോട് പറഞ്ഞു ഞാൻ ഒരു തമാശ പറഞ്ഞതാണെന്ന്.

സംഭവം കഥയാണെങ്കിലും ദൈവം തന്ന നന്മ ദൈവവേലയിൽ പ്രയോജനപ്പെടുത്താതെ സ്വന്തം കാര്യത്തിനുവേണ്ടിയും സുഖസൗകര്യത്തിനു വേണ്ടിയും ഉപയോഗിക്കുന്നവരല്ലേ പലരും.നോഹ എന്ന വാക്കിനർത്ഥം 'യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവൃത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വാസിപ്പിക്കുമെന്നു പറഞ്ഞു അവന്നു നോഹ എന്നു പേർ ഇട്ടു'. (ഉൽ.5:28,29).

ന്യായവിധിയുടെ കാലയളവിൽ നോഹ തന്റെ കുടുംബത്തിന് ഒരു ആശ്വാസമായിതീർന്നതുപോലെ,ഒനേസിമോസ് മാനസാന്തരപ്പെട്ട് യജമാനന് പ്രയോജനമുള്ളവനായി മടങ്ങിവന്നതുപോലെ,നട്ടപ്പോഴും ഒരു കൊട്ട പറിച്ചപ്പോഴും ഒരു കൊട്ട എന്ന പഴമക്കാർ പറയുന്നതുപോലെ ആകാതെ എബ്രായ ലേഖനം 11-ാം ആദ്ധ്യായത്തിൽ ദൈവത്തിനായി പ്രയോജനപ്പെട്ടവരുടെ പേരുകൾ കാണാം.അവരെപ്പോലെ നമുക്ക് ഓരോരുത്തർക്കും ദൈവത്തിനായി പ്രയോജനപ്പെടാം.

'ഫലമില്ലാത്ത അത്തിയെ ദൈവം ശപിച്ചു.തോട്ടത്തിൽ പ്രയോജനമില്ലാത്ത വൃക്ഷത്തിന്റെ ചുവട്ടിൽ കോടാലി വച്ചിരിക്കുന്നു.ഫലമുള്ള വൃക്ഷത്തെ യജമാനൻ ചെത്തി വെടിപ്പാക്കി ഏറെ ഫലം കായ്പ്പിക്കുന്നു'.

***3.പൗലോസ്***

ഈ ലേഖനത്തിൽ യജമാനനേയും ദാസനേയും ഒന്നിപ്പിക്കുവാൻ ഒരു മദ്ധ്യസ്ഥനായി നിൽക്കുന്നത് നമ്മുടെ യേശുകർത്താവിന്റെ നിഴലല്ലേ. നല്ല യജമാനനായ സ്വർഗ്ഗീയ പിതാവിൽ നിന്നും അകന്നുപോയ നമ്മെ കാൽവറിയിൽ സ്വർഗ്ഗത്തിനും ഭൂമിയുടേയും മധ്യനിന്ന് തന്റെ ക്രൂശ് മരണത്താൽ നല്ല യജമാനനായ പിതാവിനോട് നമ്മെ നിരപ്പിച്ചു. പൗലോസ് ഒനേസിമോസിന്റെ കടം സ്വന്തം കയ്യാൽ വീട്ടിയതുപോലെ തന്റെ വിലയേറിയ രക്തത്താൽ വിലകൊടുത്തു നമ്മെ വിലക്കുവാങ്ങി സ്വാതന്ത്രം തന്ന യേശുക്രിസ്തുവിന്റെ സ്നേഹം എത്ര അവർണ്ണനീയം.

# സ്നേഹത്തിന്റെ ത്യാഗം



ബിന്ദു ബിജു
ഡൽഹി

ക്രിസ്തീയ ജീവിതത്തിൽ ഒന്നാമത്തേയും പ്രധാനപ്പെട്ടതുമായ പ്രമാണം സ്നേഹമാണ്. നമ്മുടെ സ്നേഹം ആത്മാർത്ഥത പുലർത്തുന്നതായിരിക്കണം. സ്നേഹം പുറമെ ഉള്ളതാണെങ്കിൽ അത് വ്യാജവും കപടവുമായിരിക്കും. അത് നിലനിൽക്കുകയില്ല. ആത്മാർത്ഥ സ്നേഹമുള്ള ഒരാൾ, ദൈവത്തിന്റെ താൽപര്യങ്ങളും മറ്റുള്ളവരുടെ ക്ഷേമവുമായിരിക്കും അന്വേഷിക്കുന്നത്. നേരേ മറിച്ചാണെങ്കിൽ സ്വന്ത താൽപര്യങ്ങളും ക്ഷേമവുമായിരിക്കും ലക്ഷ്യം.

സ്നേഹത്തെക്കുറിച്ച് പൗലോസ് വിശദീകരുക്കുന്നത് വളരെ ശ്രദ്ധേയമാണ്. കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുവാനുള്ള ആഹ്വാനവും(ഗലാ.5.17), അന്യോന്യം സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നു(റോമ.13.8) എന്ന വീക്ഷണവും സ്നേഹത്തിന് ജീവിതത്തിലുള്ള സുപ്രധാന സ്ഥാനത്തെക്കുറിച്ചുള്ള (കൊരി.13,14 അദ്ധ്യായങ്ങൾ) ഉജ്ജ്വല പ്രബോധനവും എത്രയോ ശ്രേഷ്ഠമാണ്. സ്നേഹത്തിൽ വേരൂന്നിയ ഒരു സമൂഹത്തെ പൗലോസ് വീക്ഷിക്കുന്നു.

മൂലഭാഷയായ ഗ്രീക്കിൽ അഗാപ്പെ എന്ന പദത്തിന് നിർവ്യാജമായ ദൈവസ്നേഹം എന്നാണർത്ഥം. വിച്ഛേദിക്കുവാനോ കീഴ്പ്പെടത്തുവാനോ കഴിയാത്ത സ്നേഹമാണത്. ഈ സ്നേഹമാണ് ശത്രുവിനോട് പുലർത്തുവാൻ യേശു ആവിശ്യപ്പെട്ടത്. തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാൻ ഒരുപക്ഷേ എല്ലാവർക്കും കഴിഞ്ഞെന്നുവരാം. അത്യാഗ്രഹികളുടേയും ആത്മാർത്ഥതയില്ലാത്തവരുടേയും പാപികളുടേയും പ്രതീകമായി യഹൂദന്മാർ വിധിച്ച് തള്ളിയ ചുങ്കക്കാരും അങ്ങനെ തന്നെ ചെയ്യുന്നില്ലയോ ? (മത്താ.5.46).

എന്നാൽ ശത്രുവിനെ സ്നേഹിക്കുവാൻ കഴിയുന്നത് ക്രിസ്തുവിൽ നിന്ന് ജനിച്ചവർക്ക് അഥവാ ദൈവരാജ്യത്തിന്റെ പ്രജകളായിതീർന്ന ക്രൈസ്തവന് മാത്രമേ സാദ്ധ്യമാകൂ. യഥാർത്ഥത്തിൽ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചെടുത്തോളം ആരോടും ശത്രുതാമനോഭാവം തോന്നാൻ പാടുള്ളതല്ല. നാം ശത്രുക്കൾ ആയിരിക്കുമ്പോൾതന്നെ ആകുന്നു ദൈവം നമ്മെ സ്നേഹിച്ചത്(റോമ.5.10). നാം മറ്റുള്ളവരെ സ്നേഹിക്കേണ്ടുന്നത് എന്തെങ്കിലും നേട്ടം പ്രതീക്ഷിച്ചുകൊണ്ടല്ല പ്രത്യുത സ്നേഹം നി ർവ്യാജവും ലക്ഷ്യം സംശുദ്ധവുമായിരിക്കേണം.

ഇംഗ്ലണ്ടിലെ വിക്ടോറിയ രാജ്ഞിക്ക് സർ.ഫിലിപ്പ് സിഡ്നി എന്നൊരു പ്രഭുവുണ്ടായിരുന്നു. ദയാലുവും മനുഷ്യസ്നേഹിയുമായിരുന്ന അദ്ധേഹം അറിയപ്പെടുന്ന ഒരു ഭരണതന്ത്രജ്ഞനും സേനാപതിയും കവിയുമായിരുന്നു. ഒരിക്കൽ ഇംഗ്ലീഷുകാരും സ്പെയിൻകാരും തമ്മിൽ യുദ്ധമുണ്ടായപ്പോൾ സർ.ഫിലിപ്പ് സിഡ്നി തന്റെ സൈന്യവുമായി ചെന്ന് അവരെ പരാജയപ്പെടുത്തി. പക്ഷേ യുദ്ധം തീരുന്ന അവസരത്തിൽ അദ്ധേഹത്തിന്റെ കുതിര വെടിയേറ്റ് വീഴുകയും സിഡ്നിയുടെ കാലിന് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.

അവശനിലയിൽ രക്തം വാർന്നൊലിക്കുന്ന അവസ്ഥയിൽ യുദ്ധക്കളത്തിൽ കിടന്നുകൊണ്ട് അദ്ധേഹം വെള്ളം വെള്ളം എന്ന് പറഞ്ഞുകൊണ്ടിരുന്നു. പെട്ടെന്ന് ഒരു ഭടൻ കപ്പിൽ അൽപ്പം വെള്ളം കൊണ്ട് കൊടുത്തു. അദ്ധേഹം ആർത്തിയോടെ അത് കുടിക്കുവാനായി ചുണ്ടോടടുപ്പിച്ചപ്പോൾ മുറിവേറ്റ് അർദ്ധപ്രാണനായി കിടക്കുന്ന മറ്റൊരു പടയാളി വെള്ളത്തിനുവേണ്ടി കരയുന്നത് അദ്ധേഹം കണ്ടു. സിഡ്നി കൈയിലിരുന്ന കപ്പ് നീട്ടികൊണ്ട് പറഞ്ഞു 'ഈ വെള്ളം ആ മനുഷ്യന് കൊടുക്കുക, എന്നേക്കാൾ ആവിശ്യം അയാൾക്കാണ്'. പിന്നീട് ഏതാനും ചില ദിവസങ്ങൾ മാത്രമേ സിഡ്നി ജീവിച്ചിരുന്നുള്ളൂ. എന്നാൽ അദ്ധേഹത്തിന്റെ മനുഷ്യസ്നേഹം ഇന്നും അനേകർക്ക് പ്രചോദനമേകുന്നു.

ത്യാഗാത്മകമായ ഈ സ്നേഹം ഇന്ന് ലോകത്തിൽ വളരെ അപൂർവ്വമായി മാത്രമേ കാണുന്നുള്ളൂ. യേശുക്രിസ്തുവിന്റെ സ്നേഹം ത്യാഗാത്മകമായിരുന്നു. പാപികൾക്കുവേണ്ടി ശിക്ഷാവിധികൾ ഏറ്റുവാങ്ങുമ്പോഴും മറ്റുള്ളവരെ യേശു മറന്നില്ല. അനുതപിച്ച കള്ളനെ ആശ്വസിപ്പിക്കുവാൻ അവൻ സമയം കണ്ടെത്തി. തന്നെ ക്രൂശിച്ച യഹുദാജനത്തിന് വേണ്ടി പ്രാർത്ഥിക്കുവാൻ യേശു തയ്യാറായി. സ്നേഹത്തിന്റെ ത്യാഗത്തെ നിർവചിച്ചതും അതിന് ഉത്തമ മാതൃക കാട്ടിയതും യേശുക്രിസ്തു മാത്രമാണ്. സ്വന്തം ദുഃഖങ്ങളേയും വേദനകളേയുംകുറിച്ച് പരിതപിക്കുന്നവരാണ് നമ്മിലനേകരും. എന്നാൽ നമ്മുടെ ചുറ്റുപാടുകളിലേക്ക് ഒന്ന് കണ്ണോടിച്ചാൽ നമ്മേക്കാൾ ദുഃഖിതരായ മറ്റേനകരെ കാണുവാൻ കഴിയും. ഒരുപക്ഷേ നമ്മെ ആശ്വസിപ്പിക്കുവാനും സ്നേഹിക്കുവാനും സഹായിക്കുവാനും അനേകർ ഉണ്ടാകും. എന്നാൽ അവർ നിസ്സഹായരാണ്. അവരെ സ്നേഹിക്കുവാൻ നാം തയ്യാറാണോ ? സ്നേഹം സ്നേഹമാകുന്നത് നാം സ്നേഹിക്കുവാൻ തയ്യാറാകുമ്പോഴാണ്.

നമ്മിലനേകരും മറ്റുള്ളവരുടെ സ്നേഹത്തിനും അംഗീകാരത്തിനും വേണ്ടി ഒരു വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്നവരാണ്. എന്നാൽ മറ്റുള്ളവരോടുള്ള നമ്മുടെ ഓരോ സമീപനത്തിലും സ്വാർത്ഥത അൽപ്പംപോലുമില്ലെന്ന് നമുക്ക് ഉറപ്പുണ്ടോ ?. നമ്മുടെ സ്വന്തം ഗുണത്തിനായി നാം മറ്റുള്ളവരെ ചൂഷണം ചെയ്തിട്ടുണ്ടോ ?. ദൈവത്തിന്റെ ദിവ്യസ്വഭാവം നമ്മുടെ ഓരോ പ്രവൃത്തിയിലും പ്രതിഫലിപ്പിക്കുവാൻ നാം തയ്യാറാണോ ? നമ്മെ സ്നേഹിക്കുന്നവരെ മാത്രമല്ല നമ്മെ ദ്വേഷിക്കുന്നവരേയും വേദനിപ്പിക്കുന്നവരേയും സ്നേഹിക്കുവാൻ നമുക്ക് സാധിക്കുമോ ? അത് വളരെ പ്രയാസമുള്ള കാര്യമാണ്. നമ്മെ പകയ്ക്കുന്നവരെ സ്നേഹിക്കുമ്പോഴാണ് നാം നമ്മുടെ സ്വർഗ്ഗീയപിതാവിനോട് അനുരൂപരായി തീരുന്നത്.

## BMCC യാത്ര അയപ്പ് നൽകി



ബ്രദർ എം.ജെ. ജോൺസനും കുടുംബത്തിനും BMCC യാത്ര യാത്ര അയപ്പ് നൽകി. 37 വർഷത്തെ പ്രവാസ ജീവിതത്തിനുശേഷമാണ് ബ്രദർ ജോൺസൺ കുടുംബമായി കേരളത്തിലേക്ക് മടങ്ങുന്നത്. ബ്രദർ ജേക്കബ് ജോർജ്ജ് (പ്രസിഡന്റ്) BMCC യിൽ പലവിധ ഉത്തരവാദിത്വങ്ങൾ ആത്മാർത്ഥയോടെ നിർവഹിച്ചതിന് പ്രിയ കുടുംബത്തോട് നന്ദി അറിയിച്ചു. ഏരിയ തിരിച്ചുള്ള ഭവനസന്ദർശനങ്ങളിലൊക്കെ മടികൂടാതെ ഒരുമിച്ച് പങ്കെടുത്ത അനുഭവങ്ങളൊക്കെ പാസ്റ്റർ കെ.എം. ജോർജ്ജ് ഓർമ്മിപ്പിച്ചു. നീണ്ട വർഷത്തെ സ്നേഹബന്ധം ക്രിസ്തുവിൽ സൂക്ഷിപ്പാൻ കഴിഞ്ഞതിന്റെ ഓർമകൾ ബ്രദർ ജോസ്.കെ.ജോൺ (വൈസ് പ്രസിഡന്റ്) പങ്കുവെച്ചു. ബ്രദർ ജോൺസനും സിസ്റ്റർ ലിസ്സി ജോൺസനും മെമെന്റോ പാസ്റ്റർ കെ.എം. ജോർജ്ജ് നൽകുകയും ബ്രദർ ജോർജ്ജ് ജോസഫ് പ്രാർത്ഥിക്കുകയും ചെയ്തു.

## The Wonderful Counselor



Stanley Varghese

For to us a child is born, to us a son is given, and the government will be on his shoulders. And he will be called Wonderful Counselor
Isaiah 9:6

Do you need wisdom or direction in your life today? The scripture tells us that Jesus is our counselor. And He's not just any kind of counselor, He's a Wonderful Counselor. When something is wonderful, it means it is unusually good, marvelous or astonishing. Think about that for a moment. God is a marvelous, astonishing, unusually good counselor—the very best you could ever have!

Today, no matter what you may be facing, no matter what kinds of decisions you have to make, consider God. Ask Him to direct your steps and confirm His perfect will for your life. Remember, He is the best counselor there is. Let Him direct and guide your path. Seek Him with your whole heart, put Him first, and let Him lead you in blessing and victory in every area of your life.
God Bless You All!

# Bible Quiz

Knowledge Cafe 2

Jijo Angamaly

1. പിതാവിന് പെൺമക്കളില്ല.
മകന് ആൺമക്കളുമില്ല. പിതാവാര് ? മകനാര് ?
2. സസ്യഭുക്കുകളേക്കാൾ മാംസഭുക്കുകളാണ് ഭൂമിയിലധികവും. സ്വന്തമാംസം തിന്നുന്നവരെ നമ്മളാരും കണ്ടു എന്ന് വരില്ല. എന്നാൽ 'സ്വന്തമാംസം തിന്നുന്നു' എന്ന് വിശേഷിക്കപ്പെട്ട ഒരു കൂട്ടരുണ്ട് വേദപുസ്തകത്തിൽ. ആരാണവർ ?
3. ഗോപുരം ഗിരിയല്ല. ഗിരി ഗോപുരവുമല്ല. എന്നാൽ 'സീയോൻ പുത്രിയുടെ ഗിരി' എന്ന് വിശേഷിപ്പിച്ചിരിക്കുന്ന ഗോപുരമേത് ?
4. മസ്രേക്കക്കാരൻ മരിച്ചപ്പോൾ രെഹോബോത്ത്കാരൻ രാജാവായി. രാജ്യം ഏത് ?
5. രണ്ട് ഒറ്റുകാരെ ഒളിപ്പിച്ചവളാണ് രാഹാബ്. എന്നാൽ അഞ്ച് ഒറ്റുകാരെ ഒളിപ്പിച്ചവനാര് ?
6. യാക്കോബ് ഗൃഹം തീയും യോസേഫ് ഗൃഹം ജ്വാലയുമാകുമ്പോൾ താളടിയാകുന്ന ഗൃഹമേത് ?
7. സഹോദര സംഘത്തിന് ഇഷ്ടൻ എന്ന് പറഞ്ഞിരിക്കുന്നത് മൊർദ്ദഖായിയെക്കുറിച്ചാണ് എന്നാൽ 'സഹോദരന്മാർക്ക് ഇഷ്ടൻ' എന്ന് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ച് ?
8. പുത്രമരണരാഗത്തിൽ എഴുതപ്പെട്ട സങ്കീർത്തനമേത് ?
9. ഒരു പർവ്വതത്തിൽ സീദോന്യരും അമ്മോർയ്യരും വെവ്വേറേ പേരുകളിട്ടു. പർവ്വതത്തിന്റെ യഥാർത്ഥ പേരെന്ത് ?
10. തിരുനിവാസത്തിന് ആകെ എത്ര പലകകളാണ് ഉണ്ടായിരുന്നത് ?

# PUZZLE

**Re arrange the letters to find the men of the Bible.**

Eg: Hi Asia ! = Isaiah

1. More a job
2. Canine herbs
3. Heal an ant
4. A lush theme
5. Hat on Jan
6. I jam here!
7. Hike haze
8. One badge
9. Mob a hero
10. Eh? I'm a hen!

## നിബന്ധനകൾ

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. എല്ലാ മാസവും 20-ാം തീയതിക്ക് മുമ്പ് ഉത്തരങ്ങൾ അയക്കുക
4. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
5. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
6. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
7. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
8. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
9. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
10. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
11. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
12. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്

**E-mail : hhgulfnews@gmail.com**
**Whatsapp : 00973 38383399**

## ശരി ഉത്തരങ്ങൾ

Issue No. 1 (April 2017)

### ബൈബിൾ ക്വിസ്

1. നീതിമാൻ –സദൃ.11:28
2. യോശുവ – യോശു.15:8
3. 10 – യിരെ.41:8
4. അശൂർ – നഹൂം 3:18
5. ഓബേദ് – രൂത്ത് 4:15
6. അമ്മോന്യർ – 1 ദിന.20:3
7. സീസെര,യായേൽ – ന്യായാ.5:27
8. 500 – ഉൽ.5:32
9. സ്കേവാ – അപ്പൊ.പ്രവൃ.19:14
10. അഹവ ആറ്റിന്റെ അരികെ – എസ്രാ 8:21

### Puzzle

1. Rim Aim = Miriam
2. Bad Hero = Deborah
3. Threes = Esther
4. Bite heals = Elisabeth
5. At harm = Martha
6. Clips rail = Priscilla
7. Rap a ship = Sapphira
8. Habitat = Tabitha
9. Hash tune = Nehushta
10. Cards do = Dorcas

ശരി ഉത്തരം അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ

## : വിജയികളായവർ (Issue 1)



*ജോൺസി അനിൽ*
*(ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്)*
**ബൈബിൾ ക്വിസ്**



*പ്രെയ്സി പൊന്നച്ചൻ*
*(ഐ.പി.സി. ബഹറിൻ)*
Puzzle

### ബൈബിൾ ക്വിസ്സിന്റെ ശരി ഉത്തരം അയച്ചവർ:

1. ജോൺസി അനിൽ,ഷാരോൺ ഫെല്ലോഷിപ്പ്
2. ഷേബാ ആൻ ഡാനിയേൽ, ചർച്ച് ഓഫ് ബഹ്റിൻ റിവൈവൽ ഫെല്ലോഷിപ്പ്
3. സിന്ധു ജോഷി,ബഹ്റിൻ ചർച്ച് ഓഫ് ലിവിംഗ് ഗോഡ്
4. ലിസി വർഗീസ്,ഷാരോൺ ഫെല്ലോഷിപ്പ്
5. സിനു ജോസ്,ഷാരോൺ ഫെല്ലോഷിപ്പ്
6. പ്രൈസി പൊന്നച്ചൻ,ഐ.പി.സി,ബഹ്റിൻ
7. മിനി,ഐ.പി.സി,ബഹ്റിൻ
8. പൊന്നച്ചൻ,ഐ.പി.സി,ബഹ്റിൻ
9. സുബി ലിജോമാത്യു,ചർച്ച ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്
10. മഞ്ചു നെവിൻ,ഇമ്മാനുവേൽ ഐ.പി.സി
11. എൽസാ റേയ്ചൽ ഷിജു,ഐ.പി.സി ബഹ്റിൻ

### Puzzle-those who sent correct answers:

1. Praisy Ponnachan,IPC Bahrain
2. Ruby Sara Varghese, Sharon Fellowship
3. Sheba Ann Daniel,Church of Bahrain Revival Fellowship
4. Metty Shibu, Sharon Fellowship
5. Lizy Varghese,Sharon fellowship
6. Sindhujoshi, Bahrain Church of Living God
7. Gladwin Jessy Sunny,Manama Brethren Assembly
8. Peninnah Mariam Shibu,Gafool Brethern
9. Manna Susan Kurian,Church of Philadelphia
10. Jessy Jacob,AG
11. Manju Nevin,Bethel IPC
12. Joncy Anil, Sharon Fellowship
13. Mini Ponnachan,IPC Bahrain
14. Ponnachan,IPC Bahrain
15. Bindu Johnson,Church of God
16. Suby Lijo Mathew,Church of God Full Gospel Prayer Fellowship.
17. Aanie Abraham,Immanuel IPC
18. Elsa Rachel Shiju,IPC Bahrain
19. Alice George,Suvartha Church
20. Azariya.P.eden,Church of God
21. Shiny Stephen,C.G.P.A Riyad,KSA

*ശരിയുത്തരമയച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ അതാത് സഭകളിൽ എത്തിക്കുന്നതാണ്.

**ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ**
**ശരിയുത്തരമയക്കുന്ന എല്ലാവർക്കും**
*HH Appreciation Certificate*






ജി.പി.നിശ്ചൽ റോയി
തിരുവനന്തപുരം

## മുഖവുര

അടിച്ചമർത്തലുകളെ അതിജീവിച്ച് ആഘോഷപെരുമയോടെ ലോകത്തിന്റെ നെറുകയിൽ പടർന്ന് പന്തലിച്ച് കിടക്കുന്ന വിശുദ്ധ വേദപുസ്തകത്തിന് ഒരു മുഖവുര എഴുതുക എന്നത് നിസാരമല്ല.ഒരായുസ്സുകൊണ്ട് ഒരംശംപോലും വായിച്ചു പഠിച്ച് ഗ്രഹിക്കാൻ കഴിയില്ല ഈ ഗ്രന്ഥം.അത്രയ്ക്ക് അതി ശ്രേഷ്ഠമാണത്.ലോകത്തിലെ 469 ഭാഷകളിൽ പരിഭാഷപ്പെടുത്തിയ ഈ ഗ്രന്ഥം തന്നെയാണ് ഏറ്റവും അധികം വിറ്റഴിക്കപ്പെട്ടതും,ഏറ്റവും കൂടുതൽ ജനം വായിച്ചതും.ലോകത്തിൽ ഏറ്റവും അധികം ഭാഷകളിൽ പരിഭാഷപ്പെടുത്തിയ ഗ്രന്ഥങ്ങളിൽ രണ്ടാം സ്ഥാനത്തുള്ള ഇറ്റാലിയൻ എഴുത്തുകാരനായ കാർലോ കൊല്ലോഡി എഴുതിയ പിനോചിയോ (260) എന്ന ഗ്രന്ഥത്തേക്കാൾ 209 ഭാഷകളിൽ ബൈബിൾ തർജ്ജിമ ചെയ്തു.ഈ റെക്കോഡ് തിരുത്തുക എന്നത് അസാദ്ധ്യമാണ്.കാരണം അനുദിനം പുതിയ ഭാഷകളിലേക്ക് ബൈബിൾ പരിഭാഷപ്പെടുത്തികൊണ്ടിരിക്കുന്നു എന്നുള്ളത് തന്നെ.

പുസ്തകങ്ങൾ എന്നർത്ഥം വരുന്ന ബിബ്ലിയോൺ എന്ന ഗ്രീക്കുപദത്തിൽ നിന്നുമാണ് ബൈബിൾ എന്ന ഇംഗ്ലീഷ് പദം രൂപപ്പെട്ടത്. പ്രമാണരേഖ,അടിസ്ഥാനരേഖ എന്നർത്ഥം വരുന്ന Berith എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്.എന്നാൽ ഉഭയസമ്മതം എന്നർത്ഥത്തിൽ Covenant എന്ന വാക്കാണ് ഏറ്റവും ഉത്തമമായതും അഭികാമ്യവും എന്ന് ഭാഷാപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പാപം നിമിത്തം അകന്നുപോയ മനുഷ്യനും ദൈവവും തമ്മിൽ നിരക്കുന്നതിന് ഉണ്ടാക്കപ്പെട്ട ഉഭയസമ്മതമാണ് ബെരിത്ത് എന്ന വേദപുസ്തകം.

## I. പഴയ നിയമം (Old Testament)

39 പുസ്തകങ്ങൾ ഉള്ള പഴയനിയമത്തെ പ്രധാനമായും 4-ആയി വിഭജിച്ച് പഠിക്കാം.

### 1) പഞ്ചഗ്രന്ഥങ്ങൾ (Pentatuch)

എബ്രായഭാഷയിൽ തോറ എന്ന് പറയുന്ന ഈ വിഭാഗത്തിൽ ഉൽപ്പത്തി മുതൽ ആവർത്തനം വരെയുള്ള 5 പുസ്തകങ്ങൾ ആണ്.മോശയാൽ രചിക്കപ്പെട്ടവയാണിവ.

### 2)ചരിത്രപുസ്തകങ്ങൾ (Historical Books)

യോശുവ മുതൽ എസ്ഥേർ വരെയുള്ള 12 പുസ്തകങ്ങളാണ് ചരിത്രപുസ്തകങ്ങൾ എന്ന് പറയപ്പെടുന്നത്(ഇവയെ വായ്മൊഴി പ്രവചനങ്ങൾ എന്ന മറ്റൊരു വിഭാഗമായും പറയാറുണ്ട്).

### 3) കാവ്യപുസ്തകങ്ങൾ (Poetical Books)

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ളതും വിലാപങ്ങൾ ഉൾപ്പെടെ 6 ഗ്രന്ഥങ്ങൾ ആണ് ഈ വിഭാഗത്തുിലുള്ളത്.എഴുതിയ രീതി വെച്ചിട്ട് ഇയ്യോബിന്റെ പുസ്തകത്തെ ബൈബിളിനകത്തെ ഏകനാടകഗ്രന്ഥമായും പണ്ഡിതന്മാർ പറയാറുണ്ട്.

### 4) പ്രവചനപുസ്തകങ്ങൾ (Prophetical Books)

യെശയ്യാവ് മുതൽ മലാഖിവരെ (വിലാപങ്ങൾ ഒഴികെയുള്ള) 16 ഗ്രന്ഥങ്ങളെയാണ് പ്രവചനപുസ്തകങ്ങൾ എന്ന് പറയുന്നത്.ഇവയെ വരമൊഴി പ്രവചനങ്ങൾ എന്ന മറ്റൊരു വിഭാഗമായും പറയാറുണ്ട്.ഈ ഗ്രന്ഥങ്ങളെ വലിയ പ്രവാചകന്മാർ (യെശയ്യാവ്, യിരെമ്യാവ്,യെഹസ്ക്കേൽ,ദാനിയേൽ) എന്നും ചെറിയ പ്രവാചകന്മാർ(ഹോശയ്യാ മുതൽ മലാഖി വരെ) എന്നും വിഭജിച്ചു പഠിക്കാം.

## II. പുതിയ നിയമം (New Testament)

27 പുസ്തകങ്ങൾ അടങ്ങിയ രണ്ടാം ഭാഗത്തെ 4-ഭാഗമായി തിരിച്ച് പഠിക്കാം.

### 1) സുവിശേഷങ്ങൾ (Gospels)

യേശുക്രിസ്തുവിന്റെ ജീവചരിത്രം കോറിയിട്ട 4 ഗ്രന്ഥങ്ങളാണിവ.മത്തായി മുതൽ യോഹന്നാൻ വരെ.

### 2. ചരിത്രഗ്രന്ഥം (Historical Books)

പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ എന്ന അപരനാമത്തിലറിയപ്പെടുന്ന അപ്പൊസ്തൊല പ്രവർത്തികൾ എന്ന ഏകഗ്രന്ഥമാണ് ഈ വിഭാഗത്തിലുള്ളത്.അപ്പൊസ്തൊലന്മാരുടെ കാലത്തെ ദൈവസഭയുടെ പ്രവർത്തനങ്ങളുടെ സംക്ഷിപ്തചരിത്രം ഈ ഗ്രന്ഥത്തിലൂടെ വരച്ച് കാണിച്ചിരിക്കുന്നു.

### 3) ലേഖനങ്ങൾ (Epistles)

റോമർക്ക് എഴുതിയ ലേഖനം മുതൽ യൂദായുടെ ലേഖനംവരെയുള്ള 21 ഗ്രന്ഥങ്ങൾ.ദൈവസഭയുടെ നിലനിൽപ്പിനും ക്രിസ്തു ആകുന്ന തലയോളം സകലത്തിലും വളരേണ്ടതിനും ആവിശ്യമായിരിക്കുന്ന പ്രബോധനങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്ന ഈ പുസ്തകങ്ങളെ പൗലോസിന്റെ ലേഖനങ്ങൾ(14) എന്നും പൊതുവായ ലേഖനങ്ങൾ (7) എന്നും രണ്ടായി വിഭജിച്ചു പഠിക്കാറുണ്ട്.

### 4) പ്രവചനഗ്രന്ഥം (Prophetical Book)

ദൈവസഭയുടെ ഭാവികാലങ്ങളെക്കുറിച്ച് സവിസ്തരം പ്രഖ്യാപിച്ചിരിക്കുന്ന വെളിപ്പാട് പുസ്തകമെന്ന ഏകഗ്രന്ഥമാണ് ഈ വിഭാഗത്തിലുള്ളത്.

ഇത്തരത്തിലുള്ള വിഭജന പഠിപ്പിക്കലുകളാണ് ഇപ്പോൾ നിലവിലുള്ളത്. വിവരണദൈർഘ്യം ഭൂഷണമല്ലാത്തതിനാൽ ഈ വിഷയത്തിൽ തല്ക്കാലം കുത്തിടുന്നു.

ഇത് വിവരസാങ്കേതികവിജ്ഞാനയുഗമാണ്. കാലദേശസീമകൾ അപ്രസക്തമാകുന്ന ഇന്നിന്റെ ലോകത്ത് ആധുനിക മനുഷ്യന്റെ ജീവിതത്തിൽ അഭിവാജ്യഘടകമായി തീർന്നിരിക്കുന്ന ഇന്റർനെറ്റും വെബ്സൈറ്റുകളും രംഗത്ത് വന്നതോടുകൂടി വേദപുസ്തകത്തിന്റെ പ്രാധാന്യതയെ ചോദ്യം ചെയ്യുന്ന തലമുറ എഴുന്നേറ്റിരിക്കുന്നു.കൊരിന്ത്യ ലേഖനം കോഴഞ്ചേരിക്കാർക്കെന്തിന് എന്ന പഴമയിൽ കേട്ട മൊഴി ഈ കാലത്തിലും ആവർത്തിച്ച് ചൊല്ലപ്പെടുമ്പോൾ വിശ്വവിഖ്യാത നാടകകൃത്ത് ഷേക്സ്പിയർ എഴുതിയ മാക്ബത്ത് എന്ന നാടകത്തിലെ കഥാനായകനായ മാക്ബത്ത് കഥാന്ത്യത്തിൽ ഭ്രാന്തനായി അലറിവിളിച്ചു ചോദിക്കുന്ന 'എന്റെ ഈ പാപക്കറയിൽ നിന്ന് രക്ഷിപ്പാൻ ആർക്കാകും? 'എന്ന ചോദ്യത്തിന് ഉത്തരം പറയുവാൻ കഴിയാതെ ലോകൈക ഗ്രന്ഥങ്ങൾ വായ്മൂടി നിൽക്കുമ്പോൾ 'ക്രിസ്തുയേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു' എന്ന് ഈ കാലഘട്ടത്തിലും ഉച്ചൈസ്ഥരം വിളിച്ചു പറയുന്ന വിശിഷ്ട വിപ്ലവ സാഹിത്യഗ്രന്ഥമായ വിശുദ്ധവേദപു സ്തകത്തിലൂടെ ഒരു പഠനപടയോട്ടത്തിനൊരുങ്ങാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# Health tips



Dr. Jissa Mary Joseph

*"An ounce of prevention is worth a pound of cure"*

Here are five health tips which I consider to be the cornerstone of a good health.

### 1. Do Some Cardio, or Just Walk More

- Doing aerobic exercise (or cardio) is one of the best things you can do for your mental and physical health.
- It is particularly effective at reducing belly fat, the harmful type of fat that builds up around your organs. Reduced belly fat should lead to major improvements in metabolic health

### 2. Don't Drink Sugar Calories/ avoid sugar

I have heard people say avoid sugar in the solid form but it's fine to drink sugar calories like soda-WRONG .In fact, Sugary drinks are the most fattening things you can put into your body. This is because liquid sugar calories don't get registered by the brain in the same way as calories from solid foods.Keep in mind that fruit juice are almost as bad as soda in this regard.

### 3. Eat Fatty Fish

Fish is healthy , this is particularly true of fatty fish, like salmon, which is loaded with omega-3 fatty acids and various other nutrients.People who eat the most fish have a lower risk of all sorts of diseases, including heart disease, dementia and depression.

### 4. Eat Vegetables and Fruits

Vegetables and fruits are the "default" health foods, and for good reason.

They are loaded with prebiotic fiber, vitamins, minerals and all sorts of antioxidants, some of which have potent biological effects.

Studies show that people who eat the most vegetables and fruits live longer, and have a lower risk of heart disease, type 2 diabetes, obesity and all sorts of diseases

### 5. Get Enough Sleep

The importance of getting enough quality sleep can't be overstated.It may be just as important as diet and exercise, if not more.Poor sleep can drive insulin resistance, throw your appetite hormones out of whack and reduce your physical and mental performance

What's more, it is one of the strongest individual risk factors for weight gain and obesity.




*A sleep of 6-8 hrs is important, not just the hours account but also the environment and timing is equally important. It is beneficial to sleep early and wake early. Studies show the best sleeping hours are from 10 to 4 am (atleast 6hrs)*

**Avoid bright lights before sleep (mobile phones, laptops):** When we're exposed to bright lights in the evening, this disrupts production of the sleep hormone melatonin.

## ദൈവമക്കൾക്കൊരു സന്തോഷവാർത്ത

### –പ്രഭാതപ്രാർത്ഥന–

സഭാവ്യത്യാസമില്ലാതെ പ്രഭാതയാമത്തിൽ പ്രസന്നതയോടെ കർത്ത്യസന്നിധിയിൽ വ്യക്തിപരമായതും മറ്റുള്ളവരുടെയും വിവിധ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥനയ്ക്കായി ഒത്തുകൂടാൻ ഒരു അവസരം

**എല്ലാമാസത്തിന്റെയും ആദ്യത്തെ ഏഴുദിവസങ്ങളിൽ രാവിലെ 4:45 മുതൽ 5:45വരെ, സെഗയായിലുള്ള ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ**

## തിരഞ്ഞെടുത്തു



ബഹ്റിൻ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ പുതിയ സെക്രട്ടറിയായി ബ്രദർ രഞ്ചിത്ത് എബ്രഹാമിനെ തിരഞ്ഞെടുത്തു. പൂർണ്ണസമയ സുവിശേഷ വേലയോടുള്ള ബന്ധത്തിൽ നാട്ടിലേക്ക് കടന്നുപോകുന്ന ബ്രദർ ബിജുമോൻ വർക്കിയുടെ ഒഴിവിലേക്കാണ് തിരഞ്ഞെടുത്തത്. മുൻകാലങ്ങളിൽ അദ്ദേഹം സഭയുടെ വിവധ ചുമതലകൾ വഹിച്ചിട്ടുണ്ട്.

# Jesus Christ, the beacon of our hope



Pastor Wilson Cherian
Bangalore

*(...Continued from last issue)*

It's into the midst of this oppressed Jewish people, waiting to be liberated from an oppressive regime waiting for a Messiah, that Jesus appeared on earth proclaiming hope (Matthew 1:21). The name Jesus means one who would save his people. In the Gospel of Matthew, people expected deliverance from the bondage of Romans, and the Jewish leaders who aligned with the Roman Empire in their exploitation.

### Hope in the Gospels

In the Gospels, the notion of expectation - (prosdecomai prosdechomai - carries the meaning of hope. The Greek word for hope as verb (elpisw) and noun (elpis) occurs 31 and 53 times respectively in the New Testament. The word hope in the noun form (elpis) does not appear in the Gospels and verb form (elpisw) is found only five times (Matthew 12:21; Luke 6:34; 23:8; 24:21; John 5:45). Hope that connotes to trust occurs only two times (Matthew 12:21 and John 5:45). This, however, does not rule out the significance of the aspect of hope in the Gospels.

The message of the nearness of Kingdom of God with the coming of Jesus assures Hope to the Jews and non-Jews. This expectation of the Kingdom of God emerges from the Jewish tradition and preaching of Jesus, with repentance as the need of the hour. Jesus' teachings in the gospels, refer to the Kingdom of God as "incarnate presence of the divine wisdom" (Luke 7:35, Matthew 9:37); this Kingdom of God is already here but yet to come. Therefore, in the gospels we observe the much-awaited hope has come but yet to come. The hope that Jesus as Messiah offers extends to the non-Jews too. In his name the nations will put their hope (Matthew 12:21) describes the possibility of Hope for the gentiles in Jesus. Prophets predicted the messiah as one who would support and restore the weak ones. The arrival of the Kingdom of God which is in a way Jesus himself assures liberation of the weak and helpless ones (Luke 4:16-22).

On the other hand, suffering becomes inevitable for those who want to enter the Kingdom of God. The aspect of suffering in the realization of hope appears inconceivable to the disciples. The disciples over the period of three years witness the life and teaching of Jesus, put their hope in him as the promised messiah who would deliver them (Luke 24:21). However, the crucifixion and death of Jesus shattered the hope of the disciples. Luke vividly narrates the inability of disciples to regain that hope in Jesus either through the witness of women about the resurrected Christ or the witness of the select disciples who saw the empty tomb (Luke 24:22-24). In this context, Jesus reminds them of the necessity of suffering the cross to enter the Kingdom of God (Luke 24:26). The same applies to his followers too; suffering is not inconceivable in the aspect of Christian hope. Nevertheless, hope stays higher and beyond suffering to the ones who believe in the resurrected Christ who has conquered death. Hence, the injunction is to patiently endure (Mark 13:13), and be watchful (Mark13:37).

To have hope in midst of suffering and struggles in the resurrected Christ enables one to look beyond this temporal world. Unfortunately, an overemphasis on other worldly life beyond this age may cause one to be alien in the present world. The correction to it happens when the hope in the resurrected Christ that assures eternity becomes the motivating force to live a lifestyle worthy of the Kingdom of God. In such a lifestyle virtue of love overarches our life producing peace, joy, kindness and so on (Matthew 5-7). No wonder Jesus condenses the entire law into one word love; to love God and people (Matthew 22:37-40). The virtue of love that enables to produce other virtues also enables to eradicate vices like greed, envy, anger and so on. In fact, one who has hope in the real and eternal things cannot be attached to unreal and temporal things of this world. One cannot serve God and money (Matthew 6:24) rather seek the Kingdom of God first and the rest is added to life without worrying. A person's faith in this hope, Jesus Christ evidences in becoming self-giving and overcoming selfishness.

In short, hope in the gospels denotes Jesus Christ. His first advent inaugurated the hope, which will culminate in his second coming. In this framework, we note Simeon waiting patiently for the consolation of Israel receives Jesus as the Messiah (Luke 2:25-26). Also, Anna reveals Jesus as the expected messiah to the people around her who were looking for the redemption of Israel (Luke 2:37). The Kingdom of God has come so we possess the virtues through Jesus and is coming so we will enjoy the virtues in complete measure.

Friends, what is our hope built on, invested in, and expected for if not on Jesus. Edward Mote's only song that he wrote, "on Christ the solid rock I stand; all other ground is sinking sand" is much cherished one. Mote, a young English man ignorantly did not believe in God and wasted his days until the message from John Hyatt that Jesus Christ could take away all fears of life and give peace of mind influenced him and changed him for good. This song was for the first time sung to a minster's wife at the point of death and she cherished it much. Later, Edward Mote at the age of seventy-seven as he lay sick said, "I think I am going to heaven Yes, I am nearing port. The truths I have preached I am now living upon and they will do to die upon. Ah! The precious blood, which takes away all our sins. It is this, which makes peace with God."

Friends, all said and done we are left with nothing but this hope in our Savior Jesus Christ that gives us the contentment of life and nothing else. Jesus is our hope wheather we go through good times or bad times. The hope that is based on self, human potential and possibilities may fail but the hope that is based on God's promises and action will carry us on in the high seas of life. To hope in God is to hope that nothing is impossible with God (Luke 1:37). Jesus Christ, the beacon of our hope, is alive for you and me.

*Hope is the ability to hear the melody of the future; Faith is the courage to dance to it today.*

(Anonymous)

Tip Off...

### Advice from Sunday School Uncle

# The Extra Mile


Anil Thomas

*Dear Children,*

*"Our greatest weakness lies in giving up. The most certain way to succeed is always to try just one more time" a famous quote of Thomas Alva Edison from his life experience. To walk an extra mile is not exactly to walk extra. It is actually more than an extra mile walk to reach your goal.*

*Bible talks about the extra mile. Following the beatitudes in Matthew 5, we find Jesus telling the multitude just what kind of people God wants us to be. " If a soldier demands that you carry his gear for a mile, carry it two miles"(Matthew 5:41- NLT)*

*A Roman soldier says to a Christian, "Hey you carry my pack." The Christian says, "Yes sir!" And then he joyfully starts walking along with the soldier. After one mile the soldier says, "Okay, you can put it down now." The believer says, "I would really like to carry it another mile for you." The shocked soldier asks, "Why would you do that?" The Christian explains, "I am a disciple of Jesus Christ and He told us to do this for you." The soldier asks, "Who is this Jesus that you follow?" By carrying the pack an extra mile, it not only showed him the love of God but opened up an opportunity to tell him about Jesus.*

*Going BEYOND what is REQUIRED. Jesus wants us to be giving, loving, forgiving, gentle, going the-extra-mile people. We need to go further and take good care of the people around us including our enemies.*

*Abraham and Sarah went the extra mile to show the hospitality to 3 visitors and received a great promise from heaven. Jesus journeyed the first mile – He stepped out of heaven and into human flesh. He walked the mandate mile that was motivated by the law. Then he said "I will go the extra mile" It took Him to the cross where He bore the weight of our sin.*

*Some of you would rather sit alone with your electronic devices than walk the extra mile with your parents to listen to their life experience that will help you to lead a successful life ahead in this challenging world. Let's try to make an extra effort.*




*Walk the extra mile with you friends, parents, and grandparents and do more than they expect from you*

*Walk the extra mile in your life trying hard to achieve your goal by making special efforts.*

*Walk the extra mile with God every day*

HH Rhythm

**പുതിയ പാട്ട്**

ഇഹലോകവാസത്തിൽ ചാരിടുവാൻ
ഒരു നല്ല സ്നേഹിതൻ എനിക്കുമുണ്ട് (2)

ഞാനെന്തിനാകുലയായിടുന്നു
ഞാനെന്തിനേകയായ് തേങ്ങിടുന്നു
എൻ നാഥൻ എന്നോട് കൂടെയുണ്ട്
വൈഷമ്യമേടുകളിൽ കൂടെയുണ്ട് (2)

ഞാനുണ്ട് സവിധേ ഞാനുണ്ട് സവിധേ
എന്നുര ചെയ്തവൻ കൂടെയുണ്ട് (ഇഹ)

കൂട്ടുകാർ കൈവിട്ടു പോയെന്നാലും
വീട്ടുകാർ മറന്നു പോയെന്നാലും
ഒരു നാളും കൈവിടില്ലുപേക്ഷിക്കില്ല
എൻ നാഥൻ എന്നോട് കൂടെയുണ്ട് (2)

ഞാനുണ്ട് സവിധേ ഞാനുണ്ട് സവിധേ
എന്നുര ചെയ്തവൻ കൂടെയുണ്ട് (2)...ഇഹ

വാഗ്ദത്തം ചെയ്തവൻ കൈവിടില്ല
വാക്കു പറഞ്ഞവൻ മാറുകില്ല
അന്ത്യം വരെയുമെൻ കരം പിടിച്ച്
താങ്ങി നടത്തുമെൻ യേശുനാഥൻ

ഞാനുണ്ട് സവിധേ ഞാനുണ്ട് സവിധേ
എന്നുര ചെയ്തവൻ കൂടെയുണ്ട് (2)...ഇഹ


ഷൈനി ഷിബു

## യാത്ര അയപ്പ് നൽകി

HH Studio



18 വർഷത്തെ ബഹ്റിൻ പ്രവാസ ജീവിതം അവസാനിപ്പിച്ച് UAE യിലേക്ക് ജോലിയോടുള്ള ബന്ധത്തിൽ കടന്നുപോകുന്ന ബ്രദർ സാമുവേൽ തോമസിനും കുടുംബത്തിനും **'ചർച്ച് ഓഫ് ഗോഡ് ഇൻ ബഹറിൻ'** അനുഗ്രഹീതമായ യാത്ര അയപ്പ് നൽകി. Star Talk -ൽ മാനേജരായിരുന്നു. ബ്രദർ സാമുവേൽ തോമസ്. സഭയുടെ സ്നേഹോപകാരം പാസ്റ്റർ ജോർജ്ജ് വറുഗീസ് നൽകി.



# ദേശങ്ങൾക്കായി



തയ്യാറാക്കിയത്: **ബിജുമോൻ വർക്കി**

**രാജ്യം : ഉത്തര കൊറിയ**
**തലസ്ഥാനം : പ്യോംങ്യാംഗ്**
**ഭരണാധികാരി : കിം ജോങ് ഉൻ**



ഉത്തര കൊറിയ (ഔദ്യോഗിക നാമം: ഡെമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് കൊറിയ) ഏഷ്യാ വൻകരയുടെ കിഴക്കുഭാഗത്തുള്ള കമ്മ്യൂണിസ്റ്റ് രാഷ്ട്രമാണ്.ഏക പാർട്ടി ഭരണം നിലനിൽക്കുന്ന ഉത്തര കൊറിയയെ പാശ്ചാത്യ രാജ്യങ്ങൾ സർവ്വാധിപത്യ രാജ്യമെന്ന് വിലയിരുത്തുന്നു.1945 വരെ കൊറിയ ഉപദ്വീപ് ഒറ്റ രാജ്യമായിരുന്നു.എന്നാൽ ജപ്പാന്റെ അധീനതയിലായിരുന്ന കൊറിയ രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാൻ തോറ്റതോടെ സ്വാതന്ത്ര്യം നേടുകയും രണ്ടാം ലോകമഹായുദ്ധാനന്തരം ദക്ഷിണ കൊറിയ,ഉത്തര കൊറിയ എന്നിങ്ങനെ രണ്ടു രാജ്യങ്ങളായി വിഭജിക്കപ്പെട്ടു.

'ഹെർമിറ്റ് സാമ്രാജ്യം' എന്നറിയപ്പെടുന്ന വടക്കൻ കൊറിയ തങ്ങളുടെ ജനങ്ങളെ പുറംലോകത്തെ വേർപ്പെടുത്താൻ തിരഞ്ഞെടുത്തു.വടക്കൻ കൊറിയൻ ഗവണ്മെന്റിന്റെ കടുത്ത രഹസ്യസ്വഭാവം വടക്കൻ കൊറിയക്കാർ എങ്ങനെ ജീവിക്കുന്നു എന്ന് കൃത്യമായി മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്.

ഒരിക്കൽ 'കിഴക്കിന്റെ ജെറുസലേം' എന്നറിയപ്പെട്ടിരുന്ന ഉത്തര കൊറിയൻ തലസ്ഥാനം, കൊറിയൻ യുദ്ധത്തിനിടയിൽ പല ക്രിസ്ത്യാനികളും തെക്കൻ കൊറിയയിലേക്ക് പലായനം ചെയ്തിരുന്നതിനാൽ മേൽപറഞ്ഞ തലവാചകം അവകാശപ്പെടുവാൻ കഴിയില്ല. ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തെ പൂർണ്ണമായും ഗവണ്മെന്റ് അധികാരികൾ,അയൽവാസികൾ,അവരുടെ സ്വന്തം ഭാര്യമാരേയും കുട്ടികളേയും ഒളിപ്പിക്കാൻ നിർബന്ധിതരാകുന്നു.എല്ലാ പൗരന്മാരും കിം കുടുംബത്തെ ആരാധിക്കേണം എന്നത് നിർബന്ധമാണ്(ക്രിസ്ത്യാനികൾ ഉൾപ്പെടെ). അനുസരിക്കാത്തവർ അറസ്റ്റ് ചെയ്യപ്പെടുകയോ തടവിൽ വെക്കുകയോ പീഡിപ്പിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നു.ഉത്തര കൊറിയയിലെ ക്രിസ്ത്യൻ സഭയെക്കുറിച്ചുള്ള വിവരങ്ങൾ ഇന്ന് പരിമിതമാണ്.എന്നാൽ അത് ശക്തമായ പീഡനത്തിന്റെ പശ്ചാത്തലത്തിൽ നിലനിൽക്കുന്നതായി അറിയപ്പെടുന്നു. ദേശത്തെ വിശ്വാസികൾക്കായും സുവിശേഷ സ്വാതന്ത്ര്യത്തിനായും പ്രാർത്ഥിക്കാം.

**സംസ്ഥാനം : തമിഴ്നാട്**
**തലസ്ഥാനം : ചെന്നൈ**
**മുഖ്യമന്ത്രി : ശ്രീ.എടപ്പാടി കെ.പളനിസ്വാമി**

തമിഴ്നാട് ഇന്ത്യയുടെ തെക്കേയറ്റത്തുള്ള പേര് സൂചിപ്പിക്കുന്നതുപോലെ തമിഴ് മുഖ്യഭാഷയായി ഉപയോഗിക്കുന്നവരുടെ സംസ്ഥാനമാണ്.സാംസ്ക്കാരിക പൈതൃകത്തിനും,പുരാതന സാഹിത്യത്തിനും, സ്മാരകത്തിനും പേര് കേട്ടതാണ് തമിഴ്നാട്."Multidimensional Development Index" അടിസ്ഥാനമാക്കിയുള്ള ഇന്ത്യയിലെ ഏറ്റവും വികസിതമായ മൂന്നാമത്തെ സംസ്ഥാനമായി തമിഴ്നാട് മാറി.32 ജില്ലകളിലായി 77 മില്യൺ ജനസംഖ്യയുണ്ട്.



ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നതിലും അധികം ആളുകൾ ക്രിസ്തുവിനെ അറിയുവാൻ ഇടയാകുന്ന സംസ്ഥാനം ആണ് തമിഴ്നാട്.ക്രിസ്തീയ പ്രവർത്തനങ്ങൾ സ്ഥാപിക്കുന്നതിനും മിഷണറിമാരെ അയയ്ക്കുന്നതിനും തമിഴ്നാടിന്റെ സമുന്നത പൈതൃകം തുടരേണ്ടതിനും ക്രിസ്തുവിന്റെ സുവിശേഷം വ്യാപനം തുടരേണ്ടതിനായും പ്രാർത്ഥിക്കാം.

മദ്യത്തിനും ലഹരി മരുന്നുകൾക്കും അടിമപ്പെടുന്ന യുവജനങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.സംസ്ഥാനത്തിന്റെ രാഷ്ട്രീയ സ്ഥിരതയ്ക്കായും സമാധാനത്തിനായും പ്രാർത്ഥിക്കാം.

# നാം നമ്മുടെ ദൈവത്തെ അറിയുക



പാസ്റ്റർ തോമസ് വർഗ്ഗീസ്
(കോയമ്പത്തൂർ)

(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

***5. ദൈവം അത്യുന്നതാണ് എൽ ശദ്ദായി ഉല്പ്പ. 14:23***

നമ്മുടെ ദൈവം അത്യുന്നതാണ്. അതുല്യനാണ്. മഹോന്നതാണ്. എന്നേയ്ക്കും ജീവിക്കുന്നവനും സർവശക്തനും സർവ്വവ്യാപിയുമാണ്. അവൻ ഏത് സാഹചര്യത്തിലും എന്തിനും മതിയായ ദൈവമാണ്. നമ്മുടെ സകല ആവശ്യങ്ങൾക്കും മതിയായ സകല പ്രശ്നങ്ങളെയും പരിഹരിക്കുന്ന ദൈവം. അവന് അസാദ്ധ്യമായി ഒന്നുമില്ല. നിങ്ങളുടെ പ്രശ്നങ്ങൾ എന്തുമായിക്കൊള്ളട്ടെ കടം,രോഗം,നിരാശ, ശാപങ്ങൾ, വ്യാകുലത, പ്രശ്നങ്ങളെ നോക്കാതെ ദൈവത്തിങ്കലേക്ക് കണ്ണുകളെ ഉയർത്തുക.

ഉല്പ.14:21-ൽ ഒരു സംഭവം നടക്കുന്നുണ്ട്. യുദ്ധം ജയിച്ചു വന്ന അബ്രഹാമിനോട് സോദോം രാജാവ് പറഞ്ഞത് ആളുകളെ എനിക്ക് തരിക സമ്പത്ത് നീ എടുത്ത് കൊള്ളുക. അതിന് അബ്രഹാം കൊടുത്ത മറുപടി ( ഉല്പ.14:23 ) നി ന്റെ ഒരു ചരടോ ചെരുപ്പു വാറാകട്ടെ നിനക്കുള്ളതിൽ യാതൊന്നും ഞാൻ എടുക്കുകയില്ല എന്ന് സ്വർഗ്ഗത്തിനും ഭൂമിയ്ക്കും നാഥനായ അത്യുന്നതനായ ദൈവത്തിങ്കലേക്ക് കൈ ഉയർത്തി അബ്രഹാം സത്യം ചെയ്തു. അടുത്ത അദ്ധ്യായം ആരംഭിക്കുന്നത് (ഉല്പ. 15:1) അതിശയിപ്പിക്കുന്ന ഒരു ഉടമ്പടി ദൈവം അബ്രഹാമുമായി ഉണ്ടാകുന്നതാണ്. അബ്രഹാമേ ഭയപ്പെടേണ്ടാ, ഞാൻ നിന്റെ അതിമഹത്തായ പ്രതിഫലവും പരിചയും ആകുന്നു'. പിശാച് സോദോം രാജാവിനെപ്പോലെ നിന്റെ ആത്മാവിനെ എനിക്ക് തരിക സമ്പത്ത് നീ എടുത്ത് കൊള്ളുക എന്ന് പ്രലോഭങ്ങളാലും തന്ത്രങ്ങളാലും നമ്മെ കുടുക്കാൻ ശ്രമിക്കുമ്പോൾ അബ്രഹാമിനെപോലെ പിശാചിന്റെ ചതി നമ്മൾ തിരിച്ചറിയണം. ഇന്ന് അനേകരെ സമ്പത്തിൽ കുരുക്കി വിശ്വാസം വിട്ടൊഴിഞ്ഞ ദേമാസിനെപോലെ ലോകമോഹങ്ങളിൽ കുടുങ്ങി നശിക്കുന്ന കാഴ്ച നാം നിത്യേന കാണുന്നുവല്ലോ. നാമും പറയണം ധൈര്യത്തോടെ വിശ്വാസത്തോടെ എനിക്കെന്റെ ദൈവം മതി. അവൻ തരുന്നത് മാത്രം മതി. അവൻ അത്യുന്നതാണ്.

***6.നമ്മെ കാണുന്ന ദൈവം ഉല്പ 16:13***

ബേൽ ലഹയീ റോയി ദൈവമേ നീ എന്നെ കാണുന്നു. നാം എവിടെ ആയിരുന്നാലും ഹാഗാറിനെ പോലെ മരുഭൂമിയുടെ അവസ്ഥയിൽ ആയിരുന്നാലും അവിടെ വന്ന് നമ്മെ കണ്ട് നമ്മുടെ ആവിശ്യം അറിഞ്ഞ് നമ്മെ അശ്വസിപ്പിക്കുന്ന ദൈവം. യിര.23:24 'ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിപ്പാൻ കഴിയുമോ. ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്ന് യഹോവയുടെ അരുളപ്പാട്' ആരെല്ലാം കൈവിട്ടാലും ദൈവം ഒരുനാളും കൈവിടുകയില്ല.

***7. ദൈവം 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' പുറ 3:14***

മിസ്രയീമ്യ ഫറവോന്യ സാത്താന്യ അടിമ ചങ്ങലയിൽ നിന്ന് യിസ്രായേൽ മക്കളെ വിടുവിക്കുവാൻ ദൈവം മോശയെ അയയ്ക്കുമ്പോൾ ആരാണ് തന്നെ അയച്ചതെണ് ചോദിക്കുന്നവർക്ക് നൽകേണ്ട ഉത്തരമാണ് 'ഞാൻ ആകുന്നവൻ ഞാനാകുന്നു. ഞാനാകുന്നു എന്നുള്ളവൻ' എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ പറയണം എന്ന് കൽപ്പിച്ചു.

ഫറവോന്യ ശക്തിയെ തകർത്ത
ഞാനാകുന്നവൻ ,

ചെങ്കടലിനെ വിഭജിച്ച
ഞാനാകുന്നവൻ,

പാറയിൽ നിന്ന് ജലം കൊടുത്ത
ഞാനാകുന്നവൻ,

യോർദ്ദാൻ നദിയെ വറ്റിച്ച
ഞാനാകുന്നവൻ,

40 വർഷം മന്ന കൊടുത്ത്
പോഷിപ്പിച്ച ഞാനാകുന്നവൻ,

ആൽഫയും ഒമേഗയുമായ
ഞാനാകുന്നവൻ,

എന്നേക്കും ജീവിക്കുന്ന
ഞാനാകുന്നവൻ,

സാത്താന്റെ തലയെ തകർത്ത
ഞാനാകുന്നവൻ,

ശാപം അനുഗ്രഹമാക്കി മാറ്റുന്ന
ഞാനാകുന്നവൻ,

രോഖങ്ങൾ, ദുഃഖങ്ങൾ,
ഭാരങ്ങൾ മാറ്റുന്ന ഞാനാകുന്നവൻ

സമാധാനം തരുന്ന
ഞാനാകുന്നവൻ,

അവൻ നമ്മുടെ സമാധാനം. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും അവർ തന്നെ. (വെളി.1:4 ).

(....തുടരും)

# നോഹൈക പ്രവചനങ്ങളുടെ ചരിത്ര പ്രസക്തി



രാജൻ തോമസ്

(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

**യാഫേത്യ സന്തതി പരമ്പരകൾ**

1. **ഗോമർ** – സ്കിത്യ വർഗ്ഗത്തിന്റെ ഉത്ഭവം ഗോമരിൽ നിന്നായിരുന്നു എന്നു വിശ്വസിക്കാം.
ഇന്നത്തെ ജർമ്മൻ ജനത സ്കിത്യരിൽ നിന്നും ഉത്ഭവിച്ചിരിക്കുന്നതായി കാണാം.

2. **മാഗോഗ്** – അർമിന്യൻ പർവ്വതനിരകൾക്ക് സമീപം മാഗോഗിന്റെ സന്തതി പരമ്പരകൾ കുടിയേറി പാർത്തതായി രേഖകളുണ്ട്. കരിങ്കടലിന്റെ തെക്ക്-പടിഞ്ഞാറായി പാർത്ത സ്കിത്യ വർഗ്ഗത്തിൽപ്പെട്ട അർമീന്യരും മറ്റും മാഗോഗിൽ നിന്നും പൊട്ടിപുറപ്പെട്ടതാണെന്ന് ചരിത്രരേഖകൾ പറയുന്നു.

3. **മാദായി** – പുരാതന അസ്സീറിയായുടെ കിഴക്കായി കാസ്പിയൻ സമുദ്രത്തിന്റെ തെക്കു- പടിഞ്ഞാറായും വസിച്ച മേദ്യർ മാദായിയുടെ സന്തതി പരമ്പരകളാണ് ഇന്നത്തെ ഇറാന്റെ ഭാഗമായി തീർന്നിരിക്കുന്ന ജനസമൂഹമാണ് മേദ്യർ. പുരാതന ജനതതിയായ മേദ്യരും, പാർസികളും ചേർന്ന രാഷ്ട്രമാണല്ലോ ഇന്നത്തെ ഇറാൻ.

4. **യാവാൻ** – യാവാനിൽ നിന്നുമാണ് ഏഷ്യമൈനാറിന്റെ പടിഞ്ഞാറുഭാഗത്തായി പാർത്തുപോന്ന ഗ്രീക്ക്-അയോണിയൻ വർഗ്ഗക്കാർ പൊട്ടിപുറപ്പെട്ടിരിക്കുന്നത്.

5. **രൂബൽ** – രൂബലിന്റെ വംശപരമ്പരകൾ, ഇന്നത്തെ റഷ്യൻ ജനതയുടെ ഭാഗമായി തീർന്നിരിക്കുന്നു. റഷ്യയിലെ
രൂബ് ലോസക്ക് എന്ന പ്രവശ്യ രൂബൽ എന്ന പേരിൽ നിന്നും ഉത്ഭവിച്ചതാണെന്ന് വിശ്വസിക്കപ്പെടുന്നു.

6. **മേശക്ക്** – ഇന്നത്തെ റഷ്യൻ ജനതികളിൽ മേശക്കിന്റെ സന്തതിപരമ്പരകളും ലയിച്ചുചേർന്നിരിക്കുന്നു. റഷ്യയുടെ തലസ്ഥാനമായ മോസ്കോ, മേശെക്ക് എന്ന പേരിൽ നിന്നും ഉത്ഭവിച്ചതായി അഭിപ്രായപ്പെടുന്നു.

7. **തീരാസ്** – ആജിയൻ സമുദ്രത്തിരത്ത് വസിച്ചിരുന്ന പിലാസ്ജിയ ജനതതി തീരാസിൽ നിന്നും പുറപ്പെട്ടുവന്നവരാണെന്ന് കരുതപ്പെടുന്നു.

*യാഫെത്തിന്റെ രണ്ടാം തലമുറയിലെ 7 പേരുകൾ കൂടെ ഉല്പത്തി 10-ാം അദ്ധ്യായം 3 മുതൽ 5 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.*

8. **അസ്കെനാസ്** – പഴയ U.S.S.R ന്റെ ഭാഗമായി സ്കിത്യ വർഗ്ഗത്തിൽ അസ്കെനാസിന്റെ സന്തതി പരമ്പരകൾ ലയിച്ചുചേർന്നു. കാസ്പിയൻ സമുദ്രത്തിന്റെ പടിഞ്ഞാറായി 'അസ്ക്കാദ്' എന്ന ഒരു പ്രവശ്യ ഇന്നും ഉണ്ട്.

9. **രീഫത്ത്**

10. **തോഗർമ്മ** – രീഫത്തിന്റെയും തോഗർമ്മയുടെയും സന്തതിപരമ്പര കരിങ്കടലിന് വടക്കുഭാഗത്തായി കുടിയേറിപാർക്കുകയും പഴയ U.S.S.R ന്റെ ഭാഗങ്ങളായി മാറുകയും ചെയ്തുവെന്ന് വിശ്വസിക്കത്തക്ക ചരിത്രരേഖകൾ ഉണ്ട്.

***യാവാന്റെ പുത്രന്മാർ***

11. **എലീശ** – കുപ്രൊസ് (Cyprus) ദ്വീപിന്റെ പഴയ പേരായ 'അലാഷിയ' എന്ന പേർ എലീശയിൽ നിന്നും ഉത്ഭവിച്ചതാണ്. ഗ്രീക്ക് സംസ്കാരം വെച്ചു പുലർത്തുന്ന ഇന്നത്തെ സൈപ്രസ് നിവാസികളിൽ പലരും എലിശയുടെ സന്തതിപരമ്പരകളായി കണക്കാക്കപ്പെടുന്നു.

12. **തർശീശ്** – തർശീശിന്റെ സന്തതി പരമ്പരകൾ ഇന്നത്തെ ടർക്കിയുടെ വടക്കൻ സമുദ്ര തീരത്ത് കുടിയേറി പാർത്തുവെന്ന് വിശ്വസിക്കപ്പെടുന്നു.

13. **കിത്തീം** – ഇന്നത്തെ സൈപ്രസിന്റെ മറ്റൊരു പുരാതന പേരായിരുന്നു കിത്തീം. കിത്തീമിന്റെ സന്തതി പരമ്പര ഏലിശായുടെ സന്തതി പരമ്പരകളോടൊപ്പം ഇന്നത്തെ സൈപ്രസിൽ താമസിച്ചുപോന്നു എന്നു പറയാം.

14. **ദോദാനിം** – ദോദാനിന്റെ സന്തതി പരമ്പര ഇന്നത്തെ ഗ്രീസിൽ കുടിയേറി പാർത്തുപോന്നു.

ഉല്പത്തി 10-ലെ വംശങ്ങളുടെ പട്ടികയിൽ വിവരിച്ചിരിക്കുന്ന യാഫെത്തിന്റെ സന്തതിപരമ്പരയെ സംബന്ധിച്ച് പൊതുവായ ഒരു വിചിന്തനമാണ് മുകളിൽ വ്യക്തമാക്കിയത്.
മെഡിറ്ററേനിയൻ സമുദ്രത്തിന് കിഴക്ക് വടക്കായി ഏകദേശം ടർക്കി മുതൽ കരിങ്കടലിനും കാസ്പിയൻ കടലിനും ചുറ്റുപാടായും, വടക്കായും, മെഡിറ്ററേനിയന്റെ നേരെ വടക്കു ഭാഗത്തുള്ള ഭൂപ്രദേശങ്ങളിലും, യാഫേത്തിന്റെ സന്തതിപരമ്പരകൾ പുരാതനകാലത്ത് കുടിയേറി പാർത്തതായി കാണാം.

പ്രസ്തുത പ്രദേശങ്ങളിലാണല്ലോ റഷ്യയും, പഴയ U.S.S.R ന്റെ പ്രദേശങ്ങളായും, കിഴക്കൻ പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളുമായി അറിയപ്പെടുന്നത്. കാലക്രമേണ, യാഫേത്തിന്റെ സന്തതി പരമ്പര വർദ്ധിച്ചു പെരുകി ഭൂലോകത്തിന്റെ ഏറ്റവും പ്രധാനമായ സമൂഹങ്ങളായി മാറി.

(തുടരും...)

# 'അഞ്ചപ്പവും രണ്ടുമീനും' പിന്നെ കുറെ ചിന്തകളും...



റോജി ഇലന്തൂർ

(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

യേശു തന്റെ ശിഷ്യനായ ഫീലിപ്പോസിനോട് 'അവരെ പറഞ്ഞയക്കേണ്ടതില്ല' എന്നു പറഞ്ഞു, മാത്രമല്ല അടുത്തതായി 'നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ? 'എന്നും കൂടെ ചേർത്ത ഗുരുവിന്റെ വാക്കുകൾ കേട്ട ഫീലിപ്പോസ് അത്ഭുതം കൂറി ചോദിച്ചു 'ഞങ്ങൾ അവർക്കു ഭഷണം വിളമ്പുകയോ'? അസാധ്യസംഗതികൾ എന്തോ കേട്ടതുപോലെ ശിഷ്യന്മാർ ഒന്നടങ്കം ഭയപരവശരായി. കാഴ്ചയാൽ നടക്കുന്ന ശിഷ്യന്മാരോട് വിശ്വാസത്താൽ കല്പിക്കുന്ന ഗുരുവിനെ നമുക്ക് ഇവിടെ ദർശിക്കാം. വളരെ വിലപ്പെട്ട ഒരു പാഠം കർത്താവ് ഫീലിപ്പോസിനെ പഠിപ്പിക്കുകയും അവന്റെ വിശ്വാസത്തെ പരിശോധിക്കുകയും ചെയ്യുകയാണിവിടെ. ഈ ബഹുപുരുഷാരത്തെ പോഷിപ്പിക്കുവാൻ ഒരത്ഭുതം താൻ പ്രവർത്തിപ്പാൻ പോകുന്നു എന്നത് യേശുവിനറിയാമായിരുന്നു. എന്നാൽ ക്രിസ്തുവിനത് സാധിക്കുമെന്നുള്ള വസ്തുത ഫീലിപ്പോസിന് ഉണ്ടായിരുന്നു. ദൈവം നമുക്കും തരുന്ന വാഗ്ദത്ത ങ്ങൾ പലപ്പോഴും അവിശ്വസനീയമെന്നും അസംഭവ്യമെന്നും തോന്നിപ്പിക്കുമെങ്കിലും ദൈവത്തിന്റെ തക്കസമയത്ത് അവയൊക്കെയും നിവർത്തി വരുവാൻ ഇടയാകും.

യേശുവിന്റെ കല്പന കേട്ട മാത്രയിൽ തന്നെ ഫീലിപ്പോസ് പുരുഷാരത്തിനു നേരെ ഒന്നു കണ്ണോടിച്ചിരിക്കണം, തന്റെ മനസ്സ് ശരവേഗത്തിൽ പണസഞ്ചിയിലേക്കും. പൊടുന്നനവെ ചില കണക്കുകൾ കൂട്ടിയിട്ട് അവൻ പറഞ്ഞു, 'ഓരോരുത്തന് അല്പാല്പം കൊടുക്കേണ്ടതിന് ഇരുന്നൂറു വെള്ളിക്കാശിനുള്ള അപ്പം മതിയാകുന്നതല്ല'. ഇരുന്നൂറു വെള്ളിക്കാശിന് അക്കാലത്ത് എത്ര അപ്പം ലഭിക്കുമായിരുന്നുവെന്ന് കണക്കാക്കുവാൻ നമുക്കറിയില്ല. എങ്കിലും കുറച്ചധികം എന്ന് ചിന്തിക്കാം. ഒരു വെള്ളിക്കാശ് എന്ന് പറയുന്നത് ഒരുവന്റെ ഒരു ദിവസത്തെ ജോലിക്കു കിട്ടുന്ന ശമ്പളമായിരുന്നു . 'നിങ്ങളുടെ പക്കൽ എത്ര അപ്പമുണ്ട്?' എന്ന ചോദ്യം കേട്ട അന്ത്രയോസ് അഞ്ചു യവത്തപ്പവും രണ്ടു മീനുമായി ഒരു ബാലകനെ കൂട്ടത്തിൽ കണ്ടെത്തി. ബാലകന്റെ കൈയ്യിലെ അഞ്ചപ്പവും രണ്ടു മീനും പുരുഷാരത്തിന് ഏതുമില്ല. ആ ബാലകൻ തന്റെ നിഷ്കളങ്കതയിൽ തനിക്ക് ഉള്ളത് യേശുവിന്റെ കരങ്ങളിൽ എത്തിപ്പാനാ യി അന്ത്രയോസിനെ ഏൽപ്പിച്ചു. ആ ബാലകൻ ആരുടെ മകൻ എന്ന് വേദപുസ്തകം വ്യക്തമാക്കുന്നില്ല. എന്നിരുന്നാലും ആ ബാലകനെ നോക്കിയാൽ മാതാപിതാക്കന്മാരുടെ 'കൊടുക്കുന്ന ശീലം' നമുക്കു ദർശിക്കാവുന്നതാണ്. ചില കുഞ്ഞുങ്ങൾ മാതാപിതാക്കന്മാരുടെ പരിശീലനാർത്ഥം 'സ്വന്തം കാര്യം സിന്ദാബാദ്' എന്ന നിലയിൽ ഇന്നു വളർന്നു വരുന്നതും നാം കാണാറുണ്ടല്ലോ. ഈ ബാലകൻ അവർക്കൊക്കെയും നല്ലൊരു മാതൃകയായി വേദപുസ്തകം ചൂണ്ടികാണിക്കുന്നു. തുലോം ചുരുക്കം കാലത്തിനും കാലഘട്ടങ്ങൾക്കും അതീതമായി ഇന്നും ദൈവത്തിനും ദൈവനാമത്തിനും ദൈവവേലക്കും തങ്ങൾക്കു പോലും സമ്പാദിച്ചു മാറ്റി വയ്ക്കാതെ ദൈവനാമത്തിൽ ചെലവഴിക്കുന്നുണ്ട് സത്യം. ദൈവത്തിനു പ്രവർത്തിപ്പാൻ ചിലപ്പോൾ ഒരു ബാലകന്റെ കയ്യിൽ ഉള്ളതു മതിയാകും. 'സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു' എന്ന് അപ്പൊസ്തോലനും ശരിവക്കുന്നു. ഒരുപക്ഷേ, അഞ്ചപ്പവും രണ്ടുമീനു മാണ് ആ പൊതിക്കകത്ത് എന്നു തിരിച്ചറിയാതെ. അല്ലെങ്കിൽ എണ്ണം നോക്കാതെ സമ്പൂർണ്ണമായി യേശുവിന്റെ കരങ്ങളിൽ കൊടുത്താൽ അതു വർദ്ധിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. എണ്ണമില്ലാതെ യേശുവിന്റെ കരങ്ങളിൽ കൊടുത്താൽ, എണ്ണമില്ലാതെ അനേകർക്കായി വർദ്ധിപ്പിക്കുവാൻ മടക്കിത്തരുവാൻ അവൻ ശക്തനത്രേ. കർത്താവ് ഒരു സാധാരണ മനുഷ്യനായിരുന്നുവെങ്കിൽ ശേഷിച്ച കഷണത്തെപ്പറ്റി അവൻ ചിന്തിക്കുവാനേ സാധ്യതയില്ലാരുന്നു. അയ്യായിരം പേരെ സംതൃപ്തിയാകുംവണ്ണം സത്കരിക്കാൻ കഴിവുള്ള ഏതു മനുഷ്യനും ശേഷിക്കുന്ന കഷണത്തെപ്പറ്റി ചിന്തിക്കേണ്ടതില്ല. എന്നാൽ യേശുക്രിസ്തു ദൈവമാണ്. അഖിലാണ്ഡത്തിലെ സർവചരാചരങ്ങൾക്കും ആഹാരം നല്കുന്നവനു തന്റെ പ്രവൃത്തികൾ ഓരോന്നും വിലയേറിയതത്രെ. ദൈവം വർദ്ധിപ്പിച്ചതിനെ ദുർവ്യയം ചെയ്യുന്നത് ദൈവത്തിനിഷ്ടമുള്ള പ്രവൃത്തിയല്ല. അവിടുന്ന് നമുക്ക് നല്കിയ വിലയേറിയ കാര്യങ്ങളെ അനാദരിക്കുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ശേഷിക്കുന്ന കഷണം ഒട്ടും നഷ്ടപ്പെടാതെ ശേഖരിപ്പാൻ അവിടുന്ന് നിർദ്ദേശിച്ചു.

**വാൽകഷണം :**

*നാം നമ്മുടെ ആവശ്യങ്ങൾക്കുള്ളത് ഉപയോഗിച്ചശേഷം ബാക്കി കർത്താവിനും കർത്താവിന്റെ വേലയ്ക്കും കൊടുക്കുന്നുവെങ്കിൽ, പട്ടിണിപ്പാവങ്ങൾക്കു നമ്മുടെ അപ്പങ്ങളെ പങ്കുവക്കുന്നുവെങ്കിൽ സർവശക്തനായ ദൈവം നമ്മുടെ ആവശ്യങ്ങളുടെ സമയത്ത് ഒന്നിനും മുട്ടുവരാതെ സ്വർഗ്ഗീയ ഭണ്ഡാരങ്ങളെ തുറന്ന് അനുഗ്രഹത്തിന്റെ കരസ്പർശത്തോടെ നൂറുമടങ്ങു മടക്കി നല്കുമെന്ന് മാത്രമല്ല സ്വർഗ്ഗത്തിൽ നിക്ഷേപം വർദ്ധിപ്പിക്കാനും ഇടയാകും. ലോകം മുഴുവൻ ഈ തലമുറയിൽ തന്നെ സുവിശേഷം എത്തിച്ചേരുവാനും ഇത് ഇടയാക്കും.*

# ദൈവരാജ്യത്തിൽ ജീവിക്കാം



പാസ്റ്റർ കെ.ജി. ഡാനിയൽ

ഈ ഭൂമിയിലേക്ക് പിറന്നു വീണ നാം ഓരോരുത്തരും ഒന്നല്ലെങ്കിൽ മറ്റൊരു രാജ്യത്തിന്റെ പൗരന്മാരത്രെ. ജന്മംകൊണ്ട് പൗരത്വം ലഭിച്ചവരും, പൗരത്വം വിലക്ക് വാങ്ങിയവരുമുണ്ട്. ഒരു രാജ്യത്തിന്റെ പൗരന്മാരായിരിക്കുമ്പോൾത്തന്നെ മറ്റൊരു രാജ്യത്തിന്റെ പൗരനായിരിക്കുവാനുള്ള വാഗ്ദാനങ്ങൾ പലരും അന്വേഷിച്ച് അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. വിദേശികൾക്ക് പൗരത്വം നൽകുന്ന പല രാജ്യങ്ങളുടെയും പരസ്യങ്ങളിൽ ആകൃഷ്ടരായും അവരുടെ പ്രതിനിധികളുടെ മോഹന വാഗ്ദാനങ്ങളിൽ ആകൃഷ്ടരായും വളരെ മുതൽമുടക്കുള്ളതായിട്ടും പലരും അതിനെല്ലാം തയറാകുന്നു. ഏതു രാജ്യത്തിന്റെ വാഗ്ദാനങ്ങളാണ് മെച്ചമെന്നു നോക്കി തിരഞ്ഞെടുക്കുവാനും അവിടേക്കു കുടിയേറി പാർക്കുവാനുമുള്ള സ്വാതന്ത്ര്യം താങ്കൾക്കുണ്ടല്ലോ. അങ്ങനെ ഒരു നല്ല അവസരം താങ്കൾക്ക് ലഭിച്ചാൽ താങ്കൾ അതു ഉപയോഗിക്കുവാൻ തയ്യാറാകുകയില്ലേ? അങ്ങനെ തിരഞ്ഞെടുക്കുന്ന രാജ്യം എങ്ങനെയുള്ളതായിരിക്കണമെന്നും, അവിടുത്തെ ഭരണക്രമങ്ങളെപ്പറ്റിയും, നിയമങ്ങളെപ്പറ്റിയും, അവിടെ ലഭിക്കുന്ന സൗകര്യങ്ങളെപ്പറ്റിയും നിങ്ങൾക്കൊരു ധാരണയുണ്ടായിരിക്കുകയില്ലേ?. താങ്കൾക്ക് ഇപ്പോൾ പൗരത്വമുള്ള രാജ്യത്തിന്റെ പൗരത്വം ഉപേക്ഷിക്കാതെ തന്നെ എന്തുകൊണ്ടും ശ്രേഷ്ഠവും, മഹത്തായതുമായ ഒരു രാജ്യത്തിന്റെ പൗരത്വം ലഭിക്കുന്നതിനെപ്പറ്റി എന്തുകൊണ്ട് ഒന്നു ചിന്തിച്ചുകൂടാ?, ഒരു മുതൽ മുടക്കും കൂടാതെ വേഗത്തിൽ പൗരത്വം ലഭിക്കാവുന്ന രാജ്യമത്രെ ദൈവരാജ്യം. ദൈവരാജ്യത്തെ പരിചയപ്പെടുത്തുവാനും അതിലേക്ക് അനേകരെ അംഗങ്ങളാക്കുവാനും ദൈവരാജ്യത്തിന്റെ വക്താവും പ്രതിനിധിയുമായെത്തിയ ദൈവപുത്രനായ യേശുക്രിസ്തു പറഞ്ഞത് മുൻപെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ (മത്താ;6:33) എന്നാണ്.

മനുഷ്യനാവശ്യമുള്ളതെന്തെന്ന് അവൻ ചോദിക്കുന്നതിന് മുൻപേ അറിയുന്ന ദൈവം, രാജവായിരിക്കുന്ന ഒരു ദൈവരാജ്യം അത്രെ തന്റെ പുത്രനായ ക്രിസ്തു യേശുവിലൂടെ ദൈവം നമുക്ക് പരിചയപ്പെടുത്തിയത്. ദൈനംദിന ജീവിതത്തിനാവശ്യമായ ഭക്ഷണ പാനീയങ്ങൾക്കായി മനുഷ്യൻ കഠിനാധ്വാനം ചെയ്ത് സമ്പാദിക്കുന്നു, എന്നാൽ അവനേറ്റവും അത്യന്താപേക്ഷിതമായ ഓക്സിജൻ ദൈവം സൗജന്യമായി ഓരോ ദിനവും നൽകിക്കൊണ്ടേയിരിക്കുന്നു. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുൻപേ അവന് ജീവിക്കുവാനാവശ്യമായതെല്ലാം സൃഷ്ടിച്ചിട്ടത്രെ മനുഷ്യനെ സൃഷ്ടിച്ചത്. താങ്കൾക്കും ഓരോ ദിവസവും അവശ്യമുള്ളതെന്തെന്ന് അറിയുന്നവനും അവയെ കരുതിയിരിക്കുന്നവനും തക്ക സമയത്ത് നൽകിതരുന്നവനുമത്രെ ദൈവം. എന്നാൽ ദൈവരാജ്യം സംബന്ധിച്ച് വിശുദ്ധ ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നത് ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രെ. (റോമ:14:17).

ഈ ലോകരാജ്യ വ്യവസ്ഥയും ദൈവരാജ്യ വ്യവസ്ഥയും തമ്മിൽ വളരെ വിത്യാസമുണ്ട്. ഉപയോഗത്താൽ നശിച്ചുപോകുന്ന ഭൗതീക വസ്തുക്കളുടെ ഒരു രാജ്യമല്ല നാം ചിന്തിക്കുന്ന ദൈവരാജ്യം, പകരം ആത്മീകമായി അനുഭവിക്കുവാനുള്ള ഒന്നത്രെ. ക്രിസ്തു യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥനയുടെ ശൈലി പഠിപ്പിക്കുമ്പോൾ പഠിപ്പിച്ചത് നിന്റെ രാജ്യം വരേണമെ നിന്റെ ഇഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകേണമെ എന്നത്രെ (മത്താ.6:10). സർവ്വശക്തനായ സ്വർഗ്ഗീയദൈവം താൻ സൃഷ്ടിച്ച ഭൂമിയിൽ, തന്റെ സ്വരൂപത്തിലും,സാദർശ്യത്തിലും സൃഷ്ടിച്ച മനുഷ്യനിൽ ദൈവരാജ്യം സ്ഥാപിക്കുവാനുള്ള തന്റെ ഹൃദയത്തിലെ ആഗ്രഹം നിവർത്തിക്കുവാനത്രെ തന്റെ ക്രിസ്തുവിനെ ഈ ഭൂമിയിലേക്കയച്ചത്. ദൈവരാജ്യസ്ഥാപനത്തിനായി വന്ന ക്രിസ്തു തന്നെ വിസ്തരിച്ച പീലാത്തോസിനൊടു പറഞ്ഞത് എന്റെ രാജ്യം ഐഹീകമല്ല എന്നത്രെ (യോഹ.18:36).

ഈ ലോകപരമായ ഒരു രാജ്യം സ്ഥാപിക്കുകയായിരുന്നില്ല ക്രിസ്തുവിന്റെ ലക്ഷ്യം എന്നല്ലേ നാം മനസ്സിലാക്കേണ്ടത്. എങ്കിൽ പിന്നെ എന്തായിരുന്നു ക്രിസ്തു ആഹ്വാനം ചെയ്ത രാജ്യം! ഒരിക്കൽ താൻ ഭൂതങ്ങളെ പുറത്താക്കിയതിനെതിരെ സംസാരിച്ച യെഹൂദന്മാരോട് യേശു പറഞ്ഞത് ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. എന്താണ് യേശു പറഞ്ഞതിന്റെ അർത്ഥം എന്ന് ചിന്തിച്ചിട്ടുണ്ടോ... ഒരു പക്ഷെയെങ്കിൽ ഇങ്ങനെ നമുക്ക് ഇതിനെ ചിന്തിക്കുവാൻ സാധിക്കും, ദൈവത്തിന്റെ രാജ്യം ക്രിസ്തുയേശുവിലൂടെ മനുഷ്യർക്ക് ഏറ്റവും അടുക്കൽ ഏത്തിക്കുവാൻ ദൈവത്തിന് സാധിച്ചു. മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ താൻ തന്നെ ദൈവരാജ്യം അകുന്നു എന്നത്രേ യേശു ക്രിസ്തു പറഞ്ഞത്.

ഒരു രാജ്യം യഥാർത്ഥത്തിൽ രാജ്യമാകുന്നത് പല കാര്യങ്ങൾ ഒത്തുചേരുമ്പോൾ മാത്രമാണ്. ഭൂപ്രദേശം, ഭരണകൂടം, ഭരണഘടന, മുതലായവ പലതും ഒരു രാജ്യത്തിന് അത്യാവശ്യമത്രേ. എന്നാൽ ഇന്നു നാം കാണുന്നതുപോലുള്ള ജനാധിപത്യ ഭരണസംവിധാനങ്ങളല്ല ദൈവരാജ്യത്തിൽ ഉള്ളത്. അവിടെ ഒരു രാജാവും രാജകീയ ഭരണസംവിധാനങ്ങളുമത്രെ. നമ്മുടേതായ ജനാധിപത്യ സംവിധാന പ്രക്രിയ പ്രകാരമോ അല്ല ദൈവരാജ്യത്തിൽ, അവിടെ സർവശക്തനായ ദൈവം രാജാവും, ദൈവാധിപത്യ സംവിധാനങ്ങളുമത്രെ.

ദൈവരാജ്യത്തെ ഏറ്റവും നല്ല രീതിയിൽ മനുഷ്യരുടെ മുൻപിൽ പരിചയപ്പെടുത്തുവാനും അവതരിപ്പിക്കുവാനും മറ്റേതൊരു പ്രതിനിധികളേക്കാളും ക്രിസ്തുവേശുവിന് സാധിച്ചു, എന്നാൽ ക്രിസ്തുവിൽ മാത്രം അതവസാനിക്കാതെ തന്നിൽ വിശ്വസിച്ച ശിഷ്യന്മാരോട് ക്രിസ്തുയേശു കൽപിച്ചതും നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പീൻ(മർക്കോ:16:15)എന്നത്രെ.

തന്റെ ശിഷ്യന്മാർ ആ കൽപന ഏറ്റെടുത്ത് സകല രാജ്യങ്ങളിലേക്കും പുറപ്പെട്ടു, ലോകരാജ്യങ്ങളിൽ കോടാനുകോടി മനുഷ്യർ ക്രിസ്തുവിന്റെ സുവിശേഷം വേഗത്തിൽ ഏറ്റെടുത്തു. ദൈവരാജ്യത്തിലേക്ക് ജീവിതത്തിന്റെ നാനാതുറകളിലുമുള്ള കോടാനുകോടി മനുഷ്യർ പൗരന്മാരായി ചേർക്കപ്പെട്ടു. അനേകരുടെ ജീവിതങ്ങൾ രൂപാന്തരപ്പെട്ടു,ആത്മീകമായും, മാനസികമായും, ശാരീരികമായും, സാമ്പത്തികമായും വ്യക്തികളുടേയും, കുടുംബങ്ങളുടേയും, രാജ്യങ്ങളുടേയും സ്ഥിതി അനുഗ്രഹകരമാംവിധം മാറ്റപ്പെട്ടു. ഇന്നും സുവിശേഷം അനേകരെ ദൈവരാജ്യത്തിലേക്ക് ചേർത്തുകൊണ്ടേയിരിക്കുന്നു. അതേ സുവിശേഷത്തെ ഒരു നല്ല വിശേഷമായിത്തന്നെ മറ്റുള്ളവരോടും പങ്കുവെയ്ക്കുവാനുള്ള ഒരു ഉത്തരവാദിത്തമല്ലേ ക്രിസ്തുയേശു നമുക്കും നൽകിതന്നത്. അതിനാൽ ഇത്ര നല്ലൊരു രാജ്യത്തെപറ്റിയും അതിലെ രാജാവിനെ പറ്റിയും അതിൽ ലഭിക്കുവാൻ പോകുന്ന ജീവിതത്തെപറ്റിയും മറ്റൊരാൾക്കുകൂടി പരിചയപ്പെടുത്തുവാൻ നാമെന്തിന് മടിക്കണം!

ഒന്നാമതായി നാം ചെയ്യുവാനുള്ളത് ഈ ഭൂമിയിൽ ജീവിക്കുവാൻ ദൈവം നമുക്ക് തന്നിരിക്കുന്ന ആയുസ്സ് തീരുന്നതിന് മുൻപേ നാം ദൈവരാജ്യത്തെ അന്വേഷിച്ച് കണ്ടെത്തി അതിന്റെ പൗരന്മാരാകുവാൻ തയാറാകുക. ഏറിയാൽ ഏഴുപതോ, എൺപതോ, നൂറോ വയസ്സ് മാത്രമുള്ള ഈ ജീവിതത്തിൽ താങ്കൾ എടുക്കണ്ടതായുള്ള അതിപ്രധാനമായ തീരുമാനമത്രെ അത്. മരണം വന്ന് വിളിക്കുന്ന നിമിഷം നാം അറിയാതിരിക്കുകയാൽ അതിനു മുൻപേ ഈ തീരുമാനം എടുക്കുവാനത്രെ ദൈവം ആഗ്രഹിക്കുന്നത്. തന്നോട് ദൈവരാജ്യത്തെപറ്റി ചോദിച്ച യെഹൂദന്മാരോട് യേശു ഉത്തരം പറഞ്ഞത് ദൈവരാജ്യം നിങ്ങളിൽത്തന്നെ ഉണ്ടല്ലോ (NKJV). (ലൂക്കോ;17:21) എന്നാണ്.

## പെനിയേൽ വിബിഎസ്, കോട്ടയം



ഉയർന്ന നിലവാരം പുലർത്തി പൊൻകുന്നം ഉള്ളയം പെനിയേൽ വിബിഎസ്.2017 ഏപ്രിൽ 18 മുതൽ 22 വരെ പെനിയേൽ ചർച്ച് ഓഫ് ഗോഡ് നടത്തിയ വിബിഎസ് 2017 വമ്പിച്ച വിദ്യാർത്ഥി പങ്കാളിത്തം കൊണ്ടും ആശയ വൈവിധ്യം കൊണ്ടും ജനശ്രദ്ധ ആകർഷിച്ചു.നിറഞ്ഞ സദസിനെ സാക്ഷിയാക്കി 25 ഓളം കുഞ്ഞുങ്ങൾ ക്രിസ്തുവിനുവേണ്ടി ശിഷ്ടകാലം സമർപ്പിച്ചത് ഏറെ പ്രതീക്ഷ നൽകുന്നതാണ്.സമർപ്പണം ഉള്ള കുഞ്ഞുങ്ങളെ കണ്ടെത്തി ഞായറാഴ്ചകളിൽ അവർക്കായി സൺഡേ ബൈബിൾ സ്ക്കൂൾ (SBS) ആരംഭിച്ചത് ഈ വിബിഎസിന്റെ നേട്ടമാണ്.അതിലൂടെ ക്രിസ്തുവിനെ അറിയാത്ത കുടുംബങ്ങളിൽ നിന്ന് വന്ന ബഹുഭൂരിപക്ഷം വിദ്യാർത്ഥികളുടേയും കുടുംബങ്ങളിലേക്ക് ചെന്നെത്തുവാൻ സഭ ശ്രമിച്ചു വരുന്നു.ചാരിറ്റി പ്രവർത്തനങ്ങൾ,ലഹരി വിരുദ്ധ കൂട്ടായ്മകൾ,പരസ്യ യോഗങ്ങൾ എന്നിവയിലൂടെ സമൂഹത്തിലേക്ക് ക്രിസ്തുവിന്റെ സ്നേഹവുമായി ഇറങ്ങിചെല്ലാൻ സഭ ആവോളം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ***കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ഗ്ലാഡ്സൺ (ഫോൺ:+91 95 26 69 69 68).***

Congratulations



Prayerful wishes to **Bro. Jiji Varghese** (APPSYS Dammam) who has been selected as the only delegate from Kingdom of Saudi Arabia to participate in the Leader Seminar organized by Haggai Institute from May 5th at Hawaii, USA.

Haggai Institute is an international organization that endeavors to equip and inspire strategically-positioned leaders to more effectively demonstrate and present the Gospel of Jesus Christ, and to prepare others to do the same.

HH Studio

## മീഡിയാ മാനേജ്മെന്റിൽ ഡോക്ടറേറ്റ് ലഭിച്ചു



ബഹറിനിൽ കഴിഞ്ഞ 32 വർഷത്തെ മീഡിയാ രംഗത്തുള്ള വിവിധ സേവനങ്ങളെ മുൻനിർത്തി കോമൺവെൽത്ത് വൊക്കേഷണൽ യൂണിവേഴ്സിറ്റി ഹലോ ഹോപ്പിന്റെ മാനേജിംഗ് എഡിറ്ററും ഡയറക്ടറുമായ ചെറിയാൻ മാത്യൂസിന്, ദുബായ് 'അറ്റ്ലാന്റിസ് പാമി' ൽ വച്ച് നടന്ന പ്രൗഢമായ ചടങ്ങിൽ ഹോണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു. പരിമിതമായ സാഹചര്യങ്ങളും സംവിധാനങ്ങളുമുപയോഗിച്ച്സമൂഹനന്മക്കായി വ്യത്യസ്ത നിലകളിൽ മികവ് പുലർത്തിയവരാണ് വിവിധ രാജ്യങ്ങളിൽ നിന്ന് ഹോണററി ഡോക്ടറേറ്റിന് അർഹരായത്. ബഹ്റിനിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏകവ്യക്തിയായിരുന്നു ചെറിയാൻ മാത്യൂസ്.



# വിശുദ്ധനായ ദൈവവും ഭൂമിയിലെ വിശുദ്ധന്മാരും



പാസ്റ്റർ പി.എം. ജോയി

*(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

ദൈവം നമ്മെ വിശുദ്ധീകരിച്ച് രക്ഷിച്ചത് തന്നേപ്പോലെ ആയിത്തീർന്ന് നിത്യതയിൽ തന്നോടൊത്ത് ജീവിക്കുവാൻ കഴിവുള്ള ഒരു കൂട്ടം ജനമായിത്തീരേണം എന്നുള്ള പരമപ്രധാനമായ ഉദ്ദേശത്തോടെയാണ്. നാം ലോകത്തിന്റെ മാലിന്യം ഏറ്റ് നശിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാം ദൈവത്തിന്റെ വകയായി വേർപെട്ട് വിശുദ്ധ ജീവിതം നയിച്ച് നിത്യതയിൽ തന്നോടൊത്ത് ജീവിക്കണം. അതിന് നാം യേശുവേപ്പോലെയാകണം. അങ്ങനെയെങ്കിൽ ആ മഹത്വപൂർണ്ണതയുള്ള പ്രത്യാശയായ നിത്യരക്ഷ നാം കരസ്ഥമാക്കും.

### *3. ദൈവവചനം കർശനമായി വിശുദ്ധി ആവിശ്യപ്പെടുന്നു:*

റോമ.12:1 ,2. 'സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നി ങ്ങളെ പ്രബോധിപ്പിക്കുന്നത്; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ'.

ലോകത്തോടനുരൂപമാകുക എന്ന് പറയുമ്പോൾ പലരും ധരിച്ചിരിക്കുന്നത് ബാഹ്യമായുള്ള നമ്മുടെ ചില പ്രകടനങ്ങളെക്കുറിച്ച് മാത്രമായി ഒതുക്കുവാൻ നോക്കുന്നു. നിസ്സാരമായ ചില ബാഹ്യകാര്യങ്ങളെ ഒരുവന് ഏത് നിമിഷവും നിർത്താം. ഉദാഹരണമായി മദ്യപാനം, പുകവലി മുതലായിട്ടുള്ളവ. ഇതിനെക്കുറിച്ച് വാദപ്രതിവാദങ്ങൾ നടത്തി സമയം കളയുകയും നീ തീകരണം, വിശുദ്ധീകരണം മുതലായി ആഴമായ പ്രാധാന്യം അർഹിക്കുന്ന ആന്തരീക രൂപാന്തരത്തിന്റേയും സ്വഭാവ ശുദ്ധീകരണത്തിന്റേയും കാര്യം മറന്ന് കളയുകയും ചെയ്യുന്നത് നല്ലതല്ല. ദൈവം അതിനെ ശാസിക്കുയയാണ്. ഇതാണ് പരീശഭക്തി. കപട ഭക്തിക്കാരായ പരീശന്മാരെ കർത്താവ് ശാസിക്കുന്നു ( മത്താ. 23:23,24 ).

നിസ്സാരമായ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയും ഘനമേറിയ കാര്യങ്ങൾ അവഗണിക്കുകയും ചെയ്യുക. നാം രൂപാന്തരം പ്രാപിക്കുവാൻ വിളിക്കപെട്ടവരാണെങ്കിൽ ഈ ലോകത്തിലെ വ്യവസ്ഥകൾക്ക് മീതെ ഉയർന്ന് നില്ക്കേണം. നാം ലോകത്താൽ നയിക്കപ്പെടുകയല്ല

പിന്നെയോ ലോകത്തിന്റ പോക്കിനെ മറികടന്ന് ഉന്നതമായ ഒരു വിളിയും ജീവിത ശൈലിയും ഉള്ളവരായി ഉയർന്ന് നിൽക്കേണം. അത് കൈവരിക്കുവാ? ദൈവവും നാമും ഒരുപോലെ പങ്കാളികളാകേണം.

### *ദൈവം നമുക്ക് എന്ത് ചെയ്യുന്നു ?*

രൂപാന്തരപ്പെടുത്തുന്ന ദൈവം തന്റെകൃപ നമ്മിൽ പകർന്ന് പരിശുദ്ധാത്മാവിനെ നമ്മിൽ നടുന്നു. ഇവ എല്ലാം ഒരു പരിശുദ്ധ ജീവിതം വാർത്തെടുക്കുവാൻ നമ്മെ സഹായിക്കുന്ന ഉപകരണങ്ങളാണ്.

### *മനുഷ്യൻ എന്ത് ചെയ്യണം?*

ദൈവം നമ്മിൽ പകർന്ന ദിവ്യശക്തി എത്ര വലുതാണെങ്കിലും നാം അത് ഉപയോഗിക്കുന്നില്ലായെങ്കിൽ യാതൊരു ഫലവും ഉണ്ടാവുകയില്ല. ഒരു വിശുദ്ധ ജീവിതം വാർത്തെടുക്കുവാൻ ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ദിവ്യ ഉപകരണങ്ങൾ ഉപയോഗിച്ച് ദൈവപ്രസാദമുള്ള ഒരു ജീവിതം നയിക്കാം. മനുഷ്യന്റെ കഠിനമായ പ്രയത്നം കൂടാതെ ഇന്ദ്രജാലം കൊണ്ട് ഒരു മനുഷ്യനേയും തന്നോളം വിശുദ്ധനാക്കുന്നില്ല. ആവർത്തിച്ചുള്ള നമ്മുടെ പ്രയത്നത്താൽ സാവധാനം നമ്മുടെ സ്വഭാവം ദൈവസ്വഭാവം പോലെ ആക്കിത്തീർക്കുന്നു. വികാരം നമ്മെ പെട്ടെന്ന് ഇളക്കി വിട്ടേക്കാം. എന്നാൽ സ്വഭാവവല്ക്കരണം സാവകാശത്തിൽ പ്രവർത്തിക്കും. നമ്മുടെ പ്രവൃത്തി പലപ്പോഴായി ആവർത്തിക്കുമ്പോൾ ശീലമായി തീരുന്നു. ശീലം സ്വഭാവമായിമാറുന്നു. പണ്ട് അജ്ഞാന കാലത്ത് വാർത്തെടുത്ത മാതൃക അത് പൂർണ്ണമായും അടിച്ചുടച്ച് ഉരുക്കി പുതിയ മാതൃക വാർത്തെടുക്കണം. ദിനന്തോറും ക്രൂശിക്കപ്പെടുന്നതിന്റേയും സ്വയ ത്യാഗത്തിന്റെയും വേദനയുടേയും അനുഭവമില്ലാതെ അതു സാധിക്കുകയില്ല. നമ്മെ വിളിച്ച വിശുദ്ധനായ ദൈവം അതിനു നമ്മെ സഹായിയ്ക്കും, ശക്തി നല്കും, കൃപ നല്കും.

### *രൂപാന്തരപ്പെടുക!*

ജീവനുള്ള ആരാധനയ്ക്കായി സമർപ്പിച്ചിരിക്കുന്ന വീശുദ്ധന്മാർ ഉന്നതമായ ആത്മീക അച്ചടക്കം പാലിക്കുന്ന ജനമായിരിക്കും. വിശുദ്ധന്മാർ കർക്കശമായി ദൈവാരാജ്യത്തെ പിന്തുടരുന്നവരാണ്. ആഴമായ ആത്മീക കാഴ്ചപ്പാടുള്ളവരായിരിക്കും അക്കൂട്ടർ. രൂപാന്തരപ്പെടുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം പൗലോസ് അപ്പോസ്തോലൻ ഉപദേശിക്കുന്നത് മനസ്സ് പുതുക്കുക എന്നതാണ്. വളരെ ഗൗരവ്വമുള്ള ദൈവീകവിഷങ്ങളിൽ ശിക്ഷണത്തോടുകൂടി ആഴമായ അവബോധം കൊണ്ട് മാത്രമേ അത് സാധിക്കൂ. ദൈവവചനത്തിന്റെ ആഴമായ അറിവിൽകൂടി മനസ്സ് പുതുക്കപ്പെട്ട വ്യക്തികളെയാണ് ദൈവത്തിനാവശ്യം. ദൈവത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും ഉള്ള ശരിയായ ഒരറിവ് നമ്മെ ഒരു യഥാർത്ഥ രൂപാന്തരത്തിലേക്ക് നയിക്കും. ആത്യന്തികമായി നാം യേശുവിനെ പോലെ ആയിത്തീരേണ്ടതിനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. യേശുവിന്റെ ദിവ്യത്വ പദവിയിൽ നാം എത്തുകയില്ലെങ്കിലും യേശുവേപ്പോലെ നാം ആകേണം. നമ്മിലെ മനുഷ്യൻ പൂർണതയുള്ള യേശുവിന്റെ മനുഷ്യനെ പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടിയായിരിക്കണം. നമ്മെ വിശുദ്ധന്മാർ എന്ന് വിളിക്കുന്നത് നമ്മിലുള്ള വിശുദ്ധിയുടെ അളവ് കൂടിയതുകൊണ്ടല്ല, പിന്നെയോ നമ്മെ വിളിച്ച വിശുദ്ധനായ ദൈവത്തിന്റെ മക്കളായതുകൊണ്ടാണ്. വിശുദ്ധൻ എന്നതുകൊണ്ട് പാപം ഇല്ലാത്ത അവസ്ഥ എന്നല്ല (1 യോഹ. 1:7,8). ദൈവീക വിശുദ്ധിയിലേക്ക് ദിനംതോറും വളർച്ച പ്രാപിച്ച് ക്രിസ്തു എന്ന തലയോളം വളർന്ന് ഒടുവിൽ യേശുവിന്റെ പ്രത്യക്ഷതയിൽ നാം അവനെ താൻ ഇരിക്കുന്നതുപോലെ കാണേണ്ടതാകകൊണ്ട് അവന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടും. നമ്മിൽ വസിക്കുന്ന പരിശുത്മാവിനറിയാം വിശുദ്ധി എന്താണെന്ന്. പരിശുത്മാവിന്റെ ഉപദേശം ഒരിക്കലും നിരസിക്കരുത്.

ഗലാ. 5:1921 'ദൈവരാജ്യം നഷ്ട്ടമാകുവാൻ' സാദ്ധ്യതയുള്ള പ്രവൃത്തികളെ കാണാം. ബാഹ്യമായും ആന്തരികമായും ജഡത്തിലും ഹൃദയത്തിലും കൂടി ചെയ്യുന്ന പാപത്തിന്റെ ശീലം ജീവിതസ്വഭാവമായിരിക്കുന്ന വ്യക്തികൾക്ക് സ്വർഗ്ഗരാജ്യം നഷ്ട്ടമാകും. നേരെമറിച്ച് ആത്മാവിനെ അനുസരിച്ച് ഗലാ.5:22,23 ഈ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ആത്മാവിന്റെ ഫലം പുറപ്പെടുവിച്ച് ജീവിക്കുവാൻ ദൈവം എല്ലാ പ്രിയ വായനക്കാരേയും സഹായിക്കട്ടെ.

'വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്നു, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏകദൈവത്തിനു തന്നെ, സർവ്വകാലത്തിനുമുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ. ആമേൻ.

# ഒരുമയുടെ നിറവിൽ ബി.എം.സി.സി









*(.....1-ാം പേജിൽ നിന്നും തുടർച്ച)*

സ്മാർട്ട് ഫോൺ മാത്രമല്ല ഇന്റർനെറ്റിന്റെ സഹായത്തോടുകൂടി ആശയവിനിമയ സംവിധാനത്തിന് നാം ഉപയോഗിക്കുന്ന എല്ലാ കാര്യങ്ങളേയും സോഷ്യൽ മീഡിയ എന്ന പേരിട്ട് വിളിക്കാം.ഇത് ഉപയോഗിക്കുന്നവരുടെ എണ്ണം ദിനം പ്രതി കൂടികൊണ്ടിരിക്കുന്നു.തന്മൂലം ലജ്ജ,രഹസ്യം,പാപം എന്നീ പദങ്ങൾക്ക് അർത്ഥമോശം സംഭവിച്ച് അതിന്റെ വിലയിടിച്ചു കളഞ്ഞിരിക്കുന്നു.നാം ഈ വിഷയത്തിൽ ബോധവാന്മാരേകേണ്ട സമയം അതിക്രമിച്ചരിക്കുന്നു.അതുകൊണ്ട് ഇത് ചർച്ച ചെയ്യപ്പെടേണ്ടതിന്റെ ആവിശ്യകതയെ താൻ എടുത്തു പറഞ്ഞു.

ചർച്ച ചെയ്യേണ്ടതിന്റെ സൗകര്യാർത്ഥം ആറ് വിഷയങ്ങളായി തരം തിരിച്ചു.

*1. സോഷ്യൽ മീഡിയയുടെ ഉപയോഗങ്ങൾ*
*2. സോഷ്യൽ മീഡിയയുടെ ദുരുപയോഗങ്ങൾ*
*3. നാം ഇതിനെ നിയന്ത്രിക്കുവാൻ മുൻകരുതലുകളായി എന്തൊക്കെ ചെയ്യണം(വ്യക്തിപരമായി,കുടുംബമായി,സഭയായി)*
*4. സുവിശേഷീകരണവും ആത്മീക വളർച്ചയും*
*5. കുഞ്ഞുങ്ങളെ എങ്ങനെ നമുക്ക് ബോധവൽക്കരിക്കാം*
*6. സോഷ്യൽ മീഡിയയും സഹോദരിമാരും*

സഹോദരന്മാർ 4 ഗ്രൂപ്പായി തിരിഞ്ഞ് ആദ്യ നാല് വിഷയവും സഹോദരിമാർ 2 ഗ്രൂപ്പായി തിരിഞ്ഞ് അവസാനത്തെ 2 വിഷയവും ചർച്ച ചെയ്തു. ഗ്രൂപ്പ് അംഗങ്ങളുടെ അഭിപ്രായങ്ങൾ ലീഡേഴ്സായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ ബിജോ ബാബു, ബ്രദർ ജോർജ് ഉമ്മൻ, ബ്രദർ സണ്ണി തോമസ്, ബ്രദർ രാജീവ് സ്റ്റ്യുവർട്ട്, സിസ്റ്റർ: ബേബി ജോസ്, സിസ്റ്റർ ലിസി വർഗീസ് എന്നിവർ പൊതുവായി അവതരിപ്പിച്ചു.

പൗലോസിന്റെ തീരുമാനം –'സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ.സകലവിധ ദോഷവും വിട്ടകലുവിൻ' (1തെസ്സ.5:2122). 'സകലത്തിലും എനിക്ക് കർത്തവ്യം ഉണ്ട് എങ്കിലും സകലവും പ്രയോജനമുള്ളതല്ല.സകലത്തിലും എനിക്ക് കർത്തവ്യം ഉണ്ട് എങ്കിലും ഞാൻ യാതൊന്നിന്നും അധീനനാകയില്ല' (1കൊരി.6:12).

സങ്കീർത്തനക്കാരന്റെ തീരുമാനം–'ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിനു മുമ്പിൽ വെക്കുകയില്ല;ക്രമംകെട്ടവരുടെ പ്രവർത്തിയെ ഞാൻ വെറുക്കുന്നു; അതു എന്നോട് ചേർന്നു പറ്റുകയില്ല'(സങ്കീ.103:3).

ശലോമോന്റെ മുന്നറിയിപ്പ്–'ദൈവം നല്ലതും തീയതുമായ സകലപ്രവൃത്തിയേയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ' (സഭാപ്ര.12:14)

കർത്താവിന്റെ മുന്നറിയിപ്പ്–'ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്നു സൂക്ഷിച്ചുകൊൾവിൻ'(ലൂക്കോ.8:18). ഇന്നത് ചെയ്യണം എന്ന തിരിച്ചറിവുള്ള കാലജ്ഞന്മാരെക്കുറിച്ച് (1 ദിന.12:32) പറയുന്നതുപോലെ നമുക്കും ആയിമാറാം.

ആദ്യമായി ഭൂമിയിൽ ജനിച്ച കുഞ്ഞിന് ദൈവം നൽകിയ കൽപ്പന പാപം നിന്റെ വാതിൽക്കൽ കിടക്കുന്നു;അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു; നീയോ അതിനെ കീഴടക്കേണം.

നാം അതിന് കീഴടക്കിയില്ലെങ്കിൽ നമ്മെ അത് കീഴടക്കും.പ്രാർത്ഥനാ വിഷയങ്ങളിൽ ഒരു പുതിയ വിഷയമായി സോഷ്യൽ മീഡിയകൾ ശരിയായി ഉപയോഗിക്കാൻ നമ്മേയും നമ്മുടെ കുഞ്ഞുങ്ങളേയും സഹായിക്കണമേ എന്നുകൂടി ഉൾപ്പെടുത്തണമെന്ന ആഹ്വാനത്തോടെകൂടെ ചർച്ചകൾക്ക് വിരാമമായി.

എജി ചർച്ചിലെ കുഞ്ഞുങ്ങൾ ധൂർത്ത പുത്രന്റെ കഥയെ ആസ്പദമാക്കി ഒരു മ്യൂസിക്കൽ പ്രസന്റേഷൻ അവതരിപ്പിച്ചു.ബൈബിൾ ട്രാൻസലേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനായ എൻ.എൽ.സി.ഐ യുടെ പ്രവർത്തകനായ ബ്രദർ:ഷിബു കുര്യൻ തങ്ങളുടെ പ്രവർത്തനത്തെ പരിചയപ്പെടുത്തി.പ്രധാന സന്ദേശം നൽകിയ ഇവാ.ഷാജി മാത്യൂസ് 20 വർഷം അമേരിക്കയിൽ സയന്റിസ്റ്റായി ജോലി ചെയ്തനന്തരം ഇപ്പോൾ ഹിമാച്ചൽ പ്രദേശിൽ പൂർണ്ണസമയ സുവിശേഷവേലയിലായിരിക്കുന്നു.

സെക്രട്ടറി ബ്രദർ തോമസ് മാത്യു നന്ദി പറയുകയും ഡോക്ടർ പി.സി.എബ്രഹാം പ്രാർത്ഥിച്ചു ആശീർവാദത്തോടെ മീറ്റിംഗ് അവസാനിച്ചു.തുടർന്ന് വിഭവസമൃദ്ധമായ സദ്യയിലും പങ്കെടുത്തു എല്ലാവരും മടങ്ങിപോയി.







## Holy Spirit Empower 2017

മിഷൻ ഓഫ് ഇന്ത്യ, തിരുവനന്തപുരം വിതുരയിൽ സംഘടിപ്പിച്ച ഹോളി സ്പിരിറ്റ് എംപവർ 2017-ൽ പാസ്റ്റർ സഖറിയ എബ്രഹാം (സാബു), ദുബായ് ശുശ്രൂഷിക്കുകയും, ആഭിജിത്ത്, ആഭിജാ റാണി എന്നിവരെ സ്നാനപ്പെടുത്തുകയും ചെയ്തു.

HH Studio

# യാത്ര അയപ്പ് നൽകി



ഇടത്തുനിന്ന്: പാസ്റ്റർ ജേക്കബ് വി മാത്യു, ജോസ്‌ലിൻ എബ്രഹാം, സിസ്റ്റർ രമണി എബ്രഹാം, സുവി: ജോൺ ഫിലിപ്പോസ്, പാസ്റ്റർ എബ്രഹാം ജോൺ, സുവി: ജെയിംസ് സാമുവേൽ

നാൽപ്പതിലധികം വർഷം ബഹ്റിനിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും ജോലിയിലും ശുശ്രൂഷയിലും ആയിരുന്ന ദ ഫുൾ ഗോസ്പൽ ചർച്ച് ഓഫ് സുവാർത്തയുടെ പ്രസിഡന്റും സീനിയർ ശുശ്രൂഷകനുമായ പാസ്റ്റർ എബ്രഹാം ജോൺ നാട്ടിലേക്ക് മടങ്ങി. ബഹ്റിൻ സുവാർത്താ ചർച്ചിന്റെ വളർച്ചയ്ക്കായി പാ സ്റ്റർ എബ്രഹാം ജോൺ നൽകിയ നേതൃത്വത്തിനും ശുശ്രൂഷയ്ക്കുമുള്ള അംഗീകാരത്തിനു മായി പാസ്റ്റർ ജേക്കബ് വി മാത്യു മെമന്റോ നൽകി ആദരിച്ചു. ഭാര്യ-രമണി എബ്രഹാം, മകൻ-ജോ ജോൺ എബ്രഹാം, മകൾ- ജോസ്‌ലിൻ മേരി എബ്രഹാം, മരുമകൾ-റോസിലിന്റ് ജോ(ആസ്ട്രേലിയ).




Bouquet

വാക്കിനാലും പ്രവർത്തിയാലും ചെയ്യുന്നതെല്ലാം കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ചെയ്തും, യേശുക്രിസ്തു മുഖാന്തരം പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞു കൊണ്ടും ആയിരിപ്പാൻ(കൊലോ.3.17) കർത്താവ് എളിയവന്റെ സഹോദരങ്ങളെ ഈ സംരംഭത്തിലൂടെ സഹായിക്കുന്നതിനോടൊപ്പം അനേകരെ കർത്താവിന്റെ വരവിങ്കൽ ദൈവസന്നിധിയിൽ നിൽക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും പ്രിയ സഹോദരങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ.

**പാസ്റ്റർ മാത്തൻ ശാമുവേൽ**
ഐ.പി.സി ശാലോം, ബഹറിൻ

# നമ്മുടെ ദൌത്യം പൂർണ്ണമായോ?

*(....19-ാം പേജിൽ നിന്നും തുടർച്ച)*

ജനസംഖ്യ കൂടുതലുള്ള ജനവിഭാഗങ്ങളുടെ ഭാഷയിലേക്കുമാത്രം നാം വേദപുസ്തകം പരിഭാഷ ചെയ്താൽ മതിയോ?

10000-ൽ താഴെ ആളുകൾ സംസാരിക്കുന്ന 125 ഭാഷകളാണ് ഇന്ന് ഭാരതത്തിൽ നിലവിലുള്ളത്. അതിൽ പൂർണ്ണവേദപുസ്തകം3 ഭാഷകളിലും പുതിയനിയമം 10 ഭാഷകളിലും ലഭ്യമാണ്. ഇതി? 26 ഭാഷകളി? പരിഭാഷ പുരോഗമിക്കുന്നു. എന്നാ? 86 ഭാഷകളിലേക്ക് ഇതുവരേയും വേദപുസ്തകം പരിഭാഷ ചെയ്തിട്ടില്ല.

### *അച്ചടി ഇതര മാദ്ധ്യമങ്ങളിലൂടെ ദൈവവചനം*

ഇക്കഴിഞ്ഞ വർഷങ്ങളിൽ ദൈവവചനം ഉപയോഗിക്കുന്ന കാര്യത്തിൽ സാരമായ വ്യത്യാസം വന്നുകൊണ്ടിരിക്കുകയാണ്. മുമ്പ് അച്ചടിച്ച വേദപുസ്തകമായിരുന്നു ഉപയോഗിച്ചുകൊണ്ടിരുന്നതെങ്കിലും ഇപ്പോൾ 'ബൈബിൾ ആപ്ളിക്കേഷൻ' എന്ന സങ്കേതികവിദ്യ ഉപയോഗിച്ച് വേദപുസ്തകം സ്മാർട്ട് ഫോണിൽ ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. കുട്ടികൾക്കുള്ള സചിത്ര ആപ്പ് ഓഡിയോ ബൈബിൾ, ബൈബിൾ ആപ്പുകൾ ഇങ്ങനെ വിവിധ നിലകളിൽ ഡിജിറ്റൽ രൂപത്തിലും, ഉപയോഗ്രപദമാം വിധം വേദപുസ്തകം ഇന്നു ലഭ്യമാണെന്നോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ വളരെ കുറച്ച് ഇന്ത്യൻ ഭാഷകളിൽ മാത്രമേ പുതിയനിയമവും പഴയനിയമവും കേൾക്കുവാൻ കഴിയുന്ന വിധത്തിൽ ലഭ്യമായിട്ടുള്ളൂ. ന്യൂനപക്ഷ ഭാഷാവിഭാഗങ്ങളിലെ ആളുകൾ മിക്കപേരും വായിക്കുവാൻ അറിഞ്ഞുകൂടാത്തവരുമാണ്. അച്ചടിമാധ്യമത്തിൽ 75 ഭാഷകളിൽ പൂർണ്ണവേദപുസ്തകവും 83 ഭാഷകളിൽ പുതിയനിയമവും ലഭ്യമായിരിക്കുമ്പോൾ ശ്രവണമാധ്യമത്തിൽ പൂർണ്ണവേദപുസ്തകം 9 ഭാഷകളിലും പുതിയനിയമം 64 ഭാഷകളിലും മാത്രമേ ലഭ്യമായിട്ടുള്ളൂ. വേദപുസ്തക പരിഭാഷാ ശുശ്രൂഷയിൽ നമ്മുടെ മുമ്പിലുള്ള ആവശ്യങ്ങളിലും വെല്ലുവിളികളിലും ചിലതാണ് ഇവ. ദൈവവചനം ലഭ്യമല്ലാത്ത ഭാഷകളിലേക്ക് അച്ചടി രൂപത്തിലും ശ്രവണരൂപത്തിലും വേദപുസ്തകം പരിഭാഷ ചെയ്യുന്ന വലിയ വേലയിൽ പ്രാർത്ഥനാ സഹകാരികളായി, മിഷണറി പ്രവർത്തകരായി, സാമ്പത്തിക കൂട്ടായ്മയായി പങ്കാളിത്തം വഹിക്കുവാൻ ദൈവം കൃപചെയ്യട്ടെ.

*കൂടുതൽ വിവരങ്ങൾക്ക് +91 9495874558, Shibu_kurian@nlife.in. ബഹറിൻ: 36674585.*


ഡോ. പി.സി. എബ്രഹാം


മ്യൂസിക്കൽ പ്രസന്റേഷൻ, എ.ജി. ചർച്ച്

# BMCC GET TOGETHER 2017
# ഒരുമയുടെ നിറവിൽ ബി.എം.സി.സി

## Group Discussion Leaders


ബിജോ ബാബു


ജോർജ് ഉമ്മൻ



സണ്ണി തോമസ്


രാജീവ് സ്റ്റുവർട്ട്


ബേബി ജോസ്


ലിസി വർഗീസ്

# കർത്താവിൽ നിദ്ര പ്രാപിച്ചവർ



## എം.ജെ.തോമസ്

കോട്ടയം: മുട്ടമ്പലം മുട്ടത്തെട്ടു ശ്രീ.എം.ജെ.തോമസ് (പാപ്പച്ചൻ–81) ന്യൂയോർക്കിൽവെച്ച് കർത്ത്യസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സംസ്ക്കാര ശുശ്രൂഷ ഇന്ത്യാ പെന്തെക്കോസ്തൽ അസംബ്ലിയുടെ നേതൃത്വത്തിൽ Nassau Knolls, New York സെമിത്തേരിയിൽ നടന്നു.

***ഭാര്യ:*** അക്കാമ്മ, പുതുപ്പള്ളി വെട്ടത്ത് കുടുംബാംഗം.

***മക്കൾ:*** ജോൺ തോമസ് (ദോഹ),
അനു വർഗ്ഗീസ്(യു.എസ്.എ),
കുര്യൻ തോമസ് (യു.എസ്.എ),
ബിൻസി എബ്രഹാം (യു.കെ).

***മരുമക്കൾ:*** സൂസൺ ജോൺ(ദോഹ),
ജേക്കബ് വർഗ്ഗീസ്, ജീന കുര്യൻ(യു.എസ്.എ),
സജീവ് എബ്രഹാം(യു.കെ).

***കൊച്ചുമക്കൾ:*** മിഷേൽ മരിയൻ ജോൺ, മെൽവിൻ ജോൺ തോമസ്,
കെസിയ ആൻ, കെവിൻ വർഗ്ഗീസ്, നേഥൻ,
ഡാനിയേൽ എബ്രഹാം, അബീഗയിൽ.



## സാറാമ്മ ജോസഫ്

ചെങ്ങന്നൂർ പുത്തൻകാവ് തോട്ടുംകര ഉഷഗിരിയിൽ പി.സി.ജോസഫിന്റെ (ബാബു) ഭാര്യ സാറാമ്മ ജോസഫ് (70) കർത്താവിൽ നിദ്രപ്രാപിച്ചു. പരേത 'ഹലോ ഹോപ്പ് ' ഡയറക്ടർ & മാനേജിംഗ് എഡിറ്റർ ചെറിയാൻ മാത്യൂസിന്റെ ഭാര്യ ഉഷാ ചെറിയാന്റെ മാതാവാണ്.

*Our hearfelt condolences...*

# തക്ക തുണ

*HH Matrimonial*

Brethren parents living in USA since year 2013 prayerfully invites suitable proposals for their son (29/ height 185 cm.). Born and brought up in Kerala, he has Masters in Business Administration (Finance) and currently employed in a reputed Business firm in California. He is born again, baptized and an active member of the local assembly. Seeks proposals from parents of God fearing, born again, baptized and qualified girls.

**Email:**
**jesustheredeemer2016@gmail.com**

Brethren parents living in USA since year 2013 prayerfully invites suitable proposals for a suitable bridegroom for their daughter, who is born and brought up in Kerala, born again, baptized, spiritual and in active fellowship with the local assembly. She is 26 yrs old, 5.6 ft tall, BSc Nurse and currently employed in a reputed Hospital as RN in California. Contact with more details along with recent photographs (family photo preferable).

**Email:**
**jesustheredeemer2016@gmail.com**

Syrian Christian Pentecostal parents invite proposals for their only daughter (32,5'4",MSc) working in Kochi from parents of God fearing, Spirit filled and professionally qualified Pentecostal boys.

**Kerala Matrimonial**
**ID - E2615270**
**Contact Numbers:**
**India:**
**0091 4842893823**
**0091 8281853165**
**Bahrain**
**00973 38172259**
**00973 36770627**
**Email:**
**samueljohn53@ymail.com**

R.C Background Pentecostal parents invite proposals for their daughter (DOB 12.10.1990/152CM) BA. LLB working withlegal firm in Bengaluru, from parents of Born again, baptized professionally qualified and employed boys.

**Contact :**
**+91 9447534467,**
**+91 9207168691,**
**+91 9946775191**





Transforming Lives for a Better Future...

# Ebenezer International Holding Co. W.L.L.

Kingdom of Bahrain

**E**XCELLENCE
**B**RAVE
**E**XEMPLARY
**N**OBLE
**E**XCEPTIONAL
**Z**EALOUS
**E**FFICIENT
**R**ESPECT


















Dr. T.T. Thomas
Founder & Chairman

## Our Schools

### The New Indian School W.L.L.

ESTD. 1990

P.O. Box 33131, Isa Town, Kingdom of Bahrain, Tel: +973 17622350 Fax: +973 17622351
nischool@batelco.com.bh | www.thenewindianschool.org

### Ebenezer International Residential School

ESTD. 2001

Thottumalil Ebenezer Gardens, Ratnagiri, Pattithanam P.O., Ettumanoor, Kottayam - 686 631, Kerala.
School Office Tel : +91 481-2537797, Tel : + 91 481 2537783, 2538736, Fax : + 91 481 2536687
info@ebenezerirs.org | www.ebenezerirs.org

### Ebenezer Private School

British Curriculum

ESTD. 2006

P.O. Box 82099, Budaiya, Kingdom of Bahrain, Tel: +973 17404118, Fax: +973 17404236
info@ebenezerprivateschool.org | www.ebenezerprivateschool.org

**Ebenezer International Holding Company W.L.L.**
**Post Box: 33131, Tel:13114777, 17404118, Fax: 17404236, 13117000 , E-mail: info.ebenezerholdings.com**



STEERING

Managing & Responsible Editor: **Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN



© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.



Exclusive Gulf Representative
PHOENIX MARKETING & CREATIONS W.L.L
P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com

For Private Circulation only